കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചിറ്റാർ ഗ്രാമപ്പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് - 2018-19

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല
e-mail:lfadpta@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

***ഭരണഭാഷ-മാതൃഭാഷ***

കെ.എസ്.എ.പിറ്റിഎ.പി13/731/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട – 689 645

ഫോൺ: 0468 2223691
ഇ-മെയിൽ lfadpta@gmail.com
തീയതി: 16.09.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
ചിറ്റാർ ഗ്രാമപ്പഞ്ചായത്ത്.

സർ,

വിഷയം: ചിറ്റാർ ഗ്രാമപ്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റാർ ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.റ്റി.എ.പി13 /731/2019 തീയതി: 16.09.2019

**പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

**ചിറ്റാർ** ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപ്പഞ്ചായത്ത് 01.04.2018 മുതൽ 20.07.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീമതി വിജയലക്ഷ്മി പി.കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.07.2019 മുതൽ 07.08.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ അനിൽകുമാർ റ്റി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ശ്രീകുമാർ എസ്, ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി രവികല എബി | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ. രാജു വട്ടമല | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി ഷൈലജ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി ഓമന പ്രഭാകരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ റ്റി.കെ. സജി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ ഡി. ബാലചന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |

**മറ്റ് നിർവ്വഹണോദ്യോഗസ്ഥർ**

| | |
|---|---|
| **കൃഷി ഓഫീസർ** | |
| ശ്രീമതി നസീറാ ബീഗം | 01-04-18 മുതൽ 25.04.2018 വരെ |
| ശ്രീ രഞ്ജിത് എസ് (ഇൻ ചാർജ്ജ്) | 26.04.2018 മുതൽ 28.02.2019 വരെ |
| 2-9ശ്രീ മുഹമ്മദ് റിയാസ് | 28.02.2019 മുതൽ 31.03.2019 വരെ |
| **വെറ്ററിനറി സർജൻ** | |
| ഡോ. രാഹുൽ ആർ. നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)** | |
| ഡോ. സുജ എം.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ആയുർവേദം)** | |
| ശ്രീ ജയകുമാർ | 01.04.2018 മുതൽ 16.10.2018 വരെ |
| ഡോ. ശ്രുതി ആർ.എസ്. | 17.10.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ഹോമിയോ)** | |
| ഡോ. ഷീന എബി | 01.04.2018 മുതൽ 31.03.2019 വരെ |
| **അസിസ്റ്റന്റ് എഞ്ചിനീയർ** | |
| ശ്രീ രാഘവൻ പി. സി | 01-04-18 മുതൽ 02-08-18 വരെ |
| ശ്രീമതി അനിതാ കുമാരി എം. ടി | 03.08.2018 മുതൽ 31.03.2019 വരെ |
| **വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ** | |
| ശ്രീ ഗൗരി ശങ്കർ | 01.04.2018 മുതൽ 23.09.2018 വരെ |
| കുമാരി അഞ്ജലി സുരേഷ് | 24.09.2018 മുതൽ 31.03.2019 വരെ |
| **ഹെഡ്മിസ്ട്രസ്** | |
| ശ്രീ ചന്ദ്രൻ സി. കെ | 01.04.2018 മുതൽ 17.05.2018 വരെ |
| ശ്രീ സുദർശനൻ പിള്ള | 18.05.2018 മുതൽ 29.06.2018 വരെ |
| ശ്രീമതി ബീനാ ഗോപാൽ | 30.06.2018 മുതൽ 31.03.2019 വരെ |
| **ഐ.സി.ഡി.എസ്. സൂപ്പർവൈസർ** | |
| ശ്രീമതി വിജയകുമാരി | 01.04.2018 മുതൽ 31.03.2019 വരെ |
| **ഡയറി ഫാം ഇൻസ്ട്രക്ടർ** | |
| ശ്രീ. പ്രഭുലാൽ | 01.04.2018 മുതൽ 11.02.2019 വരെ |
| ശ്രീ.അനിയൻ | 12.02.2019 മുതൽ 31.03.2019 |
| **അസി. സെക്രട്ടറി** | |
| ശ്രീ ദീപേഷ് പി.റ്റി. | 01.04.2018 മുതൽ 31.03.2019 |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധം**

1. ബാലൻസ് ഷീറ്റ് - 2018-19
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2018-19
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2018-19
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | **ഭാഗം-1: പൊതു അവലോകനം** | |
| 1. | ബഡ്ജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | സാമ്പത്തിക വിശകലനം | 1-3 |
| 4. | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-4 |
| 5. | പദ്ധതി അവലോകനം | 1-5 |
| 6. | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-6 |
| 7. | തനത് വരുമാനം - ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ജനറൽ പർപ്പസ് ഗ്രാന്റ് ഒഴികെ) | 1-7 |
| 8. | ക്ഷേമപദ്ധതികൾ | 1-8 |
| 9. | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11. | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന | 1-11 |
| | **ഭാഗം-2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 12. | വസ്തുനികുതി നിർണ്ണയം നടത്തിയതിൽ അപാകത | 2-1 |
| 13. | എല്ലാ വ്യാപാര സ്ഥാപനങ്ങളും വ്യാപാര ലൈസൻസ് എടുക്കുന്നില്ല. | 2-2 |
| 14. | ലൈസൻസ് എടുക്കുന്നതിൽ സ്ഥാപനങ്ങൾ ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല | 2-3 |
| 15. | ലൈസൻസ് ഫീസ് ചട്ടപ്രകാരം ഈടാക്കുന്നില്ല | 2-4 |
| 16. | ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളുടെ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല | 2-5 |
| 17. | റേഷൻ റീട്ടെയിൽ ഡിപ്പോകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവ ലൈസൻസ് എടുക്കുകയോ സ്ഥാപന തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്യുന്നില്ല | 2-6 |
| 18. | ആഞ്ഞിലി മരങ്ങൾ ലേലം ചെയ്തില്ല | 2-7 |
| 19. | കളക്ഷൻ തുകയെക്കാൾ കൂടുതൽ തുക സഞ്ചയയിൽ പോസ്റ്റ് ചെയ്തു | 2-8 |
| 20. | ടെണ്ടർ ഫീസ് 2.8 ലക്ഷം രൂപ പഞ്ചായത്തിന് തിരികെ ലഭിച്ചില്ല | 2-9 |
| 21. | ഫാക്ടറിപ്പടി കൊടിത്തോപ്പ് റോഡ് റീ ടാറിംഗ് (209/19) – ബാരൽ വില ഈടാക്കിയില്ല | 2-10 |

| | ഭാഗം-3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
|---|---|---|
| 22. | ചിറ്റാറിന്റെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (LED) – അപാകതകൾ | 3-1 |
| 23. | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-2 |
| 24. | നവീകരിച്ച ബസ് സ്റ്റാന്റിൽ വയറിംഗ്, ലൈറ്റ് വാങ്ങി സ്ഥാപിക്കൽ (പ്രോ.നം.177/19) – മരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങൾ പാലിക്കാതെ പ്രവൃത്തി നടത്തി | 3-3 |
| 25. | കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ നിരസിച്ചു;പഞ്ചായത്ത് ഫണ്ടിന് ഭീമമായ നഷ്ടം | 3-4 |
| 26. | പട്ടികജാതി കോളനിയിൽ സ്ട്രീറ്റ് ലൈറ്റ് (LED) സ്ഥാപിക്കൽ – പദ്ധതി നിർവ്വഹണത്തിൽ ഗുരുതര പിഴവ് | 3-5 |
| 27. | വില്ലൂന്നിപ്പാറ എസ്.സി. സങ്കേതത്തിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ (125/19) – പട്ടികജാതി ഫണ്ടിന്റെ ക്രമവിരുദ്ധമായ വിനിയോഗം | 3-6 |
| 28. | ഓഫീസിലെ ഇലക്ട്രോണിക്സ് സാധനങ്ങൾക്ക് എ.എം.സി. (34/19) – സർക്കാർ നിശ്ചയിച്ച നിരക്കിനേക്കാൾ അധികം തുക നൽകി | 3-7 |
| 29. | പട്ടിക വർഗ്ഗ കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് (LED) വാങ്ങി സ്ഥാപിക്കൽ – പദ്ധതി നിർവ്വഹണത്തിൽ അപാകം | 3-8 |
| 30. | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ - വിലയുടെ യുക്തിഭദ്രത ഉറപ്പുവരുത്താതെ വാങ്ങൽ നടത്തി - വാങ്ങൽ നടപടികൾ സുതാര്യമല്ല | 3-9 |
| 31. | വർക്കിംഗ് ഗ്രൂപ്പിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശുപാർശ ഇല്ലാത്ത പ്രോജക്ടുകൾ | 3-10 |
| 32. | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണം - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-11 |
| 33. | അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല | 3-12 |
| 34. | പഞ്ചായത്ത് ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഉപേക്ഷിച്ചു; മണ്ണ് പരിശോധന, സ്ട്രക്ചറൽ ഡിസൈനിംഗ് എന്നിവയ്ക്ക് ചെലവഴിച്ച 178927 രൂപ പാഴായി | 3-13 |
| 35. | സബ്ട്രഷറി കെട്ടിടം സ്ട്രോങ്ങ് റൂം & ഫർണിഷിംഗ്; പദ്ധതി ലക്ഷ്യം കാണാതെ 6.86 ലക്ഷം രൂപ മുടങ്ങി കിടക്കുന്നു | 3-14 |
| 36. | ശബരിമല ഇടത്താവളം അടിസ്ഥാന സൗകര്യം ഒരുക്കൽ (74/2019) – തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയില്ല | 3-15 |
| 37. | സബ്ട്രഷറി കെട്ടിടം ഫർണിഷിംഗ് (181/19) – വാങ്ങൽ നടപടികൾ ക്രമവിരുദ്ധം | 3-16 |
| 38. | ഇടത്താവളം മെയിന്റനൻസ് (61/19) – ശബരിമല ഫണ്ടിന്റെ ദുർവിനിയോഗം | 3-17 |
| 39. | വൗച്ചറുകളുടെ പരിശോധന – വിവിധ കാരണങ്ങളാൽ തടസ്സപ്പെടുത്തുന്ന ചെലവുകൾ | 3-18 |
| 40. | ടി.എസ്.പി. ഫണ്ട് റോഡ് നിർമ്മാണത്തിന് ഉപയോഗിച്ചത് സർക്കാർ | 3-19 |

| | | |
|---|---|---|
| | ഉത്തരവിന് വിരുദ്ധം | |
| 41. | പി.എച്ച്.സി. സബ് സെന്റർ മെയിന്റനൻസ് (76/19) – പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിച്ചു | 3-20 |
| 42. | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ ടോയ്‌ലറ്റ് (224/19) – എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ഗുരുതര പിഴവ് | 3-21 |
| 43. | എയ്റോബിക് മാലിന്യ സംസ്കരണത്തിന് അടിസ്ഥാന സൗകര്യം (197/19) – പദ്ധതി ലക്ഷ്യം കണ്ടില്ല | 3-22 |
| 44. | അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങൽ- 46 കസേരകൾ കാണ്മാനില്ല | 3-23 |
| 45. | കട്ടിൽ വിതരണ പ്രോജക്ടുകൾ - കട്ടിലുകൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല | 3-24 |
| 46. | സെക്രട്ടറിയ്ക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന 16 പ്രോജക്ടുകൾ നടപ്പിലാക്കിയില്ല | 3-25 |
| 47. | ആശ്രയ പദ്ധതി നടത്തിപ്പ് നാമമാത്രം | 3-26 |
| 48. | ഇ.എം. എസ് ഭവനപദ്ധതി- നീക്കിയിരുപ്പ് തുക തിരിച്ചടയ്ക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 3-27 |
| 49. | സംയുക്ത പദ്ധതികൾക്കുള്ള അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നു - മാർഗ്ഗരേഖയുടെ ലംഘനം | 3-28 |
| 50. | പദ്ധതി നിർവ്വഹണത്തിനായി പ്രോജക്ടിൽ പ്രത്യേകം തുക വകയിരുത്തുന്നു | 3-29 |
| 51. | അങ്കണവാടിക്കെട്ടിടങ്ങളുടെ അധിക വാടക പഞ്ചായത്ത് നൽകുന്നില്ല | 3-30 |
| 52. | വനിതാ ഘടക പദ്ധതി - ഉദ്ദേശ്യം സാക്ഷാത്കരിച്ചില്ല | 3-31 |
| 53. | പൊതു ടാപ്പുകളുടെ വെള്ളക്കരം; പാഴ്ചെലവ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല | 3-32 |
| 54. | ആശുപത്രിക്ക് മരുന്നു വാങ്ങൽ- മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല | 3-33 |
| 55. | ഹരിത കർമ്മ സേനയ്ക്ക് വിഹിതം നൽകൽ (പ്രോ.നം.174/19) - പദ്ധതി നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കി | 3-34 |
| 56. | പൗരാവകാശ രേഖ പ്രസിദ്ധീകരണം (27/19) – വിതരണ വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല | 3-35 |
| 57. | വായനശാലയുടെ പ്രവർത്തനം തൃപ്തികരമല്ല | 3-36 |
| | **ഭാഗം 4: ഓഡിറ്റ് പ്രത്യവലോകനം** | |
| 58. | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 59. | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 60. | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 61. | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 62. | സ്ഥിര നിക്ഷേപം | 4-5 |
| 63. | ഓഡിറ്റ് റിക്കവറി | 4-6 |
| 64. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 65. | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 66. | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 67. | | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബഡ്ജറ്റ് 27-03-18 തീയതിയിലെ ഒന്നാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | - | 9971358 |
| വരവ് | - | 170441094 |
| ആകെ | - | 180412452 |
| ചെലവ് | - | 170989000 |
| നീക്കിയിരിപ്പ് | - | 9423452 |

തൻവർഷം ബജറ്റ് പുതുക്കി അംഗീകാരം വാങ്ങിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2018 | 30.04.2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9070896 |
| വരവ് | 85433796 |
| ആകെ | 94504692 |
| ചെലവ് | 72502184 |
| നീക്കിയിരിപ്പ് | 2202508 |

## 1-4 ഫണ്ട് വിനിയോഗം(എ).സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 19197000 | 19197000 | 16753879 | 2443121 | 87 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 6291000 | 6291000 | 4352300 | 1938700 | 69 |
| വികസന ഫണ്ട് - റ്റി.എസ്.പി | 0 | 1755000 | 1755000 | 1643800 | 111200 | 94 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6868000 | 6868000 | 6430053 | 437947 | 94 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 8688000 | 8688000 | 8688000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് - | 0 | 3833000 | 3833000 | 3833000 | 0 | 100 |

| റോഡിതരം | | | | | | |
|---|---|---|---|---|---|---|

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2018-19 | 239 | 95012500 | 182 | 58137943 | 43 | 82.01 |

## 1-6 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 12 | 3552575 | 3430825 | 97 |
| വെറ്ററിനറി സർജൻ | 7 | 7 | 4489000 | 2472750 | 55 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 1 | 1 | 1100000 | 1037846 | 94 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 600000 | 600000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 8 | 5 | 23533522 | 14443000 | 61 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8 | 4005900 | 3962013 | 99 |
| സെക്രട്ടറി | 46 | 30 | 14255896 | 6045848 | 42 |
| ഹെഡ്മിസ്ട്രസ് | 8 | 7 | 2658386 | 2376726 | 89 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 135 | 99 | 37859521 | 21250375 | 56 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1200000 | 1200000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 9 | 1457700 | 1018560 | 70 |
| **ആകെ** | **239** | **182** | **95012500** | **58137943** | **61** |

## 1-7 തനത് വരുമാനം - ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ജനറൽ പർപ്പസ് ഗ്രാന്റ് ഒഴികെ)

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുൻവർഷം (2017-18) | തൻവർഷം (2018-19) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3554239 | 3726183 | 171944 | (+)4.84% |
| നികുതിയേതര വരവുകൾ | 2211829 | 1987465 | 224364 | (-)11.29(%) |
| മറ്റ് വരവുകൾ | 40107 | 8599 | 31508 | (-)366% |
| ആകെ | 5806175 | 5713648 | 83928 | (-)1.47% |

മുൻവർഷത്തെ അപേക്ഷിച്ച് ഓഡിറ്റ് വർഷം തനത് വരുമാനത്തിൽ 1.47 ശതമാനത്തിന്റെ ഇടിവ് ഉണ്ടായിട്ടുണ്ട്.

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 220 | 2508200 |
| വിധവാ പെൻഷൻ | 781 | 8683500 |
| വാർദ്ധക്യകാല പെൻഷൻ | 1380 | 13284700 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 234 | 2907200 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 25 | 277200 |
| തൊഴിൽ രഹിത വേതനം | 9 | 13920 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03-08-19 തീയതിയിൽ 4 pm-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 10250 (പതിനായിരത്തി ഇരുനൂറ്റി അൻപത് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.07.2019 മുതൽ 16.07.2019 വരെ | 2019 മേയ്, ജൂൺ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.10.2016 മുതൽ 05.11.2016 വരെ | 2011-12 മുതൽ 2015-16 വരെ | 03.01.2017 |

# 1-11 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ-B2 യിൽ ദുരിതാശ്വാസ നിധിയായി 12029 രൂപ കാണിച്ചിരിക്കുന്നു. എന്നാൽ ഷെഡ്യൂൾ-B17 പ്രകാരവും ബാങ്ക് സ്റ്റേറ്റ്മെൻറ് പ്രകാരവും 5526 രൂപയാണ് നീക്കിയിരിപ്പുള്ളത്.

2. ഷെഡ്യൂൾ-B3 യിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുക 44303280 എന്നത് മുൻ വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ തുക തന്നെയാണ്. തൻ വർഷം ആസ്തി നിർമ്മാണത്തിനായി ചെലവഴിച്ച തുക ഷെഡ്യൂൾ-B3 യിൽ ഉൾപ്പെട്ടിട്ടില്ല.

3. ഷെഡ്യൂൾ-B11(a) യിൽ Capital work in progress ആയി 6688873 രൂപ കാണിച്ചിരിക്കുന്നു. എന്നാൽ ഇത്രയും തുക Part bill ആയി ചെലവഴിച്ചിട്ടില്ല. A E നൽകിയ റിപ്പോർട്ട് പ്രകാരം 2018-19 ൽ 152955 രൂപ മാത്രമാണ് Part bill ആയി നൽകിയിട്ടുള്ളത്.

4. ഷെഡ്യൂൾ-B18 ൽ ഡെപ്പോസിറ്റ് തുകയായി KWA KSEB എന്നീ ഏജൻസികൾക്ക് നൽകിയ തുക മുൻ വർഷത്തേത് തന്നെയാണ് കാണിച്ചിട്ടുള്ളത്. തൻ വർഷം KSEB യിൽ പ്രോജക്ട് നമ്പർ 43, 45, 46 എന്നിവ പ്രകാരം 14.83 ലക്ഷവും KWA യിൽ പ്രോജക്ട് നമ്പർ-171 പ്രകാരം 2.40 ലക്ഷവും GWD യിൽ പ്രോജക്ട് നമ്പർ-245 പ്രകാരം 66409

രൂപയും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. മുൻ വർഷത്തെ ബാലൻസ് തുകയിൽ നിന്നും തൻ വർഷത്തെ ഡെപ്പോസിറ്റ് തുകയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ച പദ്ധതി തുക ആസ്തിയായി മാറ്റേണ്ടതും ഷെഡ്യൂൾ-B18 കൃത്യമാക്കേണ്ടതുമാണ്.

5. ഷെഡ്യൂൾ-16, RP-7 എന്നിവ പ്രകാരം വികസന ഫണ്ട് (ജനറൽ), മെയിന്റനൻസ് ഗ്രാന്റ് (റോഡ്) എന്നീയിനത്തിൽ യഥാക്രമം 16753879, 8489269 എന്നീ തുകകൾ കാണിച്ചിരിക്കുന്നു. എന്നാൽ ACR പ്രകാരം ഇവ 16871419, 8688000 എന്നീ തുകകളാണ്.

6. തൻ വർഷം ജില്ലാ പഞ്ചായത്ത് വിഹിതമായി RP-7 ഷെഡ്യൂളിൽ 0 തുകയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ജോയിന്റ് വെഞ്ചർ പദ്ധതികൾക്കായി ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും തൻ വർഷം 2979294 രൂപ ചെലവുണ്ട്. വരവ് കൃത്യമാക്കേണ്ടതാണ്.

7. General Purpose grant ഇനത്തിൽ ഷെഡ്യൂൾ RP-7 പ്രകാരം 9522203 രൂപയാണ് വരവായി കാണിച്ചിട്ടുള്ളത്. എന്നാൽ ACR പ്രകാരം 8688000 രൂപ മാത്രമാണ് ഈ ഇനത്തിൽ വരവ്. അപാകത പരിഹരിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി നിർണ്ണയം നടത്തിയതിൽ അപാകത

വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിലെ ഓരോ മുറികൾക്കും വെവ്വേറെ നമ്പരിട്ട് നൽകുകയും വെവ്വേറെ വസ്തുനികുതി നിർണ്ണയം നടത്തുക വഴി പഞ്ചായത്തിന് വൻ തോതിൽ നികുതി നഷ്ടമുണ്ടാകുന്നു. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14-10-2011-ലെ 1-ാം നമ്പർ തീരുമാന പ്രകാരം 100 ച.മീ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ച.മീറ്ററിന് 35 രൂപയും 100 ച.മീറ്ററിന് മുകളിൽ 60രൂപയുമാണ്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം ഒന്നുതന്നെയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ച.മി | നിർണ്ണയിച്ച വസ്തുനികുതി നിരക്ക് (ച.മീ) | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി നിരക്ക് (ച.മീ) |
|---|---|---|---|---|---|
| 2 | 665 | ബ്രൈനി.പി.വർഗ്ഗീസ് | 20.31 | 50 | 60 |
| 2 | 666 | | 9.21 | | |
| 2 | 667 | | 11.63 | | |
| 2 | 668 | | 31.0 | | |
| 4 | 758 | വർഗ്ഗീസ് എബ്രഹാം | 47.98 | 50 | 60 |
| 4 | 759 | | 32.04 | | |
| 4 | 760 | | 32.24 | | |

മേൽ പറഞ്ഞ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-21/17-07-2019) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിച്ച് വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതാണെന്നാണ് അറിയിച്ചത്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 എല്ലാ വ്യാപാര സ്ഥാപനങ്ങളും വ്യാപാര ലൈസൻസ് എടുക്കുന്നില്ല.

വ്യാപാര ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം 191 സ്ഥാപനങ്ങളാണ് ലൈസൻസ് അപേക്ഷ നൽകിയത്.

പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 803 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 70 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 1 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 5 |
| ഓഫീസ് ആവശ്യം | 17 |
| വ്യവസായാവശ്യത്തിനുള്ള -കൈത്തറിഷെഡ്, കയർപിരിഷെഡ് | 39 |
| ഇതര വ്യവസായാവശ്യത്തിനുള്ളവ | 21 |
| ആകെ എണ്ണം | 956 |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം, പഞ്ചായത്ത് പരിധിയിൽ 956കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ 191 വ്യാപാര സ്ഥാപനങ്ങൾക്ക് മാത്രമാണ് പഞ്ചായത്ത് തൻവർഷം ലൈസൻസ് നൽകിയിട്ടുള്ളത്. പ്രസ്തുത കണക്കുകളിൽ നിന്നും ധാരാളം വാണിജ്യ-വ്യവസായങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ അപകടം ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാർഡ് മെമ്പർമാരും വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥരും അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ വാർഡുതല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ വർഷങ്ങളിൽ ലൈസൻസ് പിരിവ് 100% ആക്കി തനത് ഫണ്ട് സമാഹരിക്കാനുള്ള ഊർജ്ജിത ശ്രമം ബന്ധപ്പെട്ട ഉദ്യോഗസ്ഥതലത്തിലും ഭരണതലത്തിലും ഉണ്ടാകേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 ലൈസൻസ് എടുക്കുന്നതിൽ സ്ഥാപനങ്ങൾ ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. 2018-19 വർഷം 191 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിൽ 30 സ്ഥാപനങ്ങൾ ഒഴികെ മറ്റ് സ്ഥാപനങ്ങൾ എല്ലാം ചട്ടപ്രകാരമുള്ള സമയത്തിനു ശേഷമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ നിന്നും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഭൂരിപക്ഷം സ്ഥാപനങ്ങളും 01.04.2018 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ എല്ലാ സ്ഥാപനങ്ങളും തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും, അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

## 2-4 ലൈസൻസ് ഫീസ് ചട്ടപ്രകാരം ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങൾക്ക് 31.10.2017 - ലെ G.O.(P) No.80/2017/LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇത് പ്രകാരം 01.11.2017 പ്രാബല്യത്തിൽ പുതുക്കിയ ചട്ടം "ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ" എന്ന പേരിൽ

നിലവിൽ വന്നു. ഇതനുസരിച്ച് 01.11.2017 മുതൽ നൽകുന്ന ലൈസൻസ് ഭേദഗതി ചെയ്ത ചട്ടപ്രകാരം ആയിരിക്കേണ്ടതാണ്. എന്നാൽ 2018-19 വർഷത്തേക്കുള്ള ലൈസൻസ് നൽകിയിട്ടുള്ളത് അപ്രകാരമല്ല. തൻവർഷത്തെ ലൈസൻസ് പിരിവ് തുക മുൻവർഷത്തേക്കാൾ കുറവാണ്. 2017-18 വർഷം 171 വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഡി&ഓ ലൈസൻസ് ഇനത്തിൽ 169580രൂപയായിരുന്നു പഞ്ചായത്തിന് വരവ്. 2018-19 വർഷം 191 വ്യാപാര സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് വ്യാപാര ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ പിരിവ് 113900 രൂപയായി കുറയുകയാണുണ്ടായത്. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ അർഹമായ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ലെന്നാണ് വ്യക്തമാകുന്നത്. അപേക്ഷകർ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തുന്ന ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് തുകകൾ ആധാരമാക്കി ലൈസൻസ് തുക നിർണ്ണയിക്കുന്നതിനോടൊപ്പം തന്നെ സ്ഥാപനത്തിന്റെ സ്ഥലപരിശോധന, സ്ഥാപനത്തിന്റെ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ്, വാർഷിക വിറ്റുവരവ്, വ്യാപാരശേഷി, മറ്റു രേഖകൾ എന്നിവ പരിശോധിച്ച് അർഹമായ ലൈസൻസ് തുക ഈടാക്കേണ്ടതാണ്. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ വിശദാംശങ്ങളിൽ ചിലത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ ഉടമയുടെ പേര്/ വ്യവസായം | വാർഡ്/ കെട്ടിട നം. | അപേക്ഷ പ്രകാരമുള്ള മെഷിനറി (Hp) | അപേക്ഷപ്രകാരമുള്ള ഒരു ദിവസത്തെ വിറ്റുവരവ് | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|---|---|---|
| 1 | പി. റ്റി മാത്യു, പുത്തൻ വീട്, നീലി പിലാവ്, ഈട്ടിച്ചുവട്<br>സിമന്റ്, കമ്പി, പ്ളംബിംഗ് സാധനങ്ങളുടെ വിൽപ്പന | VII/ 501,502,503 | - | 2500 | 2000 |
| 2 | നൂറുദ്ദീൻ പി ജെ, പതാലിൽ, ചിറ്റാർ<br>ഹോളോ ബ്രിക്സ് നിർമ്മാണവും വിതരണവും | V/520 | - | 1000 | 1000 |
| 3 | ഷെഫീക്ക് അഹമ്മദ്, സൈന മൻസിൽ, കുലശേഖരപതി, പത്തനംതിട്ട.<br>ഹാർഡ് വെയേഴ്സ്, ടൈൽ വ്യാപാരം | IV/3. | - | 18000 | 1000 |
| 4 | തോമസ് ഫിലിപ്പ്, മാനേജിംഗ് ഡയറക്ടർ, ഡെൽറ്റ അഗ്രിഗേറ്റ്സ് & സാൻറ്, PVT Ltd, ചിറ്റാർ<br>ക്രഷർ യൂണിറ്റ് | IV/509 | 1137.5 HP | 50000 | 4000 |
| 5 | കെ റ്റി ഏബ്രഹാം, കാവുകണ്ടത്തിൽ,അങ്ങാടി, റാന്നി<br>ഗൃഹോപകരണ വിൽപ്പന | IV/529 | - | രേഖപ്പെടുത്തിയിട്ടില്ല | 2000 |
| 6 | മാനേജിംഗ് ഡയറക്ടർ, കെ. എസ്. ബി. സി, ശാസ്തമംഗലം, തിരുവനന്തപുരം | II/470 | - | 500000 | 4000 |

| | | | | | |
|---|---|---|---|---|---|
| | വിദേശ മദ്യം, സ്റ്റോക്ക്, വിൽപ്പന | | | | |
| 7 | മായ എ. എം, ആലുനിൽക്കും കാലായിൽ, വയ്യാറ്റുപുഴ<br>ഗ്ളാസ്, പ്ളൈവുഡ്, ഹാർഡ് വെയർ വ്യാപാരം | IV/599 | – | 2000 | 1000 |
| 8 | തോമസ് ഏബ്രഹാം, ചൂരത്തലക്കൽ, വയ്യാറ്റുപുഴ<br>ഇലക്ട്രിക്കൽ & പ്ളംബിംഗ് സാധനങ്ങളുടെ വിൽപ്പന | XI/807 | – | 2000 | 1000 |
| 9 | ഷെഹിൻ പി പരീത്, പുതുച്ചിറയിൽ, ളാഹ പി ഒ, പൊട്ടൻമൂഴി<br>ഹാർഡ് വെയർ വ്യാപാരം | II/208 | – | 20000 | 500 |
| 10 | ഹബീബ, പുതുച്ചിറയിൽ, ളാഹ പി ഒ, പൊട്ടൻമൂഴി<br>ഹാർഡ് വെയർ വ്യാപാരം | III/549,550 | – | രേഖപ്പെടുത്തിയിട്ടില്ല | 2000 |
| 11 | നിയാസ്, ഷാജി മാൻസിൽ, ചിറ്റാർ<br>ഓട്ടോമൊബൈൽ സ്പെയർ പാർട്ട്സ് | III/199 | – | 1000 | 500 |
| 12 | രാജു തോമസ്, തെക്കെതുണ്ടിൽ, വടശ്ശേരിക്കര<br>ഇലക്ട്രിക്കൽ & പ്ളംബിംഗ് സാധനങ്ങളുടെ വിൽപ്പന | III/600 | – | 5000 | 1000 |
| 13 | തോമസ് മാത്യു, ഇടിമണ്ണിക്കൽ, റാന്നി<br>സ്വർണ്ണം, വെള്ളി ആഭരണ വിൽപ്പന | II/509 | – | 70000 | 2000 |
| 14 | മാത്യു സൈമൺ, അടിയത്ത്, ചിറ്റാർ<br>ഇലക്ട്രിക്കൽ & പ്ളംബിംഗ് സാധനങ്ങളുടെ വിൽപ്പന | II/521 | – | 5000 | 500 |

"1996-ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ" എന്ന പേരിൽ ഭേദഗതി ചെയ്ത ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് സംബന്ധിച്ചുള്ള ആധികാരിക സ്ഥിരീകരണം ഉണ്ടാകുന്നില്ല. തുടർ വർഷങ്ങളിൽ ടി വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേതടക്കമുള്ള ശ്രദ്ധ ഉണ്ടാകേണ്ടതും മേൽ അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-5 ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളുടെ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ഇ.ഡി.സി.എൻ.പി.പി.എൽ. ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് അള്ളുങ്കൽ, അയ്യപ്പ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് കാരികയം എന്നീ സ്ഥാപനങ്ങളിൽ നിന്നും ഓഡിറ്റ് വർഷം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ടി വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (ഓഡിറ്റ് എൻക്വയറി നം 12, 30/07/19) നിലവിൽ ടി സ്ഥാപനങ്ങൾക്കെതിരെ നാട്ടുകാർ ബഹു ഹൈക്കോടതിയിൽ നാലു കേസുകൾ ഫയൽ ചെയ്തിട്ടുള്ളതിനാലാണ് ലൈസൻസ് ഫീസ് ഈടാക്കാതിരുന്നത് എന്ന മറുപടി സമർപ്പിച്ചിട്ടുണ്ട്. കേസ് നിലനിൽക്കുന്നുണ്ടെങ്കിലും ടി സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ടി കേസുകളിൽ പഞ്ചായത്ത് എതിർ കക്ഷി അല്ലാത്ത സ്ഥിതിക്ക് ലൈസൻസ് ഫീസ് ഈടാക്കാതിരുന്നത് ശരിയായ നടപടിയല്ല. ടി സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഉൾപ്പെടെയുള്ള ലൈസൻസ് തുക (പുതുക്കിയ നിരക്കിൽ) ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 2-6 റേഷൻ റീട്ടെയിൽ ഡിപ്പോകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവ ലൈസൻസ് എടുക്കുകയോ സ്ഥാപന തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്യുന്നില്ല

(എ) റേഷൻ റീട്ടെയിൽ ഡിപ്പോകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം.28/02.08.2019) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ബി) ക്ഷീരസഹകരണ സംഘങ്ങൾ

പഞ്ചായത്ത് പരിധിയിൽ 4 ക്ഷീരകർഷക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ലായെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം.28/02.08.2019) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ക്ഷീരകർഷക സംഘങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. വയ്യാറ്റുപുഴ കെ.യു.സി. എസ്.പി.റ്റി.53(D), ആപ്കോസ്
2. പടയണിപ്പാറ ക്ഷീരോല്പാദക സഹകരണ സംഘം
3. ചിറ്റാർ ക്ഷീരോല്പാദക സഹകരണ സംഘം. PT 54 (D) ആപ്കോസ് (ജനറൽ)
4. ചിറ്റാർ ക്ഷീരോല്പാദക സഹകരണ സംഘം. PT 54 (D) ആപ്കോസ് (വനിത)

മേൽ ക്ഷീരോല്പാദക സംഘങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അടിയന്തിരമായി ഈടാക്കുവാൻ ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും സെക്രട്ടറിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും ഒടുക്ക വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-7 ആഞ്ഞിലി മരങ്ങൾ ലേലം ചെയ്തില്ല

മൺപിലാവ് എൽ.പി സ്കൂൾ കോമ്പൗണ്ടിൽ നിൽക്കുന്ന ആഞ്ഞിലി മരം മുറിച്ചുമാറ്റുന്നതിനും വീണു കിടക്കുന്ന ആഞ്ഞിലി മരം ലേലം ചെയ്യുന്നതിനും 12-03-2019-ലെ 7(1)നമ്പർ പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതാണ്. ടി മരങ്ങൾക്ക് 09-05-2019 തീയതിയിൽ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ 90040 രൂപ വാല്യുവേഷൻ നിശ്ചയിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ടി മരങ്ങൾ 24-06-19 ൽ ലേലത്തിന് വെച്ചിട്ടുള്ളതും വാല്യുവേഷൻ തുകയേക്കാൾ കൂടുതൽ തുക ആരും വിളിക്കാഞ്ഞതിനാൽ ലേലം നടന്നിട്ടില്ലാത്തതുമാണ്. 29-07-19 തീയതി പുനർലേലം നടത്തിയിരുന്നെങ്കിലും മേൽ കാരണത്താൽ ലേലം

നടന്നിട്ടില്ല. വീണു കിടക്കുന്ന ആഞ്ഞിലി മരം മഴയും വെയിലുമേറ്റ് നശിച്ചുപോകുമെന്നതിനാലും സ്കൂൾ കോമ്പൗണ്ടിൽ നിൽക്കുന്ന ആഞ്ഞിലി മരം അപകടകരമായതിനാലും എത്രയും പെട്ടെന്ന് ക്വട്ടേഷൻ വിളിച്ച് ടി മരങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കമ്മിറ്റി തീരുമാനമുണ്ടാക്കേണ്ടതാണ്.

## 2-8 കളക്ഷൻ തുകയെക്കാൾ കുടുതൽ തുക സഞ്ചയയിൽ പോസ്റ്റ് ചെയ്തു

കെട്ടിടങ്ങളുടെ വസ്തുനികുതി മാന്വൽ രസീത് ഉപയോഗിച്ച് പിരിച്ച ശേഷം സഞ്ചയ സോഫ്റ്റ് വെയറിൽ പിരിച്ച തുകയേക്കാൾ കൂടിയ തുക പോസ്റ്റ് ചെയ്യുന്നു. ഇതുമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകുന്നു. താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയറിൽ ഈ രീതിയിലാണ് പോസ്റ്റ് ചെയ്തിരിക്കുന്നത്.

| വർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | രസീത് ബുക്ക്/ രസീത് നമ്പർ | രസീത് പ്രകാരം പിരിച്ച തുക | സഞ്ചയായിൽ പോസ്റ്റ് ചെയ്ത തുക | വ്യത്യാസം |
|---|---|---|---|---|---|---|
| 12 | 218 | ജനാർദ്ദനൻ | 9715/8 | 727 | 1409 | 682 |
| 1 | 472 | വിശ്വംഭരൻ | 9716/50 | 794 | 1588 | 794 |
| 1 | 471 | വിശ്വംഭരൻ | 9716/52 | 1134 | 2268 | 1134 |
| 2 | 650 | നിഷാദ് | 9716/54 | 1694 | 3388 | 1694 |
| 1 | 253 | മത്തായി വർഗ്ഗീസ് | 9716/55 | 124 | 248 | 124 |
| 1 | 320 | സുരേന്ദ്രൻ | 9716/56 | 456 | 912 | 456 |
| 1 | 489 | ഡേവിഡ് കെ.സി | 9716/74 | 1956 | 3912 | 1956 |
| 12 | 418 | നൈനാൻ | 9716/80 | 96 | 91 | 5രൂപ കറവ് |
| | | | | | ആകെ വ്യത്യാസം | 6845 |

മേൽ പറഞ്ഞ രീതിയിൽ യഥാർത്ഥത്തിൽ പിരിച്ച തുകയേക്കാൾ കൂടിയ തുകസഞ്ചയ സോഫ്റ്റ് വെയറിൽ പോസ്റ്റ് ചെയ്യുന്നതുവഴി സഞ്ചയായിലെ ഡിമാന്റ് കുറയുകയും ഇതുമൂലം പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വസ്തുനികുതി ലഭിക്കാതിരിക്കുന്ന സാഹചര്യവും ഉണ്ടാകുകയും ചെയ്യുന്നു. മേൽ പറഞ്ഞ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/17-07-2019) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചത്. ഇത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 ടെണ്ടർ ഫീസ് 2.8 ലക്ഷം രൂപ പഞ്ചായത്തിന് തിരികെ ലഭിച്ചില്ല

ഗ്രാമപഞ്ചായത്ത് 2015-16 മുതൽ 2018-19 വരെ കാലയളവിൽ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടറിംഗ് നടത്തിയപ്പോൾ ലഭിച്ച ടെണ്ടർ ഫോറത്തിന്റെ വില എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ഈ കാലയളവിൽ ടെണ്ടർ ഫീസ് ഇനത്തിൽ 284541 രൂപ ലഭിക്കുകയുണ്ടായി (2015-16 - ₹64856, 2016-17 - ₹13720, 2017-18 - ₹46050, 2018-19 - ₹159915). ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ തനത് വരുമാനമാണ്. പ്രസ്തുത തുക എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് നാളിതുവരെ വകമാറ്റി ലഭിച്ചിട്ടില്ല. ടെണ്ടർ ഫോറത്തിന്റെ വില പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ത്രിതല പഞ്ചായത്തുകളിലെ ഇ-ടെണ്ടറിംഗുമായി ബന്ധപ്പെട്ട് ഫീസുകളും മറ്റും ഒടുക്കുന്നതിന് അക്കൗണ്ട് തുടങ്ങുന്നതിനും അക്കൗണ്ട് വിവരങ്ങൾ ഇ-ടെണ്ടർ പോർട്ടലിൽ ചേർക്കുന്നതിനും 17.08.17-ലെ ഡി.ബി.1/7942/2010/സി.ഇ./എൽ.എസ്.ജി.ഡി. നമ്പർ സർക്കുലർ പ്രകാരം ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കുന്നതിന് അസി.എഞ്ചിനീയർ നടപടി സ്വീകരിച്ചിട്ടില്ല. പകരം എക്സി.എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലൂടെയാണ് ഇപ്പോഴും ടെണ്ടർ ഫീസ് സ്വീകരിച്ച് വരുന്നത്. അസി.എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് തുടങ്ങുന്നതിനും അക്കൗണ്ട് വിവരം ഇ-ടെണ്ടർ പോർട്ടിലിൽ ചേർക്കുന്നതിനും സത്വര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-10 ഫാക്ടറിപ്പടി കൊടിത്തോപ്പ് റോഡ് റീ ടാറിംഗ് (209/19) – ബാരൽ വില ഈടാക്കിയില്ല

2018-19 വർഷം പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള ഫാക്ടറിപ്പടി - കൊടുത്തോപ്പ് റോഡ് റീടാറിംഗ് പ്രവൃത്തിയുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടതായിരുന്നു. ബാരൽ വില ഈടാക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ 7868 രൂപയുടെ നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | കാലി ബാരലുകളുടെ എണ്ണം | ബാരൽ വില | ചെലവിന്റെ വിവരം |
|---|---|---|---|---|
| ഫാക്ടറിപ്പടി കൊടിത്തോപ്പ് റോഡ് റീ ടാറിംഗ് (2019/19) | ശ്രീ. വർഗ്ഗീസ് പി. | 28<br>(RS1 – 0.546 mt.<br>VG30 – 3900 mt.) | 7868<br>(6664+ 1204(ജി.എസ്.ടി) | 18/01.08.18 |

ബാരൽ വില ഈടാക്കാതിരുന്ന ഇനത്തിലുള്ള ടി നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം അസി.എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 ചിറ്റാറിന്റെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (LED) – അപാകതകൾ

I)<u>കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ച ഇനത്തിൽ പഞ്ചായത്തിന് 222880 രൂപയുടെ നഷ്ടം</u>

| | | |
|---|---|---|
| ചെലവ് | - | 1092000 |
| ട്രഷറി ബിൽ നം./തീയതി | - | 193/15.12.18 – 100000/-<br>194/15.12.18 – 992000 |

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 47/19 പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും 100000 രൂപയും, ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 992000 രൂപയും ഉൾപ്പെടെ 1092000 രൂപ വകയിരുത്തി ചിറ്റാറിന്റെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് (എൽ.ഇ.ഡി) പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കല്ലൂർ ഇലക്ട്രോണികസ് & ലൈറ്റിംഗ് പ്രൈ. ലി. എന്ന സ്ഥാപനത്തിൽനിന്നും 2500 രൂപ നിരക്കിൽ 437 ലൈറ്റുകൾ (KELL LED Street Light 30W) വാങ്ങിയ ഇനത്തിൽ 1092000 രൂപ ചെലവഴിച്ചു. ഈ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ ഭാഗമായി 15.08.2018-ൽ ഇ-ടെണ്ടർ ക്ഷണിച്ചതിൽ 6 ടെണ്ടറുകളാണ് ലഭിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടെണ്ടർ സമർപ്പിച്ച സ്ഥാപനം | ക്വോട്ട് ചെയ്ത നിരക്ക് | റിമാർക്സ് |
|---|---|---|---|
| 1 | സെന്റം ട്രേയ്ഡ് ലിങ്ക്സ്, എറണാകുളം | 1649 | നിരത ദ്രവ്യം ഒടുക്കുന്നതിൽനിന്നും ഒഴിവാക്കുന്നതിന് സാധുവായ രേഖകൾ ഹാജരാക്കിയില്ലെന്ന കാരണത്താൽ നിരസിച്ചു. |
| 2 | അമ്മിണി എനർജി സിസ്റ്റം പ്രൈ. ലി., തിരുവനന്തപുരം | 1760 | മുൻകാല സേവനം തൃപ്തികരമല്ലാത്തതിനാൽ ടെണ്ടർ നിരസിക്കുന്നതിന് കമ്മിറ്റി തീരുമാനിച്ചു |
| 3 | ഒബാർ ഓയിൽഫീൽഡ് സർവ്വീസസ് പ്രൈ.ലി., തിരുവനന്തപുരം | 2000 | സ്ഥാപനത്തിന് ഇലക്ട്രിക്കൽ സാധനത്തിന്റെ നിർമ്മാണത്തിനോ, വിതരണത്തിനോ അനുമയതിയുള്ളതായി കാണാത്തതിനാൽ ടെണ്ടർ നിരസിച്ചു |
| 4 | കല്ലൂർ ഇലക്ട്രോണിക്സ് & ലൈറ്റിംഗ് പ്രൈ.ലി., മുണ്ടക്കയം | 2500 | ടെണ്ടർ വ്യവസ്ഥകൾ എല്ലാം പാലിച്ചിട്ടുള്ളതിനാൽ ടെണ്ടർ അംഗീകരിച്ചു |
| 5 | ബോസ് ലൈറ്റ്, തിരുവനന്തപുരം | 3324.88 | ഉയർന്ന നിരക്ക് - ടെണ്ടർ നിരസിച്ചു |
| 6 | മെർക്കുറി ഇലക്ട്രിക്കൽ കോർപ്പറേഷൻ, തൃശ്ശൂർ | 3345 | ഉയർന്ന നിരക്ക് - ടെണ്ടർ നിരസിച്ചു |

കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത 3 ടെണ്ടറുകൾ നിരസിച്ചാണ് നാലാമത്തെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചത്. ഇ.എം.ഡി. ഒടുക്കുന്നത് ഒഴിവാക്കുന്നതിന് ഹാജരാക്കിയ രേഖകൾ സാധുവല്ല എന്ന കാരണത്താലാണ് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സെന്റം ട്രേയ്ഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ നിരസിച്ചിരിക്കുന്നത്. ഫയൽ പരിശോധിച്ചതിൽ രണ്ടാമത്തെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത അമ്മിണി എനർജി സിസ്റ്റം പ്രൈ.ലി. എന്ന സ്ഥാപനം പഞ്ചായത്തിന്റെ ടെണ്ടർ പരസ്യത്തിൽ നിഷ്കർഷിച്ചിരുന്ന എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ടാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളതെന്ന് കാണുന്നു. എന്നാൽ പ്രസ്തുത സ്ഥാപനം രേഖകളെല്ലാം ഹാജരാക്കിയെങ്കിലും മുൻ വർഷങ്ങളിൽ ഈ പഞ്ചായത്തിൽ ടെണ്ടർ നേടി പണി ചെയ്തുവെങ്കിലും കൃത്യമായ തുടർ പരിപാലനം ലഭ്യമാക്കാത്തതിനാലും വിതരണം ചെയ്ത സാധനങ്ങൾ പെട്ടെന്ന് നശിച്ചുപോയതിനാലും ഗുണമേന്മ കുറഞ്ഞതാണെന്നതിനാലും ഈ സ്ഥാപനത്തിന് ടെണ്ടർ നൽകേണ്ടതില്ലെന്നും 18.08.18-ൽ കൂടിയ കമ്മിറ്റി തീരുമാനിക്കുകയായിരുന്നു (I(8) നമ്പർ തീരുമാനം). മൂന്നാമത്തെ കുറഞ്ഞ നിരക്ക് നിർദ്ദേശിച്ച ഒബാർ ഓയിൽ ഫീൽഡ് എന്ന സ്ഥാപനത്തിന് ഇലക്ട്രിക്കൽ സാധനങ്ങളുടെ നിർമ്മാണത്തിനോ വിതരണത്തിനോ അനുമതിയുള്ളതായി കാണാത്തതിനാൽ നാലാമത്ത് ഉയർന്ന നിരക്കായ യൂണിറ്റ് ഒന്നിന് 2500 രൂപ രേഖപ്പെടുത്തിയ കല്ലൂർ ഇലക്ട്രോണിക്സ്, മുണ്ടക്കയം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് കരാർ നൽകുകയാണുണ്ടായത്. എല്ലാ വ്യവസ്ഥകളും പാലിച്ച് ടെണ്ടർ സമർപ്പിച്ച അമ്മിണി എനർജി സിസ്റ്റംസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ നിരസിച്ചതു മൂലം പഞ്ചായത്തിന് 323380 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഒന്നും മൂന്നും ടെണ്ടറുകൾ വ്യക്തമായ കാരണം കാണിച്ചാണ് നിരസിച്ചതെങ്കിലും, രണ്ടാമത്തെ കുറഞ്ഞ നിരക്കായ അമ്മിണി എനർജി സിസ്റ്റം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ നിരസിക്കുന്നതിന് പറഞ്ഞ കാരണങ്ങൾ അംഗീകരിക്കാവുന്നതല്ല. ISO 9001:2015 സർട്ടിഫിക്കേഷനുള്ളതും സംസ്ഥാനത്തെ ഇതര തദ്ദേശസ്ഥാപനങ്ങളിൽ വ്യാപകമായി തെരുവ് വിളക്കുകൾ വിതരണം ചെയ്യുന്നതുമായ ഒരു സ്ഥാപനത്തിന്റെ ഉല്പന്നത്തിന്റെ (സ്ഥാപനം സംസ്ഥാനത്തെ മുപ്പതിൽപരം തദ്ദേശസ്ഥാപനങ്ങളിൽ എൽ.ഇ.ഡി. ലൈറ്റുകൾ വിതരണം ചെയ്തിട്ടുള്ളതിന്റെ രേഖകൾ ടെണ്ടർ രേഖകൾക്കൊപ്പം ഹാജരാക്കിയിരുന്നു)ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് അവയുടെ സാമ്പിളുകൾ സർക്കാർ അംഗീകൃത ടെസ്റ്റിംഗ് ലാബുകളിൽ ടെസ്റ്റിംഗ് നടത്തി സർട്ടഫിക്കറ്റ് ലഭ്യമാക്കുകയാണ് വേണ്ടത്. അപ്രകാരം ചെയ്യാതെ പഞ്ചായത്ത് കമ്മിറ്റി ഏകപക്ഷീയമായി സാധനത്തിന്റെ ഗുണനിലവാര നിർണ്ണയം നടത്തിയത് അംഗീകരിക്കാനാവില്ല. കൂടാതെ സ്ഥാപനം മുൻവർഷങ്ങളിൽ പഞ്ചായത്തിന് സ്ട്രീറ്റ് ലൈറ്റുകൾ സപ്ലൈ ചെയ്യുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് തുടർ സേവനം നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥാപനത്തിനെതിരെ പഞ്ചായത്ത് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുള്ളതായോ, ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റി മീറ്റിംഗുകളിൽ ജനപ്രതിനിധികൾ എന്തെങ്കിലും ആക്ഷേപം ഉന്നയിക്കുകയോ കമ്മിറ്റി തീരുമാനം എടുക്കുകയോ ചെയ്തിട്ടുള്ളതായി

ഓഡിറ്റിന് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ലഭ്യമായ രേഖകൾ പ്രകാരം കഴിഞ്ഞ 10 വർഷത്തിനിടെ ടി സ്ഥാപനത്തിൽനിന്നും പഞ്ചായത്ത് വാങ്ങലുകൾ ഒന്നും നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 6/30.07.19) ലഭ്യമാക്കിയ മറുപടിയിൽ 2006-07 വാർഷിക പദ്ധതിയിൽ സിഡ്കോ മുഖേന വാങ്ങിയ ലൈറ്റുകൾ അമ്മിണി എനർജി സിസ്റ്റം എന്ന സ്ഥാപനത്തിന്റേതായിരുന്നുവെന്നും അവ സ്ഥാപിച്ചതിനുശേഷം ലൈറ്റുകൾ പെട്ടെന്ന് തന്നെ തകരാറിലായതായും അധികൃതർ വിശദീകരിച്ചു. എന്നാൽ പ്രസ്തുത വാദഗതി സാധൂകരിക്കുന്ന തെളിവുകൾ ഒന്നുംതന്നെ ഹാജരാക്കുന്നതിന് അധികൃതർക്കായിട്ടില്ല.

കൂടാതെ ഗുണനിലവാരം ഉറപ്പുവരുത്തിയല്ല കല്ലൂർ ഇലക്ട്രോണിക്സ് & ലൈറ്റിംഗ് പ്രൈ.ലി. എന്ന സ്ഥാപനത്തിൽനിന്നും വാങ്ങൽ നടത്തിയിട്ടുള്ളത്. സ്ഥാപനം സമർപ്പിച്ച ടെണ്ടറിനൊപ്പം സാമ്പിളുകൾ ഹാജരാക്കിയിരുന്നില്ല. ടെസ്റ്റിംഗിനായി 2 സാമ്പിളുകകളെങ്കിലും മാനുഫാക്ച്ചറർ ലഭ്യമാക്കേണ്ടതായിരുന്നു. സാമ്പിൾ ടെസ്റ്റിനുശേഷം വേണം ടെണ്ടർ തീർച്ചയാക്കാൻ. സാധനങ്ങൾ സപ്ലൈ ചെയ്യുമ്പോൾ സപ്ലൈ ചെയ്യപ്പെട്ട സാധനങ്ങളിൽ നിന്നും വീണ്ടും സാമ്പിൾ ടെസ്റ്റ് ചെയ്യേണ്ടതാണ്. ഈ വക നടപടി ക്രമങ്ങൾ ഒന്നും പാലിക്കുകയോ ഗുണനിലവാരം ഉറപ്പാക്കുകയോ ചെയ്യാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ച് ഉയർന്ന നിരക്ക് നിർദ്ദേശിച്ച ടെണ്ടർ സ്വീകരിക്കുന്നതിനുള്ള കമ്മിറ്റിയുടെ തീരുമാനത്തിനെതിരെ നിർവ്വഹണ ഉദ്യോഗസ്ഥനായ പഞ്ചായത്ത് സെക്രട്ടറി വിയോജനം രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ച ഇനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം (323380/- രൂപ) ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നും ഈടാക്കേണ്ടതാണ്.

II) <u>പദ്ധതിയുടെ ഭാഗമായി വാങ്ങിയ 437 ലൈറ്റുകൾ സ്ഥാപിച്ചതിന് തെളിവില്ല</u>

ഇൻവോയ്സ് പ്രകാരം ലൈറ്റുകൾ സ്ഥാപിക്കുന്നതിന് (Erection & installation) 43044.50 രൂപയാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം (പേജ് 11) പഞ്ചായത്തിലെ 11 വാർഡുകളിലായി ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളതായാണ് കാണുന്നത്.

| വാർഡ് നം. | വിതരണം ചെയ്ത യൂണിറ്റുകൾ |
|---|---|
| 1 | 60 |
| 3 | 40 |
| 4 | 20 |
| 5 | 10 |
| 7 | 57 |
| 8 | 80 |
| 9 | 20 |
| 10 | 20 |
| 11 | 20 |
| 12 | 40 |
| 13 | 70 |
| ആകെ | 437 |

2,6 വാർഡുകളിൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല

ടെണ്ടർ വ്യവസ്ഥകൾ പ്രകാരം കെ.എസ്.ഇ.ബി-യിൽ തുക ഒടുക്കി ലൈറ്റുകൾ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കുന്നതിനാണ് സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്. എന്നാൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കരാർ സ്ഥാപനം കെ.എസ്.ഇ.ബി-യിൽ സൂപ്പർ വിഷൻ ചാർജ്ജ് ഒടുക്കിയതിന്റെ രേഖ, പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് കാണിച്ചുകൊണ്ട് കെ.എസ്.ഇ.ബി. അധികൃതരുടെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിലാണ് സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളതെന്ന് കാണുന്നു. ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രവും വർക്കിംഗ് ഗ്രൂപ്പിന്റെ പ്രോജക്റ്റ് മോണിട്ടറിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന പ്രകാരം പദ്ധതി പൂർത്തീകരിച്ച് രേഖകൾ ലഭ്യമാക്കാതെ കരാർ സ്ഥാപനത്തിന് തുക നൽകിയത് ക്രമപ്രകാരമല്ല.

ഊർജ്ജ ക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രതിമാസം ഒടുക്കവരുത്തുന്ന വൈദ്യുതി താരിഫ് കെ.എസ്.ഇ.ബി. പുതുക്കിയിട്ടുള്ളതിന്റെ വിവരവും, മേൽ വിവരിച്ച പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും, ആയത് ലഭ്യമാക്കുകയുണ്ടായില്ല.

ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8/2019 തീയതി 30.7.2019) ലഭ്യമാക്കിയ മറുപടിയിൽ, ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സൂപ്പർവിഷൻ ചാർജ്ജ് കരാർ സ്ഥാപനം ഒടുക്കിയിട്ടുണ്ടെന്നും, സ്ഥാപനത്തോട് രസീത് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചു. നിലവിലെ തെരുവ്- വിളക്കുകളുടെ താരിഫ് സംബന്ധിച്ച വിവരങ്ങൾ കെ.എസ്.ഇ.ബി.യോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു.

ഈ സാഹചര്യത്തിൽ പദ്ധതിയ്ക്ക് ചെലവഴിച്ച 1092000 രൂപയിൽ ഖണ്ഡിക 3-1(1) പ്രകാരം നിരാകരിച്ച 323380 രൂപ തുക കിഴിച്ച് ബാക്കി 768620 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ലൈറ്റുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സവാദം തീർപ്പാക്കുന്നതാണ്.

## 3-2 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പദ്ധതി പതിമൂന്നാം പഞ്ചവത്സര പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ (സ.ഉ.(കൈ.)നം.11/2018/തസ്വഭവ, തീ. 29.01.2018) നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമനം. | ഓഡിറ്റ് നിരീക്ഷണം | നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി |
|---|---|---|
| 1 | വാർഡ് അടിസ്ഥാനത്തിലല്ലാതെ തദ്ദേശഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി വിഭാവനം ചെയ്തുകൊണ്ട് വേണം പദ്ധതികൾ ആവിഷ്കരിക്കാൻ (ഖ.3.3.5.(1)) എന്നാൽ വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ചാണ് മരാമത്ത് പ്രവൃത്തികൾ ആവിഷ്കരിച്ചിട്ടുള്ളത്. | പദ്ധതികൾ സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊള്ളുന്നത് പഞ്ചായത്ത് കമ്മിറ്റി ആണ്. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന പദ്ധതികളാണ് മരാമത്ത് വിഭാഗം നടപ്പിലാക്കുന്നത്. |
| 2 | ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും (this spread of resources) ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കണം എന്ന നിർദ്ദേശം പാലിച്ചിട്ടില്ല (ഖ.2.3.(7). വാർഷിക പദ്ധതിയിൽ 135 മരാമത്ത് പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ സിംഹഭാഗവും 5 ലക്ഷം രൂപയിൽ താഴെ അടങ്കലുള്ള പ്രവൃത്തികളായിരുന്നു. | പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുത്ത പദ്ധതികളാണ് മരാമത്ത് വിഭാഗം നടപ്പിലാക്കിയിരിക്കുന്നത്. |
| 3 | പൊതുമരാമത്ത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് | വർക്കുകളുടെ ആധിക്യം |

| | | |
|---|---|---|
| | മോണിട്ടറിംഗ് കമ്മിറ്റികളായി രൂപാന്തരപ്പെടുകയോ, പ്രവൃത്തികളുടെ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല. | മൂലം മോണിറ്ററിംഗ് കൃത്യമായി നടത്തുവാൻ സാധിക്കുന്നില്ല. തുടർന്നു വരുന്ന വർഷങ്ങളിൽ ഇത് പാലിക്കുന്നതായിരിക്കും. |
| 4 | സുലേഖ സോഫ്റ്റ് വെയറിൽ പ്രോജക്ടിന്റെ വിവരങ്ങൾ നൽകുന്നതിനോടൊപ്പം പ്രോജക്ടിനെക്കുറിച്ച് ഒരു ഏകദേശ ധാരണ ലഭിക്കുന്നതിനുവേണ്ടി ഒരു പ്രോജക്ട് സംഗ്രഹം കൂടി തയ്യാറാക്കി ചേർക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല (ഖ.3.5.1.(4)). | സുലേഖ സോഫ്റ്റ് വെയറിൽ പ്രോജക്ടുകളിൽ ക്രമ നമ്പർ 22-ലും 89(എ)-യിലും വർക്കിന്റെ രീതിയെപ്പറ്റി ചുരുങ്ങിയ അളവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 5 | റോഡ്/റോഡിതര ആസ്തികളുടെ പരിപാലനത്തിന് ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കണമെന്നും അതിനായി കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളുടെ യോഗം വിളിച്ചു ചേർക്കണമെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല (ഖ.6.7(7)) | വർക്കിംഗ് ഗ്രൂപ്പിലും വികസന സെമിനാറിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ മേധാവികളുടെ അഭിപ്രായം ചേർക്കാറുണ്ട്. |
| 6 | പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നില്ല (ഖ.7.8.2(2)) | സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി പഞ്ചായത്ത് കമ്മിറ്റിയെ വിവരം അറിയിക്കുകയും തുടർന്നുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. |
| 7 | ഒരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും, റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന നിർദ്ദേശം പാലിക്കുന്നില്ല (ഖ.7.13(1)) | എല്ലാ പ്രോജക്ടുകളിലും സൈറ്റ് പ്ലാൻ ഉള്ളടക്കം ചെയ്തിട്ടുണ്ട്. |
| 8 | തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകൾ മാത്രമേ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടുള്ളൂ എന്ന നിബന്ധന പാലിക്കുന്നില്ല. പഞ്ചായത്തിൽ റോഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല (ഖ.7.13(6)). | വർഷങ്ങളായി നിലവിലുള്ളതും പൊതുജനങ്ങൾ ഉപയോഗിച്ചു വരുന്നതുമായ റോഡുകളാണ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്. |
| 9 | റോഡ് നിർമ്മാണം, റോഡ് പുനരുദ്ധാരണം എന്നീ പ്രവൃത്തികളിൽ കോൺക്രീറ്റ് പണികൾ ചെയ്യുന്നത് ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾ | റോഡ് നിർമ്മാണം റോഡ് മെയിന്റനൻസ് എന്നീ പ്രവൃത്തികളിൽ |

| | | |
|---|---|---|
| | പാലിച്ചുകൊണ്ടായിരിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല (7.13(8)). | കോൺക്രീറ്റിംഗ് ചെയ്യുന്നതിന് മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട്. |
| 10 | നാറ്റ് പാക്ക് (National Transportation Planning and Research Centre) നിർദ്ദേശിച്ചിട്ടുള്ള അളവിൽ പ്ലാസ്റ്റിക് ടാറിൽ ചേർത്ത് റോഡ് ടാറിംഗ് പ്രവൃത്തികൾ ചെയ്യണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല (7.13(10)). | 2019-20 വർഷത്തെ ടാറിംഗ് പ്രവൃത്തികളിൽ പ്ലാസ്റ്റിക് ടാറിൽ ചേർത്ത് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. |
| 11 | ഗുണമേന്മയുള്ളതും, ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയിൽ നിർമ്മിക്കാൻ ശ്രമിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല (7.13(12)). | ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ ഉൾപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| 12 | നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിന് ഓരോ പ്രവൃത്തിക്കുവേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ ഗുണഭോക്തൃസമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മാതൃകയിലായിരിക്കണമെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല (11.2.(6)). | ഓരോ പ്രവൃത്തിക്കുവേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതികൾ ഗുണഭോക്തൃസമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റി മാതൃകയിൽ 2019-20 വർഷം മുതൽ പദ്ധതികളിൽ നടപ്പിലാക്കി ചെയ്തുകൊള്ളാം. |
| 13 | നിർമ്മിച്ച ആസ്തികളുടെ വിവരങ്ങൾ യഥാസമയം ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല (11.4.(2)). | പൂർത്തീകരിച്ച റോഡുകൾ ആസ്തിയിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 14 | നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് പ്രവൃത്തിയുടെ പേര്, വർഷം, പ്രവൃത്തി നടത്തുന്ന കരാറുകാരന്റെ പേരും ഫോൺനമ്പരും, എഞ്ചിനീയറുടെ പേരും ഫോൺനമ്പരും അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണെന്നും ഡിസ്പ്ലേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നുമുള്ള നിർദ്ദേശം പാലിക്കുന്നില്ല (13.5). | ഡിസ്പ്ലേ ബോർഡിനുള്ള തുക ഉൾപ്പെടുത്തുന്നതാണ്. |

നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി പൂർണ്ണമായും സ്വീകാര്യമല്ല (ക്രമ നം.1,2,4,5,7,8,9). സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-3 നവീകരിച്ച ബസ് സ്റ്റാന്റിൽ വയറിംഗ്, ലൈറ്റ് വാങ്ങി സ്ഥാപിക്കൽ (പ്രോ.നം.177/19) – മരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങൾ പാലിക്കാതെ പ്രവൃത്തി നടത്തി

ചെലവ് – 23760/- (5030/27.06.2018)

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തനത് ഫണ്ടിൽനിന്നും 50000 രൂപ വകയിരുത്തി നവീകരിച്ച ബസ് സ്റ്റാന്റിൽ വയറിംഗിനും, ലൈറ്റ് വാങ്ങി സ്ഥാപിക്കുന്നതിനും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വയറിംഗ് ജോലികൾ ചെയ്തതിന് ആകെ 23760 രൂപ സിസ ഇലക്ട്രിക്കൽ ട്രെയ്ഡേഴ്സ്, ചിറ്റാർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഒരു നിർമ്മാണ പ്രവൃത്തി എന്ന നിലയിൽ എൽ.എസ്.ജി.ഡി.അസി.എഞ്ചിനീയർ നിർവ്വഹണം നടത്തേണ്ടിയിരുന്ന ഈ പ്രോജക്ട് നിർവ്വഹിച്ചിരിക്കുന്നത് സെക്രട്ടറിയാണ്. ക്വട്ടേഷൻ ക്ഷണിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ക്വട്ടേഷൻ നോട്ടീസ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഒരേ കൈപ്പടയിൽ വെള്ള പേപ്പറിൽ തയ്യാറാക്കിയ മൂന്ന് ക്വട്ടേഷനുകളാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. ക്വട്ടേഷനുകൾ സാധുവല്ല. പ്രവൃത്തി നടത്തുന്നതിന് ക്ഷമതയുള്ള ഒരു ഓവർസീയർ/എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, സാങ്കേതികാനുമതി വാങ്ങുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിന് നടത്താവുന്ന പെറ്റി വർക്കുകളുടെ പരിധി 10000 രൂപയാണ്. അതിൽ അധികരിച്ച തുകയ്ക്കുള്ള മരാമത്ത് പ്രവൃത്തികൾ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയതിനുശേഷം വേണം നിർവ്വഹണം നടത്താൻ. എസ്റ്റിമേറ്റ് തയ്യാറാക്കാതെയും, മൂല്യനിർണ്ണയം നടത്താതെയും പ്രവൃത്തി നടത്തി പ്രതിഫലം നൽകിയത് ക്രമപ്രകാരമല്ല. മാനദണ്ഡങ്ങൾ പാലിക്കാതെ നടത്തിയിട്ടുള്ള ചെലവ് (₹23760) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥനെകൊണ്ട് പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തുന്നതിന് ഭരണവകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ചട്ടം ലംഘിച്ച് പ്രവൃത്തി നടത്തിയ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-4 കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ നിരസിച്ചു;പഞ്ചായത്ത് ഫണ്ടിന് ഭീമമായ നഷ്ടം

ഓഡിറ്റ് വർഷം പഞ്ചായത്ത് വിവിധ പദ്ധതികളുടെ ഭാഗമായി ലക്ഷക്കണക്കിന് രൂപയുടെ വാങ്ങലുകൾ നടത്തിയിട്ടുണ്ട്. ഭൂരിഭാഗം വാങ്ങലുകളിലും കുറഞ്ഞനിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുന്നതിനു പകരം ഉയർന്ന നിരക്കിലുള്ള ടെണ്ടറാണ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളത്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സാധനങ്ങൾക്ക് ഗുണനിലവാരം ഇല്ല എന്ന പേരിലാണ് മിക്ക ടെണ്ടറുകളും അംഗീകരിക്കാതിരുന്നിട്ടുള്ളത്. എന്നാൽ സാധനങ്ങളുടെ ഗുണ നിലവാര പരിശോധ നടത്തിയതിന്റെ അടിസ്ഥാനത്തിലല്ല ഇപ്രകാരം തീരുമാനമെടുത്തിട്ടുള്ളത്. ഗുണനിലവാര പരിശോധന പോലെ സാങ്കേതിക പരിജ്ഞാനം ആവശ്യമായ കാര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി സ്വേച്ഛാപരമായി തീരുമാനമെടുക്കുന്നത് മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യത്തെ തന്നെ റദ്ദു ചെയ്യുന്ന നടപടിയാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

ടെണ്ടർ ക്ഷണിക്കുമ്പോൾത്തന്നെ സ്പെസിഫിക്കേഷനിൽ സാധനങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച നിബന്ധനകൾ ഉൾപ്പെടുത്തുന്നതിനു പകരം (അതാത് സാധനങ്ങളുടെ ഗുണ നിലവാര പരിശോധന ഉറപ്പുവരുത്തുന്ന ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ്- ഉദാ- ഐഎസ്സ്ഐ, ബി.ഐ.എസ്സ്/ശാസ്ത്രീയ പരിശോധന നടത്തിയതിന്റെ രേഖകൾ) ടെണ്ടർ ലഭിച്ചതിനു ശേഷം മതിയായ തെളിവുകൾ ഇല്ലാതെയും പരിശോധന നടത്താതെയും സാധനങ്ങൾക്ക് ഗുണനിലവാരമില്ല എന്നു പറയുന്നതിൽ അസ്വാഭാവികതയുണ്ട്. പദ്ധതി മാർഗ്ഗരേഖയിൽ വിഭവ സമാഹരണത്തിൽ പരമാവധി കാര്യക്ഷമതയും മിതവ്യയവും പാലിക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ടെന്നിരിക്കെ വ്യക്തമായ തെളിവുകളുടെയോ ശാസ്ത്രീയ പരിശോധനയുടെയോ അടിസ്ഥാനത്തില്ലാതെ ഉയർന്ന നിരക്കിലുള്ള ടെണ്ടറുകൾ അംഗീകരിച്ച് വാങ്ങലുകൾ നടത്തിയതു കാരണം ഗ്രാമപ്പഞ്ചായത്തിന് 6.94 ലക്ഷം രൂപ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ. നം. | പ്രോജക്ടിന്റെ പേര് | വാങ്ങിയ സാധനം | കുറഞ്ഞ നിരക്ക് നർദ്ദേശിച്ച | കമ്മിറ്റി അംഗീകരിച്ച ടെണ്ടർ, നിരക്ക് | വാങ്ങിയ സാധനത്തിന്റെ എണ്ണം | കുറഞ്ഞ നിരക്കിൽ വാങ്ങിയിരുന്നെങ്കിൽ | ചെലവഴിച്ച തുക | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|---|---|

| | | | | ടെണ്ടറിന്റെ വിവരം | | | നൽകേണ്ടിയിരുന്ന തുക | | |
|---|---|---|---|---|---|---|---|---|---|
| 1 | 16/19 | പട്ടികജാതി വിഭാഗങ്ങൾക്ക് 500 ലിറ്റർ പി.വി.സി. വാട്ടർ ടാങ്ക് | വാട്ടർ ടാങ്ക് | റിവർടെക് വാട്ടർ സൊല്യൂഷൻസ്, കൂവപ്പടി എറണാകുളം – 1800 രൂപ | റിവർടെക് വാട്ടർ സൊല്യൂഷൻസ്, കൂവപ്പടി എറണാകുളം – 2800 രൂപ | 144 | 144X1800 =259200 | 144X2800 =403200 | 144000 |
| 2 | 244/19 | പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 500 ലിറ്റര് പി.വി.സി. വാട്ടർ ടാങ്ക് | വാട്ടർ ടാങ്ക് | റിവർടെക് വാട്ടർ സൊല്യൂഷൻസ്, കൂവപ്പടി എറണാകുളം – 1800 രൂപ | റിവർടെക് വാട്ടർ സൊല്യൂഷൻസ്, കൂവപ്പടി എറണാകുളം – 2800 രൂപ | | | | |
| 3 | 170/19 | അംഗനവാടികൾക്ക് ഫർണിച്ചർ | പ്ലാസ്റ്റിക് കസേര | ശബരി സ്റ്റീൽ ഫർണിച്ചർ, കൊട്ടാരക്കര – 264 രൂപ | ശബരി സ്റ്റീൽ ഫരണ്ച്ചര്, കൊട്ടാരക്കര – 412 രൂപ | 850 | 850X264 =224400 | 850X412 =350200 | 125800 |
| 4 | 233/19 | വയോജനങ്ങള്ക്ക് കട്ടില് വിതരണം (ജനറൽ) | കട്ടിൽ | ഷാലോം വുഡ് ക്രാഫ്റ്റിംഗ് ഫർണിച്ചർ, കുമ്പളാംപൊയ്ക – 3000 രൂപ | കോട്ടക്കൽ ടിംബേഴ്സ് അട്ടൂർ – 3380 രൂപ | 146 | 146X3000 =438000 | 146X3390 =494940 | 56940 |
| 5 | 234/19 | വയോജനങ്ങൾക്ക് കട്ടില് വിതരണം (എസ്സ്.സി.പി) | കട്ടിൽ | ഷാലോം വുഡ് ക്രാഫ്റ്റിംഗ് ഫർണിച്ചർ, കുമ്പളാംപൊയ്ക – 3000 രൂപ | കോട്ടക്കൽ ടിംബേഴ്സ് അട്ടൂർ – 3380 രൂപ | 90 | 90X3000 =270000 | 90X3380 =304200 | 34200 |
| 6 | 235/19 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം (റ്റി.എസ്.പി) | കട്ടിൽ | ഷാലോം വുഡ് ക്രാഫ്റ്റിംഗ് ഫർണിച്ചർ, കുമ്പളാംപൊയ്ക – 3000 രൂപ | കോട്ടക്കൽ ടിംബേഴ്സ് അട്ടൂർ – 3390 രൂപ | 27 | 27X3000 =81000 | 27X3390 =91530 | 10530 |
| 7 | 47/19 | ചിറ്റാറിന്റെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (LED) | | അമ്മിണി എനർജി സിസ്റ്റം പ്രൈ. ലി., തിരുവനന്തപുരം – 1760 രൂപ | കല്ലൂർ ഇല്ക്ട്രോണിക്സ് & ലൈറ്റിംഗ് പ്രൈ.ലി., മുണ്ടക്കയം – 2500 രൂപ | 437 | 437X1760 =769120 | 437X2500 =1092500 | 323380 |
| | ആകെ | | | | | | | | 694850 |

ഇത്തരത്തിൽ ഫണ്ട് ചെലവഴിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും(37/06.08.2019) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 പട്ടികജാതി കോളനിയിൽ സ്ട്രീറ്റ് ലൈറ്റ് (LED) സ്ഥാപിക്കൽ – പദ്ധതി നിർവ്വഹണത്തിൽ ഗുരുതര പിഴവ്

| | | |
|---|---|---|
| പ്രോജക്ട് നം. | - | S0048/19 |
| അടങ്കൽ | - | 24000/- |
| ചെലവ് | - | 22500/- |
| ട്രഷറി ബിൽ നം./തീയതി | - | 191/5.12.18 |
| നിർവ്വഹണം | - | സെക്രട്ടറി |

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി.പി. ഫണ്ടിൽനിന്നും 24000 രൂപ വകയിരുത്തി നടപ്പാക്കിയ പട്ടികജാതി കോളനികളിൽ LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (പ്രോ.നം.48/19) എന്ന പ്രോജക്ടിന്റെ ഭാഗമായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് നിർദ്ദേശിച്ച കല്ലൂർ ഇലക്ട്രോണിക്സ് & ലൈറ്റിംഗ് പ്രൈ.ലി., മുണ്ടക്കയം എന്ന സ്ഥാപനത്തിൽനിന്നും 2500 രൂപ നിരക്കിൽ 30W LED സ്ട്രീറ്റ് ലൈറ്റുകൾ 9 എണ്ണം വാങ്ങിയ ഇനത്തിൽ 22500 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പട്ടിക ജാതി വികസന ഫണ്ട് വകയിരുത്തി നടപ്പിലാക്കുന്ന പൊതു സൗകര്യ പ്രോജക്ടുകളുടെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടിക ജാതിക്കാരായിരിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികയും, സാമൂഹ്യ ഭൂപടവും ബന്ധപ്പെട്ട പ്രദേശത്തിന്റെ ചുമതലയുള്ള പട്ടിക വർഗ്ഗ വികസന ഓഫീസർ സ്ഥല പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നല്ലാതെ ഏതെല്ലാം കോളനികളിൽ എവിടെയെല്ലാം ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുവെന്ന് അംഗീകരിച്ച പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല. വാങ്ങിയ ലൈറ്റുകൾ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും അവ പോസ്റ്റുകളിൽ സ്ഥാപിച്ചതിന് തെളിവില്ല. സ്റ്റോക്ക് രജിസ്റ്ററിൽ 3-ാം വാർഡിലെ പട്ടികജാതി കോളനികളിൽ ഉപയോഗിച്ചുവെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ലൈറ്റുകൾ സ്ഥാപിച്ച സ്ഥലം, പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി-യിൽ സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കിയിട്ടില്ല. കെ.എസ്.ഇ.ബി-അധികൃതരിൽനിന്നോ, ബന്ധപ്പെട്ട വാർഡ് മെമ്പറിൽനിന്നോ പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/30.07.19) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന വാർഡുമെമ്പറുടെ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചു. എസ്.സി.പി. ഫണ്ട് വിനിയോഗിക്കുന്നതിനുള്ള പ്രാഥമിക നടപടിക്രമങ്ങൾ പോലും പാലിക്കപ്പെട്ടില്ലെന്നത് മറുപടിയിൽ നിന്നും വ്യക്തമാണ്.

മേൽ പറഞ്ഞ കാരണങ്ങളാൽ വാങ്ങിയ ലൈറ്റുകൾ പട്ടികജാതി വിഭാഗങ്ങൾക്ക് പ്രയോജനകരമാകുന്ന രീതിയിൽ പട്ടികജാതി കോളനികളിൽ സ്ഥാപിക്കപ്പെട്ടുവെന്ന് ഉറപ്പാക്കാനായിട്ടില്ല. അപാകതകൾ മുൻനിർത്തി പ്രോജക്ടിന് ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 വില്ലൂന്നിപ്പാറ എസ്.സി. സങ്കേതത്തിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ (125/19) – പട്ടികജാതി ഫണ്ടിന്റെ ക്രമവിരുദ്ധമായ വിനിയോഗം

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.125/19 പ്രകാരം എസ്.സി.പി. ഫണ്ടിൽനിന്നും 187000 രൂപ വകയിരുത്തി വില്ലൂന്നിപ്പാറ എസ്.സി.സങ്കേതത്തിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കല്ലൂർ ഇലക്ട്രോണിക്സ് & പ്രൈ.ലി. മുണ്ടക്കയം എന്ന സ്ഥാപനത്തിൽനിന്നും രണ്ട് മിനിമാസ്റ്റ് ലൈറ്റുകൾ വാങ്ങിയ ഇനത്തിൽ അടങ്കൽ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ പട്ടികജാതി ഉപപദ്ധതിയിലെ ഭവന നിർമ്മാണം, വീട് പുനരുദ്ധാരണം, ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ, ശുചിത്വ പ്രോജക്ടുകൾ, കൃഷി, മൃഗസംരക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലെ പ്രോജക്ടുകൾ എന്നിവ ഒഴികെയുള്ള മറ്റെല്ലാ പ്രോജക്ടുകളും അസി. സെക്രട്ടറിയാണ് നിർവ്വഹണം നടത്തേണ്ടത്. സെക്രട്ടറി ഈ പദ്ധതിയുടെ നിർവ്വഹണം ഏറ്റെടുത്തത് ക്രമപ്രകാരമല്ല.

2. പട്ടികജാതി വികസന ഓഫീസറിൽനിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. പട്ടികജാതി വികസന ഫണ്ട് വകയിരുത്തി നടപ്പിലാക്കുന്ന പൊതു സൗകര്യ പ്രോജക്ടുകളുടെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടിക ജാതിക്കാരായിരിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികയും, സാമൂഹ്യ ഭൂപടവും ബന്ധപ്പെട്ട പ്രദേശത്തിന്റെ ചുമതലയുള്ള പട്ടിക വർഗ്ഗ വികസന ഓഫീസർ സ്ഥല പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

3. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് കൂടുന്ന ഗ്രാമസഭയിൽ ഉയർന്നുവരുന്ന പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പാണ് പ്രോജക്ട് തയ്യാറാക്കേണ്ടത്. എന്നാൽ ഗ്രാമസഭയുടെയും, വർക്കിംഗ് ഗ്രൂപ്പിന്റെയും നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലല്ല പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പദ്ധതി നിർദ്ദേശം ഉൾപ്പെട്ട വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കൈയ്യൊപ്പിട്ട്

പാസ്സാക്കിയിട്ടില്ല. ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്യാത്ത പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല.

4. പ്രോജക്ടിന് അടങ്കൽ വകയിരുത്തിയത് യുക്തി സഹമായല്ല. 2 ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരുന്നത്. യൂണിറ്റ് കോസ്റ്റ് 93500 രൂപയായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതിൽ രണ്ട് ടെണ്ടറുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. കല്ലൂർ ഇലക്ട്രോണിക്സ് യൂണിറ്റിന് 93500 രൂപയും, എനർജി സോളാർ, വടവാതൂർ എന്ന സ്ഥാപനം 142800 രൂപയുമാണ് നിർദ്ദേശിച്ചത്. കല്ലൂർ ഇലക്ട്രോണിക്സിന്റെ ടെണ്ടർ അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകുകയാണ് ഉണ്ടായത്. ഓഡിറ്റ് വർഷം ഇതേ സ്പെസിഫിക്കേഷനിലുള്ള മിനിമാസ്റ്റ് ലൈറ്റുകൾ (6mtr. 4" GI Round Pole painted 70W LED 4 nos. in a pole, shallow foundation) പഞ്ചായത്ത് മറ്റൊരു സ്ഥാപനത്തിൽനിന്നും വാങ്ങിയത് യൂണിറ്റിന് 77500 രൂപ ചെലവഴിച്ചാണ്. വ്യക്തമായ ധാരണയില്ലാതെ പ്രോജക്ടിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുകയും അതേ നിരക്കിൽ ടെണ്ടർ സമർപ്പിച്ച സ്ഥാപനത്തിന് കരാർ നൽകുകയുമാണ് ചെയ്തിട്ടുള്ളത്. വിപണി വിലയിൽ അധികം തുക നൽകിയാണ് ലൈറ്റുകൾ വാങ്ങിയിട്ടുള്ളതെന്ന് സ്പഷ്ടമാണ്.

5. ടെണ്ടർ നടപടികൾ സുതാര്യമല്ല. പത്രപരസ്യം ക്ഷണിച്ചതിന്റെ വിവരം ഫയലിൽ ഇല്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ടെണ്ടർ നോട്ടീസിന്റെ തീയതി 31.07.17 ആണ്. ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായി കാണിച്ചിരിക്കുന്നത് 08.08.2018 ആണ്. പ്രോക്യൂർമെന്റ് മാന്വൽ പ്രകാരം ടെണ്ടർ സമർപ്പിക്കുന്നതിന് പരസ്യതീയതി മുതൽ 21 ദിവസം സമയം നൽകണം. നിശ്ചയിച്ച തീയതിയിലും സമയത്തും ടെണ്ടർ സമർപ്പിച്ചവരുടെയും, ഒരു സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ പരസ്യമായി വേണം ടെണ്ടറുകൾ തുറക്കാൻ. പ്രോക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചതിന്റെ രേഖകൾ ഒന്നും ഫയലിലും ടെണ്ടർ രജിസ്റ്ററിലും ഇല്ല.

6. വാങ്ങിയ ലൈറ്റുകൾ യഥാവിധി സ്ഥാപിച്ച് പ്രവർത്തിപ്പിച്ചത് സംബന്ധിച്ച് പൂർത്തീകരണ സാക്ഷ്യപത്രവും, മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ മുൻനിർത്തി പദ്ധതിയ്ക്ക് ചെലവഴിച്ച 187000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ഓഫീസിലെ ഇലക്ട്രോണിക്സ് സാധനങ്ങൾക്ക് എ.എം.സി. (34/19) – സർക്കാർ നിശ്ചയിച്ച നിരക്കിനേക്കാൾ അധികം തുക നൽകി

ചെലവ് തുക – 26000

ട്രഷറി ബിൽ നം. , തീ. - 60/11.03.19

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് ഓഫീസിലെ ഇലക്ട്രോണിക്സ് സാധനങ്ങൾക്ക് എ.എം.സി. എടുക്കുന്നതിന് പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 100000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ ഫോട്ടോ കോപ്പിയറിന് എ.എം.സി. എടുത്ത വകയിൽ 26000 രൂപ കെ.എം. ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം 76125 രൂപ ചെലവഴിച്ചാണ് Sharp A3 Digital Mono Copier പഞ്ചായത്ത് വാങ്ങുന്നത്. ഇതിന്റെ വാർഷിക അറ്റകുറ്റപ്പണികൾക്കായാണ് കരാർ നൽകിയത്. മാനദണ്ഡങ്ങൾ ഒന്നും ഇല്ലാതെയാണ് കോപ്പിയറിന്റെ വിലയുടെ 34% തുക വാർഷിക അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച് നൽകിയത്.

സർക്കാർ ഓഫീസുകളിലെ കമ്പ്യൂട്ടറുകളുടെയും, അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (ജി.ഒ.(പി)നം.26/2005/ITD, തീ. 24.12.2005). പ്രസ്തുത മാർഗ്ഗരേഖ പ്രകാരം AMC ചാർജ്, ഉപകരണത്തിന്റെ വാങ്ങൽ വിലയുടെ (purchase price) 8 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. അനുവദനീയമായ നിരക്കിനേക്കാൾ നാലിരട്ടിയിലധികം തുക നൽകിയാണ് AMC കരാർ ഉറപ്പിച്ചിരിക്കുന്നത്. ഇത്തരം അപകാത ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിലേക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-8 പട്ടിക വർഗ്ഗ കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് (LED) വാങ്ങി

# സ്ഥാപിക്കൽ – പദ്ധതി നിർവ്വഹണത്തിൽ അപാകം

| | | |
|---|---|---|
| പ്രോജക്ട് നം. | - | S0049/19 |
| അടങ്കൽ | - | 55000/- |
| ചെലവ് | - | 55000/- |
| ട്രഷറി ബിൽ നം./തീയതി | - | 192/5.12.18 |
| നിർവ്വഹണം | - | സെക്രട്ടറി |

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.49/19പ്രകാരം ടി.എസ്.പി. ഫണ്ടിൽനിന്നും 55000 രൂപ വകയിരുത്തി പട്ടിക വർഗ്ഗ കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് വാങ്ങി സ്ഥാപിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി കല്ലൂർ ഇലക്ട്രോണിക്സ് & ലൈറ്റിംഗ്സ്, കോട്ടയം എന്ന സ്ഥാപനത്തിൽനിന്നും 22 സ്ട്രീറ്റ് ലൈറ്റ് യൂണിറ്റുകൾ (30W LED with accessories) വാങ്ങിയ ഇനത്തിൽ 55000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ പട്ടികജാതി ഉപപദ്ധതിയിലെ ഭവന നിർമ്മാണം, വീട് പുനരുദ്ധാരണം, ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ, ശുചിത്വ പ്രോജക്ടുകൾ, കൃഷി, മൃഗസംരക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലെ പ്രോജക്ടുകൾ എന്നിവ ഒഴികെയുള്ള മറ്റെല്ലാ പ്രോജക്ടുകളും അസി. സെക്രട്ടറിയാണ് നിർവ്വഹണം നടത്തേണ്ടത്. സെക്രട്ടറി ഈ പദ്ധതിയുടെ നിർവ്വഹണം ഏറ്റെടുത്തത് ക്രമപ്രകാരമല്ല.

2. പട്ടികജാതി വികസന ഓഫീസറിൽനിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് പദ്ധതി നടപ്പിലിക്കിയിരിക്കുന്നത്. പട്ടിക ജാതി/പട്ടികവർഗ്ഗ വികസന ഫണ്ട് വകയിരുത്തി നടപ്പിലാക്കുന്ന പൊതു സൗകര്യ പ്രോജക്ടുകളുടെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടിക ജാതിക്കാരായിരിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികയും, സാമൂഹ്യ ഭൂപടവും ബന്ധപ്പെട്ട പ്രദേശത്തിന്റെ ചുമതലയുള്ള പട്ടിക വർഗ്ഗ വികസന ഓഫീസർ സ്ഥല പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

3. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് കൂടുന്ന ഊരുകൂട്ടത്തിൽ ഉയർന്നുവരുന്ന പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പാണ് പ്രോജക്ട് തയ്യാറാക്കേണ്ടത്. എന്നാൽ ഊരുകൂട്ടത്തിന്റെയും, വർക്കിംഗ് ഗ്രൂപ്പിന്റെയും നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലല്ല പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പദ്ധതി നിർദ്ദേശം ഉൾപ്പെട്ട വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കൈയ്യൊപ്പിട്ട് ആധികൃതമാക്കിയിട്ടില്ല. ഊരുകൂട്ടം/വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്യാത്തതും, സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം ഇല്ലാത്തതുമായ പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല.

4. പട്ടികവർഗ്ഗ ഊരുകളിൽ തൃപ്തികരമായ രീതിയിൽ കുടിവെള്ള സൗകര്യവും വീടുകളിൽ കക്കൂസ് സൗകര്യവും ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുത്തശേഷമേ പട്ടിക വർഗ്ഗ ഉപപദ്ധതിയിൽ ഫണ്ടുകൾ വകയിരുത്തികൊണ്ടുള്ള മറ്റ് പ്രോജക്ടുകൾ ഏറ്റെടുക്കാവൂ എന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാതെയാണ് അനിവാര്യമല്ലാത്ത പദ്ധതിയ്ക്ക് ഫണ്ട് വിനിയോഗിച്ചിരിക്കുന്നത്.

5. ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സമാഹരണ മാന്വലിൽ ലിമിറ്റഡ് ടെണ്ടർ ക്ഷണിക്കേണ്ടത് എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലിമിറ്റഡ് ടെണ്ടർ ക്ഷണിക്കുമ്പോൾ കുറഞ്ഞത് 5, എന്നാൽ 8-10 ഏജൻസികളിൽനിന്നെങ്കിലും പ്രതികരണം ലഭിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ ഇവിടെ രണ്ട് സ്ഥാപനങ്ങളിൽനിന്നുമാത്രമാണ് ക്വട്ടേഷൻ ലഭിച്ചത്. മത്സരസ്വഭാവമുള്ള ടെണ്ടറുകളല്ല ലഭിച്ചിട്ടുള്ളത് (ആസ്ട്രോ, മുണ്ടക്കയം - 2750/-, കല്ലൂർ ഇലക്ട്രോണിക്സ് - 2500/-). ടെണ്ടർ നടപടികൾ സുതാര്യമല്ല.

6. വാങ്ങിയ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി-യിൽ സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കിയിട്ടില്ല. ലൈറ്റുകൾ പട്ടിക വർഗ്ഗ കോളനികളിൽതന്നെയാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രമോ, മോണിട്ടറിംഗ് റിപ്പോർട്ടോ ലഭ്യമല്ല. ഇക്കാരണത്താൽ പട്ടിക വർഗ്ഗക്കാരുടെ ക്ഷേമത്തിനായി വിനിയോഗിക്കേണ്ട പദ്ധതി പണം ക്രമപ്രകാരമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് ഉറപ്പാക്കാനായിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/6.08.19) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതിയ്ക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പട്ടികജാതി വികസന ഓഫീസർക്ക് കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ലെന്നും, ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളതിന് വാർഡ് മെമ്പർമാരിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും പറയുന്നു. പദ്ധതി നിർവ്വഹണത്തിന്റെ പ്രാഥമിക നിബന്ധനകൾപോലും പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

മേൽ വിവരിച്ച അപാകതകൾ മുൻനിർത്തി പദ്ധതിയ്ക്ക് ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ - വിലയുടെ യുക്തിഭദ്രത ഉറപ്പുവരുത്താതെ വാങ്ങൽ നടത്തി - വാങ്ങൽ നടപടികൾ സുതാര്യമല്ല

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം 464400/- രൂപ ചെലവഴിച്ചു.

ചെലവിന്റെ വിവരം

ചെക്ക് നം.386/22.03.2019

ട്രഷറി ബിൽ നം. 0179526/28.03.2019

| ക്രമ | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ഫണ്ടിനം | ചെലവ് | വാങ്ങിയ യൂണിറ്റുകൾ | ചെലവിന്റെ വിവരം (ചെക്ക് നം./ട്രഷറി ബിൽ നം./ തീയതി) |
|---|---|---|---|---|---|---|---|
| 1 | 248/19 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 475000 | ശബരിമല ഫണ്ട് | 387000 | 5 | 0175526/ 28-3-2019 |
| 2 | 269/19 | തേരകത്തുംമണ്ണ് ഭവനേശ്വരി ക്ഷേത്രംപടിയിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 100000 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 77400 | 1 | 386/ 22-03-19 |
| | ആകെ | 464400 | | | 464400 | | |

ടി പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ജനകീയ പങ്കാളിത്തമില്ലാതെയാണ് ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മിനി മാസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം ഗ്രാമസഭയിലോ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിലോ ഉയർന്നു വന്നിട്ടില്ല. പൊതുജനങ്ങളിൽനിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പ്രോജക്ടുകൾ രൂപീകരിക്കുന്നതിനുള്ള ഉപദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകുന്നത് വർക്കിംഗ് ഗ്രൂപ്പാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രോജക്ട് നിർദ്ദേശവും, സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനവുമില്ലാതെയാണ് ടി പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുള്ളത്. പ്രോജക്ട് ഫാറത്തിൽ 16.04.2018-ലെ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ തീരുമാന നം.1(1) പ്രകാരം പദ്ധതിയ്ക്ക് സ്റ്റാൻറിംഗ് കമ്മിറ്റി ശുപാർശ നൽകിയിട്ടുള്ളതായാണ് കാണിച്ചിരിക്കുന്നത്. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ അന്നേ ദിവസം കമ്മിറ്റി അപ്രകാരമൊരു തീരുമാനം എടുത്തിട്ടുള്ളതായി കാണുന്നില്ല. ജനകീയാവശ്യം പരിഗണിച്ചും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശയും, സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം ഇല്ലാതെയും പദ്ധതി ആവിഷ്കരിച്ചത് ക്രമവിരുദ്ധമാണ്.

ഒരേ ഉദ്ദേശ്യത്തിന് ഒരേ വാർഷിക പദ്ധതിയിൽ ഒന്നിലധികം പ്രോജക്ട് ഏറ്റെടുത്തത് ക്രമപ്രകാരമല്ല. പ്രോജക്ട് ഒന്നായി നടപ്പിലാക്കിയിരുന്നുവെങ്കിൽ പദ്ധതി അടങ്കൽ 5 ലക്ഷം കടക്കുകയും പ്രോജക്ട് ഇ-ടെണ്ടറിന്റെ പരിധിയിൽ വരുകയും ചെയ്യുമായിരുന്നു. ഇ-ടെണ്ടർ ചെയ്ത് വാങ്ങൽ നടത്തിയിരുന്നുവെങ്കിൽ കൂടുതൽ മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നതിന് സാധ്യതയേറുമായിരുന്നു. എന്നാൽ ഓപ്പൺ ടെണ്ടർ ക്ഷണിച്ച് വാങ്ങൽ നടത്തിയതിനാൽ മതിയായ എണ്ണം ടെണ്ടറുകൾ ലഭിക്കുകയുണ്ടായില്ല (പ്രോക്യൂർമെന്റ് മാന്വൽ പ്രകാരം 1 ലക്ഷത്തിൽ കൂടുതൽ അടങ്കലുള്ള വാങ്ങലുകൾക്ക് ഒരു മലയാള പത്രത്തിലും ഇംഗ്ലീഷ് പത്രത്തിലും പരസ്യം

നൽകണം. ടെണ്ടർ പരസ്യം നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ലഭിച്ച മൂന്ന് ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് നിർദ്ദേശിച്ച മണ്ണക്കുഴിയിൽ ലബോറട്ടറീസ് എന്ന സ്ഥാപനത്തിന്റെ 77400 രൂപ/യൂണിറ്റ് നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചാണ് വാങ്ങൽ നടത്തിയിരിക്കുന്നത്.

ടെണ്ടർ പരസ്യത്തിന് മതിയായ എണ്ണം പ്രതികരണം ലഭിച്ചില്ലെന്നു മാത്രമല്ല താരതമ്യേന ഉയർന്ന നിരക്കിലുള്ള ടെണ്ടറുകളാണ് സമർപ്പിക്കപ്പെട്ടത്. ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ ടി പദ്ധതികളുടെ ഭാഗമായി വാങ്ങിയ മിനി മാസ്റ്റ് ലൈറ്റുകൾ (6 mtr. 4"inch GI Round Pole, 70W LED Street Light – 4 nos. in a pole, Shallow Foundation) സ്ഥാപിക്കുന്നതിന് നിലവിൽ 50000 രൂപയിൽ താഴെ മാത്രം ചെലവ് വരുന്ന സ്ഥാനത്താണ് 77400 രൂപ ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമായിട്ടുണ്ട്. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം (ഖ.9.48) വാങ്ങൽ നടത്തുന്നതിനുമുമ്പ് ഏറ്റവും കുറഞ്ഞ നിരക്ക് ന്യായമാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ബാദ്ധ്യത പർച്ചേസിംഗ് ഓഫീസർക്കുണ്ട്. ഏറ്റവും കുറഞ്ഞ നിരക്ക് ന്യായമല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ ബന്ധപ്പെട്ട സപ്ലൈറുമായി നെഗോഷ്യേറ്റ് ചെയ്ത് ന്യായവിലയ്ക്ക് കുറച്ച് വാങ്ങുകയോ അല്ലാത്ത പക്ഷം പുനർദർഘാസ് ക്ഷണിക്കുകയോ വേണം. എന്നാൽ വിലയുടെ യുക്തി ഭദ്രത ഉറപ്പുവരുത്താതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളതെന്ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായിരിക്കുന്നത്. ഈ ഇടപാടിൽ ഏറ്റവും കുറഞ്ഞത് 165000 രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ളതായാണ് കാണുന്നത്.

ടി പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച് ഭരണവകുപ്പ് തലത്തിൽ വിശദമായ അന്വേഷണം നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# 3-10 വർക്കിംഗ് ഗ്രൂപ്പിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശുപാർശ ഇല്ലാത്ത പ്രോജക്ടുകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെയും, സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശുപാർശ ഇല്ലാതെയാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രോജക്ട് പ്രോഫോർമയിൽ കാണിച്ചിരിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം [1(1)/16.04.2018] നിലവിലില്ലെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ വ്യക്തമായി.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 251/19 | ശബരിമല പാതയിൽ സി.സി.ടി.വി. സ്ഥാപിക്കൽ | 100000 | 33748 |
| 2 | 178/19 | നവീകരിച്ച ബസ് സ്റ്റാൻഡിൽ സി.സി.ടി.വി. സ്ഥാപിക്കൽ | 50000 | 49500 |

വർക്കിംഗ് ഗ്രൂപ്പ്/സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിലല്ലാതെ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയത് വികേന്ദ്രീകൃതാസൂത്രണത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾക്ക് വിരുദ്ധമാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-11 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണം - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

ഓഡിറ്റ് വർഷം വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങളിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസികളുമായി കരാറിലേർപ്പെട്ടശേഷം മാത്രമേ തുക മുൻകൂർ കൈമാറാവൂ. എന്നാൽ തുകകൾ ഡെപ്പോസിറ്റ് ചെയ്യുന്നതിനു മുമ്പായി പ്രസ്തുത സ്ഥാപനങ്ങളുമായി മുദ്രപത്രത്തിൽ എഗ്രിമെന്റ് ചമച്ചിട്ടില്ല. എസ്റ്റിമേറ്റ് പോലും ലഭ്യമാക്കാതെയാണ് വൈദ്യുതി ബോർഡിൽ ലൈൻ ദീർഘിപ്പിക്കുന്നതിന് തുക ഒടുക്കിയിട്ടുള്ളത്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള തുകകൾ ടി സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് ട്രഷറി മുഖേന ഓൺലൈനായി നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ വിവിധ പദ്ധതികൾക്കായി നിക്ഷേപിച്ചിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ, തുക നിക്ഷേപിച്ച അക്കൗണ്ട് നമ്പർ, പദ്ധതിയുടെ പേരുൾപ്പെടെ ബന്ധപ്പെട്ട സ്ഥാപനങ്ങളെ രേഖാമൂലം അറിയിക്കുകയോ, നിക്ഷേപിച്ച തുകകൾക്കുള്ള ഔദ്യോഗികമായ കൈപ്പറ്റ് രസീതി വാങ്ങി ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

തൻവർഷം നടപ്പിലാക്കിയ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | ഡെപ്പോസിറ്റ് തുക | ഏജൻസി | ചെലവിന്റെ വിവരം |
|---|---|---|---|---|---|
| 1 | 43/19 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി സ്ട്രീറ്റ് മെയിൻ വലിക്കൽ | 1125000 | കെ.എസ്.ഇ.ബി. | 74/03.08.18<br>75/03.08.18 |
| 2 | 45/19 | പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 187000 | കെ.എസ്.ഇ.ബി. | 76/03.08.18 |
| 3 | 46/19 | പട്ടിക വർഗ്ഗ കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 171614 | കെ.എസ്.ഇ.ബി. | 77/03.08.18 |
| 4 | 171/19 | അജന്താലയംപടിമുതൽ മണക്കയം കുമരംകുന്ന് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 240000 | വാട്ടർ അതോറിറ്റി | 50/07.07.18 |

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് സംബന്ധിച്ച വിശദീകരണം ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (25/02.08.2019) ലഭ്യമാക്കിയ മറുപടിയിൽ, കരാർ ചമയ്ക്കുന്നതിന് മുദ്രപത്രം വാങ്ങി എഗ്രിമെന്റ് ടൈപ്പ് ചെയ്ത് നൽകിയെങ്കിലും ഒപ്പിട്ട് നൽകിയില്ലെന്നും, ഡെപ്പോസിറ്റ് തുകയുള്ള പ്രവൃത്തികൾ കെ എസ് ഇ ബി പൂർത്തിയാക്കിയിട്ടുണ്ടെന്നും സെക്രട്ടറി വിശദീകരിച്ചു. പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-12 അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല

അസി.സെക്രട്ടറിയുടെ പദ്ധതി ചെലവുകളുടെ പരിശോധനയിൽ കണ്ട ഗുരുതരമായ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>(1) രേഖകളും, രജിസ്റ്ററുകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല</u>

ഓഡിറ്റ് വർഷം അസി. സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ 1457700 രൂപ അടങ്കലുള്ള 10 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതികളുടെ ഭാഗമായി ആകെ 1018560 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി ചെലവുകളുടെ വൗച്ചറുകളും അനുബന്ധരേഖകളും അലക്ഷ്യമായും ക്രമരഹിതമായുമാണ് സൂക്ഷിച്ചിട്ടുള്ളത്. പ്രോജക്റ്റ് ഫയലുകളും അനുബന്ധരേഖകളും പ്രത്യേകം സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പദ്ധതികളുടെ ഭാഗമായി നടത്തിയിട്ടുള്ള വാങ്ങലുകൾ ചട്ടപ്രകാരമാണ് നടത്തിയിട്ടുള്ളതെന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകളൊന്നും കൃത്യമായി സൂക്ഷിച്ചിട്ടില്ല. വ്യക്തിഗത ഗുണഭോക്താക്കളുടെ അപേക്ഷകൾ, അർഹത തെളിയിക്കുന്ന രേഖ, ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെ വിവരം, ആനുകൂല്യം വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രേഖകൾ, സ്റ്റോക്ക്-വിതരണ വിവരങ്ങൾ, സാധനങ്ങളുടെ സപ്ലൈയർമാരിൽനിന്നും ഇ.എം.ഡി. സെക്യൂരിറ്റി തുക ഈടാക്കിയതിന്റെ വിവരം, മുദ്രപത്രത്തിലുള്ള എഗ്രിമെന്റ് മുതലായവ കൃത്യമായി സൂക്ഷിച്ചിട്ടില്ല. രേഖകൾ സൂക്ഷിക്കുന്നതിന്റെ കാര്യത്തിൽ അക്ഷന്തവ്യമായ കൃത്യവിലോപമാണ് ഉണ്ടായിട്ടുള്ളത്. ചെലവു രേഖകൾ ക്രമീകരിച്ച്, ഓഡിറ്റിൽ പരിശോധിക്കുന്നതിന് ഉതകുന്ന തരത്തിൽ ഹാജരാക്കുന്നതിന് ബന്ധപ്പെട്ടവർ നടപടി സ്വീകരിക്കേണ്ടതാണ്.

<u>(2) പി.വി.സി. ടാങ്ക് (എസ്.സി.പി/ടി.എസ്.പി.) - ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല</u>

ഓഡിറ്റ് വർഷം അസി.സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ എസ്.സി.,എസ്.ടി. ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിന് ചുവടെ ചേർക്കും പ്രകാരം രണ്ട് പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റ് നം. | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 16/19 | പി.വി.സി. വാട്ടർ ടാങ്ക് (എസ്.സി.പി.) | 300000 (എസ്.സി.പി.) | 239850<br>87750 |

| | | | | |
|---|---|---|---|---|
| | | | 100500 (ഗുണ.വിഹിതം) | |
| | | | 402000 | 327600 |
| 2 | 19/19 | പി.വി.സി. വാട്ടർ ടാങ്ക് (ടി.എസ്.പി.) | 90000 (എസ്.സി.പി.)<br>30000 (ഗുണ.വിഹിതം) | 55350<br>20250 |
| | | | 402000 | 75600 |
| | | ആകെ ചെലവ് | | 403200 |

മേൽ പറഞ്ഞ പ്രോജക്ടുകളുടെ ഭാഗമായി വികസന ഫണ്ടിൽനിന്നും 295200 രൂപയും, ഗുണഭോക്തൃവിഹിതം ഇനത്തിൽ 108000 രൂപ തനത് ഫണ്ടിൽനിന്നും പിൻവലിച്ചിട്ടുണ്ട് (ആകെ 403200 രൂപ). സാംഖ്യ പ്രകാരം ഈ പദ്ധതികളുടെ ഭാഗമായി ആകെ 143 ഗുണഭോക്താക്കളിൽനിനിന്നും 750 രൂപ വീതം ആകെ 107250 രൂപയാണ് വിഹിതം ഈടാക്കിയിട്ടുള്ളത്. ട്രഷറിയിൽ നിന്നും തുക പിൻവലിച്ചതിന്റെ ട്രഷറി ബിൽ, തനത് ഫണ്ടിൽനിന്നും ഗുണഭോക്തൃവിഹിതം ഇനത്തിൽ പിൻവലിച്ച തുക അസി.സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലൂടെ മാറി നൽകിയതിന്റെ വൗച്ചറുകൾ എന്നിവയൊന്നുംതന്നെ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. സാധനം സപ്ലൈ ചെയ്ത റിവർ ടെക് വാട്ടർ സൊല്യൂഷൻസ്, എറണാകുളം എന്ന സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രേഖകളും ഫയലിലില്ല. ചെലവിനാധാരമായി ചുവടെ ചേർക്കും പ്രകാരം ടി സ്ഥാപനത്തിന്റെ മൂന്ന് ടാക്സ് ഇൻവോയ്സുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭിച്ചത്.

| ഇൻവോസ്സ് നം., തീ. | വാങ്ങിയ സാധനത്തിന്റെ വിവരം | വാങ്ങിയ എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| R-156/11.03.19 | 500 LTR VIRGIN WATER TANK (3 LAYER WHITE) PREMIUM | 43 | 2800 | 120400 |
| R-152/06.03.19 | -do- | 26 | 2800 | 72800 |
| R-156/11.03.19 | -do- | 23 | 2800 | 64400 |
| | ആകെ | 92 | | 257600 |

മൊത്തം ചെലവഴിച്ച തുകയിൽ മേൽ പറഞ്ഞ ഇൻവോയ്സ് പ്രകാരമുള്ള ചെലവ് ഒഴികെ ബാക്കി 145600 രൂപയുടെ ചെലവിനാധാരമായ യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. പദ്ധതികൾക്ക് ആകെ ചെലവഴിച്ച തുക പരിഗണിക്കുമ്പോൾ 144 വാട്ടർ ടാങ്കുകളാണ് വാങ്ങിയിട്ടുള്ളത് (403200/2800=144). എന്നാൽ 144 ടാങ്കുകൾ പഞ്ചായത്തിൽ സ്റ്റോക്കിൽ ചേർക്കുകയോ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരം സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. മാത്രവുമല്ല 144 പട്ടികജാതി/പട്ടിക വർഗ്ഗ ഗുണഭോക്താക്കളുടെ അപേക്ഷകളും, അർഹത തെളിയിക്കുന്ന രേഖകളും ഓഡിറ്റിൽ പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിന് സാധ്യമാകുന്ന വിധം സൂക്ഷിച്ചിട്ടില്ലെന്നത് ഗൗരവം അർഹിക്കുന്ന വീഴ്ചയാണ്. മാത്രവുമല്ല ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ പഞ്ചായത്തിന്റെ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നവരാണെന്ന് പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിന് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ സാധിച്ചിട്ടില്ല.

വാട്ടർ ടാങ്ക് വിതരണവുമായി ബന്ധപ്പെട്ട കൃത്യമായ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ചെലവ് രേഖകളുടെ പിൻബലമില്ലാതെ ചെലവഴിച്ച 145600 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നതാണ്. ടി പ്രോജക്ടുകൾക്ക് ചെലവഴിച്ച 403200 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**(3) പി.വി.സി. വാട്ടർ ടാങ്ക് വാങ്ങൽ - കുടിശിക നൽകുന്നതിനുള്ള പ്രോജക്ടുകൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല**

മുൻ വർഷം എസ്.സി./എസ്.ടി. ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിന് കരാർ എടുത്ത ഏജൻസിയ്ക്ക് നൽകാൻ ബാക്കിയുണ്ടായിരുന്ന തുക (ഗുണഭോക്തൃ വിഹിതം ഇനത്തിൽ പഞ്ചായത്ത് പിരിച്ചെടുത്തത്) നൽകുന്നതിനായി തൻവർഷം രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രോ.നം. | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 243/19 | പി.വി.സി. വാട്ടർ ടാങ്ക് (എസ്.സി.പി.) | 43500 |
| 2. | 244/19 | പി.വി.സി. വാട്ടർ ടാങ്ക് (ടി.എസ്.പി.) | 23500 |
| | ആകെ | | 67000 |

ടി ചെലവിനാധാരമായ യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നതാണ്. ചെലവ് തുക 67000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**(4) കൊട്ടുമുടി പട്ടികജാതി കോളനികളിൽ കുഴൽകിണറുകൾ സ്ഥാപിക്കൽ - ഫീസിബിലിറ്റിയും, പൂർത്തീകരണ വിവരവും ഇല്ല**
**ചെലവ്- 66409/-**
**ട്രഷറി ബിൽ നം. 378/20.03.2019**

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 245/19 പ്രകാരം കൊട്ടുമുടി പട്ടികജാതി കോളനികളിൽ രണ്ട് കുഴൽകിണറുകൾ നിർമ്മിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് 66409 രൂപ ഭൂജലവകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനു മുമ്പായി മുദ്രപത്രത്തിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. കൂടാതെ ഇൻവെസ്റ്റിഗേഷൻ നടത്തി ജല ലഭ്യത ഉറപ്പുവരുത്താതെയാണ് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. എസ്.സി.പി. ഫണ്ട് വകയിരുത്തിയിട്ടുള്ള ഈ പ്രോജക്ടിന് പട്ടികജാതി വികസന ഓഫീസറിൽനിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണ വിവരവും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

ആവശ്യമായ രേഖകൾ/വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 പഞ്ചായത്ത് ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഉപേക്ഷിച്ചു; മണ്ണ് പരിശോധന, സ്ട്രക്ചറൽ ഡിസൈനിംഗ് എന്നിവയ്ക്ക് ചെലവഴിച്ച 178927 രൂപ പാഴായി

2013-14-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് റോഡിന് അഭിമുഖമായി പഞ്ചായത്ത് ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് വികസന ഫണ്ടിൽ നിന്നും 2878268 രൂപയും, ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 421077 രൂപയും, തനത് ഫണ്ടിൽനിന്നും 1700655 രൂപയും ഉൾപ്പെടെ ആകെ 50 ലക്ഷം രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങി. 14.06.13-ൽ അംഗീകാരം ലഭിച്ച ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സമയബന്ധിതമായി തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങുന്നതിന് അസി.എഞ്ചിനീയർ വീഴ്ചവരുത്തി. 2013-14 വർഷം പ്രോജക്ട് നടപ്പിലാക്കുന്നതിനുവേണ്ടി മണ്ണ് പരിശോധന നടത്തുകയുണ്ടായി. തുടർന്ന് സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിന് ആവശ്യമായ പ്ലാൻ കോട്ടയം പാമ്പാടിയിലുള്ള രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ടെക്നോളജി, പാമ്പാടി, കോട്ടയം എന്ന സ്ഥാപനത്തിന് നൽകുന്നതിന് ഒരു വർഷത്തെ കാലതാമസം എഞ്ചിനീയറിംഗ് വിഭാഗത്തിൽനിന്നും ഉണ്ടായി. 2015 ഫെബ്രുവരി മാസം പ്രസ്തുത സ്ഥാപനം സ്ട്രക്ചറൽ ഡിസൈനിംഗ് നടത്തി അസി.എഞ്ചിനീയർക്ക് പ്ലാൻ കൈമാറി. ഈ ഇനത്തിൽ 178927 രൂപ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ടെക്നോളജിക്ക് നൽകി. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങുന്നതിനുള്ള നടപടികൾ അസി.എഞ്ചിനീയർ സ്വീകരിച്ചില്ല. 2013-14 വർഷം ഈ പ്രോജക്ടിനുവേണ്ടി ചെലവ് ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപ് പ്രോജക്ട് ഭേദഗതി ചെയ്ത് മറ്റ് പ്രോജക്ടുകൾക്ക് രൂപം നൽകി പ്രോജക്ടിന് വകയിരുത്തിയിരുന്ന തുക ചെലവഴിക്കുകയാണുണ്ടായത്. തുടർന്നുള്ള വർഷം ഇപ്രകാരം ഭേദഗതി ചെയ്യാനുള്ള സാഹചര്യം ഉണ്ടാകില്ലെന്നും അതിനുമുൻപ് നിർമ്മാണം ആരംഭിക്കുമെന്നും അസി.എഞ്ചിനീയർ കമ്മിറ്റിയിൽ നേരിട്ടു ഹാജരായി വാക്കാൽ ഉറപ്പുനൽകിയിരുന്നു. എന്നാൽ തൊട്ടടുത്ത വർഷമായ 2014-15-ലും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അനാസ്ഥ നിമിത്തം ഈ പ്രോജക്ടിന് വകയിരുത്തിയിരുന്ന തുക 2013-14-ലേതുപോലെ മറ്റ് പ്രോജക്ടുകൾക്കുവേണ്ടി വകയിരുത്തി ചെലവ് ചെയ്യേണ്ടതായിവന്നു. 2016-17-ൽ പദ്ധതി സ്പിൽ ഓവറായി നിലനിർത്തിയെങ്കിലും പദ്ധതി നടപ്പാക്കിയില്ല. 2017-18, 2018-19 വാർഷിക പദ്ധതികളിൽ ഈ പദ്ധതി സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നില്ല. നിലവിൽ പദ്ധതി പഞ്ചായത്ത് ഉപേക്ഷിച്ച നിലയിലാണ്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.08.15-ൽ കൂടിയ യോഗം പദ്ധതി സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗം അലംഭാവം തുടരുന്നത് വഴി പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വന്നാൽ നിലവിൽ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ള പണം പാഴായി പോകാനുള്ള സാദ്ധ്യതയുണ്ടെന്ന് കമ്മിറ്റി ആശങ്ക രേഖപ്പെടുത്തിയിട്ടുണ്ട് (തീയതി - 12.08.15, മിനിട്ട്സ് ബുക്ക് പേജ് നം. 114, ഖ. IV). പദ്ധതി നടത്തിപ്പിൽ എഞ്ചിനീയറിംഗ് വിഭാഗം അക്ഷന്തവ്യമായ കൃത്യവിലോപമാണ് കാട്ടിയിട്ടുള്ളതെന്ന് മിനിട്ട്സിലെ രേഖപ്പെടുത്തലിൽ നിന്നും വ്യക്തമാണ്. ഈ സാഹചര്യത്തിൽ മണ്ണ് പരിശോധനയും, സ്ട്രക്ചറൽ ഡിസൈനിംഗും നടത്തുന്നതിനു വേണ്ടി ചെലവഴിച്ച 178927 രൂപ പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വീഴ്ചവരുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കുകയോ അല്ലാത്തപക്ഷം പദ്ധതി നടപ്പിലാക്കുയോ ചെയ്യുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 സബ്ട്രഷറി കെട്ടിടം സ്ട്രോങ്ങ് റൂം & ഫർണിഷിംഗ്; പദ്ധതി ലക്ഷ്യം കാണാതെ 6.86 ലക്ഷം രൂപ മുടങ്ങി കിടക്കുന്നു

ചിറ്റാർ കേന്ദ്രമാക്കി സർക്കാർ അനുവദിച്ചിട്ടുള്ള സബ് ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഴയ കൃഷിഭവൻ കെട്ടിടം വിട്ടു നൽകുന്നതിന് പഞ്ചായത്ത് തീരുമാനിച്ചിരുന്നു. പ്രസ്തുത കെട്ടിടത്തിൽ ട്രഷറി പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്ട്രോംഗ് റൂം നിർമ്മാണത്തിനും ഫർണിഷിംഗിനുമായി പഞ്ചായത്തിന്റെ തനതു ഫണ്ടിൽനിന്നും 8 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ബഹു. കേരള സർക്കാർ പഞ്ചായത്തിന് അനുമതി നൽകി. സ്ട്രോംഗ് റൂം നിർമ്മാണത്തിനും ഫർണിഷിംഗിനുമായി 2014-15 വർഷം പഞ്ചായത്ത് 8 ലക്ഷം രൂപ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുകയും 23.06.14-ൽ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ അജീഷ് എസ്. എന്നയാളാണ് കരാർ എടുത്തിരുന്നത്. 8 ലക്ഷം രൂപ വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഉദ്ദേശിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിലും നിർവ്വഹണമധ്യേ സ്ട്രോംഗ് റൂമിന് കൂടുതൽ വലിപ്പം ആവശ്യമാണെന്ന് കാണുകയും, എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടത് ആവശ്യമായി വരുകയും ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം കരാറുകാരൻ 686357 രൂപയുടെ പ്രവൃത്തി 29.10.15-ൽ പാർട്ട് ബിൽ തുക മാറിയിട്ടുണ്ട്. ട്രഷറി പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾ ഭാഗികമായി മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. പാർട്ട് ബിൽ തുക കൈപ്പറ്റിയ കരാറുകാരൻ തുടർന്ന് പ്രവൃത്തി നടത്തിയിട്ടില്ല. പാതി വഴിയിൽ പ്രവൃത്തി ഉപേക്ഷിച്ച കരാറുകാരനെതിരെ നിർവ്വഹണ ഉദ്യോഗസ്ഥൻ യാതൊരു തുടർനടപടികളും സ്വീകരിച്ചതായി കാണുന്നില്ല. പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല.

കരാർ ലംഘനം നടത്തിയ കോൺട്രാക്ടർക്കെതിരെ പി.ഡബ്ല്യൂ.ഡി. മാന്വലിൽ നിഷ്കർഷിച്ചുള്ള പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാതിരുന്നത് ഗൗരവം അർഹിക്കുന്ന വീഴ്ചയാണ്. കരാറുകാരന്റെ സെക്യൂരിറ്റി/റീടെൻഷൻ തുകകൾ കണ്ടുകെട്ടുന്നതിനും ടിയാളുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിനും സത്വര നടപടി അസി.എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്.

## 3-15 ശബരിമല ഇടത്താവളം അടിസ്ഥാന സൗകര്യം ഒരുക്കൽ (74/2019) – തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയില്ല

ടി പ്രോജക്റ്റിന്റെ ഭാഗമായി തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണികൾ നടത്തിയ ഇനത്തിൽ ശബരിമല സ്പെഷ്യൽ ഫണ്ടിൽനിന്നും 49600 രൂപ ശ്രീ. മജീദ് കുഞ്ഞ് എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട് (ചെക്ക് നം.14569/10.01.19). പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ക്വട്ടേഷൻ ക്ഷണിച്ചാണ് കരാർ നൽകിയിട്ടുള്ളതെന്ന് കാണുന്നു. ചെലവിനാധാരമായി 21.11.2018 തീയതിയിലുള്ള ഒരു ക്വട്ടേഷൻ നോട്ടീസും, ഒരേ കൈപ്പടയിൽ വെള്ളപേപ്പറിൽ തയ്യാറാക്കിയ രണ്ട് ക്വട്ടേഷനുകളുമാണ് ഹാജരാക്കിയിട്ടുള്ളത്. ക്വട്ടേഷൻ നടപടികൾ സുതാര്യമല്ല.

രണ്ട് ക്വട്ടേഷനുകൾ ലഭിച്ചതിൽ കുറഞ്ഞ നിരക്ക് നിർദ്ദേശിച്ച ശ്രീ.റ്റി.ഇ. മജീദ്കുഞ്ഞ്, ആങ്ങമൂഴി എന്നയാൾക്കാണ് കരാർ നൽകിയിട്ടുള്ളത് (ട്യൂബ് സെറ്റ് 325/unit, LED സെറ്റ് 60/unit). ഇലക്ട്രിക്കൽ ലൈസൻസ് ഉള്ളയാളാണ് കരാറുകാരൻ എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. കരാറുകാരൻ അറ്റകുറ്റപ്പണികൾ നടത്തിയ ലൈറ്റുകളുടെ കണക്കുകൾ ഹാജരാക്കുകയോ, ആയത് ഉത്തരവാദപ്പെട്ടവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ബന്ധപ്പെട്ട ജനപ്രതിനിധികളുടെ സാക്ഷ്യപ്പെടുത്തലോ, മോണിട്ടറിംഗ് റിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ല. ചെലവിന്റെ സാധുത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ മേൽപറഞ്ഞ ചെലവ് (₹49600) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 സബ് ട്രഷറി കെട്ടിടം ഫർണിഷിംഗ് (181/19) - വാങ്ങൽ നടപടികൾ ക്രമവിരുദ്ധം

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സബ് ട്രഷറി കെട്ടിടം ഫർണിഷിംഗിന് ധനകാര്യകമ്മീഷൻ ഗ്രാന്റിൽനിന്നും 300000 രൂപയും, പൊതുവിഭാഗം വികസനഫണ്ടിൽനിന്നും 150000 രൂപയും, തനത് ഫണ്ടിൽനിന്നും 300000 രൂപയും ഉൾപ്പടെ ആകെ 750000 രൂപ വകയിരുത്തി പ്രോജക്ട് അവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി സിഡ്കോയിൽനിന്നും ചുവടെ ചേർക്കുന്ന ഫർണിച്ചറുകൾ വാങ്ങിയ ഇനത്തിൽ 750000 രൂപ ചെലവഴിച്ചു.

| ക്രമ നം. | ഇൻവോയ്സ് നം., തീ. | വാങ്ങിയ സാധനം | എണ്ണം | നിരക്ക് | GST 18% | ആകെ | ആകെ തുക |
|---|---|---|---|---|---|---|---|
| 1 | TVLA/18-19/31 31.07.18 | Treasury Offcer Table with connected side table 180x90x75.90x45x75cm made up of Marine plywood and finished with mica | 1 | 48600 | 8748 | 57348 | 57348 |
| 2 | ” | L Shaped staff table 150+150x60+45x75 cm with 2 drawal and a cupboard | 3 | 43000 | 7740 | 50740 | 152220 |
| 3 | ” | Transaction counter table | 1 | 135000 | 24300 | 159300 | 159300 |
| 4 | ” | Transaction counter partition | 1 | 90000 | 16200 | 106200 | 106200 |
| 5 | ” | Peon, PTS table 90x60x75cm | 2 | 8000 | 1440 | 9440 | 18880 |
| 6 | ” | Guard Rood table 90x60x75cm | 1 | 8000 | 1440 | 9440 | 9440 |
| 7 | TVLA/18-19/34 10.08.18 | Executive High Back Revolving Chair (Spl. Type) | 1 | 11868 | 2136.24 | 14004.24 | 14004.24 |
| 8 | ” | Visitors Chair – Cushioned seat and back chair with powdercoated steel frame | 3 | 11760 | 2116.8 | 13876.8 | 41630.4 |
| 9 | ” | Cash counter providing and fixing aluminium cash counter of size 6.8 mtr x 2.1 mtr. With door on back side | 1 | 66000 | 11880 | 77880 | 77880 |
| 10 | ” | Visitors Chair – 3 | 3 | 14500 | 2610 | 17110 | 51330 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | seated with stainless steel frames wooden plank vertical desing | | | | | |
| 11 | ” | Revolving chair medium back | 12 | 5976 | 1075.68 | 7051.68 | 84620.16 |
| | | ആകെ | | | | | 772852.8 |

പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(എം.എസ്.)നം.13/215/ഐ.റ്റി.ഡി., തീ. 12.05.15 പ്രകാരം എല്ലാ സർക്കാർ വകുപ്പുകൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും, തദ്ദേശഭരണ സ്ഥാപനങ്ങൾക്കും 5 ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകൾക്ക് ഇ-പ്രോക്യൂർമെന്റ് നിർബന്ധമാക്കിയിട്ടുണ്ട്. പൊതു സമാഹരണ നടപടികൾ സുതാര്യവും, അഴിമതി രഹിതവും, കാര്യക്ഷമമവുമാക്കുന്നതിനാണ് സർക്കാർ ഇ-പ്രോക്യൂർമെന്റ് നിർബന്ധമാക്കിയിട്ടുള്ളത്. എന്നാൽ 750000 ലക്ഷം രൂപ അടങ്കലുള്ള ഈ പ്രവൃത്തിയുടെ കാര്യത്തിൽ ഇ-ടെണ്ടർ ക്ഷണിച്ച് വാങ്ങൽ നടത്താതെ സിഡ്കോയിൽനിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി നേരിട്ട് വാങ്ങൽ നടത്തുകയാണുണ്ടായത്. ഇത് ക്രമപ്രകാരമല്ല.

2. സിഡ്കോയിൽനിന്നും തടി, സ്റ്റീൽ ഫർണിച്ചറുകൾ വാങ്ങുന്നതിന് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ (G.O.(Rt.)No.24/2018/SPD, dtd. 28.06.18) സിഡ്കോയ്ക്ക് റേറ്റ് കോൺട്രാക്ട് ഉള്ള ഫർണിച്ചറുകൾ സർക്കാർ അംഗീകരിച്ച നിരക്കിൽ അധികരിക്കാതെ വാങ്ങുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ സിഡ്കോയ്ക്ക് റേറ്റ് കോൺട്രാക്ടുള്ള ഫർണിച്ചറുകളല്ല വാങ്ങിയിട്ടുള്ളത്.

3. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഗുണനിലവാരമില്ലാത്ത സാധനങ്ങളാണ് സിഡ്കോ സപ്ലൈ ചെയ്തിട്ടുള്ളതെന്ന് വ്യക്തമായിട്ടുണ്ട്. മറൈൻ പ്ലൈവുഡിൽ നിർമ്മിച്ചതെന്ന് പറയുന്ന ടേബിളുകൾ നിലവിൽ ഊറാൻ കയറി പൊടിഞ്ഞ നിലയിലാണ്. ഗുണനിലവാരം ഇല്ലാത്ത ഫർണിച്ചറുകൾ അസാധാരണമാംവിധം ഉയർന്ന വില നൽകിയാണ് വാങ്ങിയിട്ടുള്ളതെന്ന് പ്രഥമദൃഷ്ടിയിൽ തന്നെ വ്യക്തമായി. സർക്കാർ ഉത്തരവുകൾ മറികടന്ന് സർക്കാർ നിശ്ചയിച്ച നിരക്കിൽ അധികരിച്ച് വാങ്ങൽ നടത്തിയ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് ഗണ്യമായ നഷ്ടം ഉണ്ടായിട്ടുണ്ട്. ചെലവ് തുക 750000/- തടസ്സപ്പെടുത്തുന്നു.

ഈ പ്രവൃത്തിയുടെ നിർവ്വഹണം സംബന്ധിച്ച് വിശദമായ വകുപ്പുതല അന്വേഷണത്തിനും തുടർനടപടികൾക്കും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-17 ഇടത്താവളം മെയിന്റനൻസ് (61/19) – ശബരിമല ഫണ്ടിന്റെ ദുർവിനിയോഗം

പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ശബരിമല ഇടത്താവളത്തിന്റെ നിലവിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനുവേണ്ടി 1000000 രൂപ ശബരിമല സ്പെഷ്യൽ ഗ്രാന്റിൽനിന്നും വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ കരാറുകാരൻ ശ്രീ. ഗോപി കെ.എൽ. 28.02.19-ൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ചു. ഫൈനൽ ബിൽ പ്രകാരം 988241 രൂപയുടെ പ്രവൃത്തിയാണ് നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ ഭാഗമായി കെട്ടിടത്തിന്റെ സെല്ലാർ ഫ്ലോറിലെ ഉപയോഗശൂന്യമായ രണ്ട് ടോയ്‌ലറ്റുകൾ പുനരുദ്ധരിക്കുന്നതിനും, സിറ്റ് ഔട്ട്, ഹാൾ, പാസ്സേജ് മുതലായ ഭാഗങ്ങളിൽ ടൈൽ ഇടുന്നതിനും, താഴത്തെ നിലയിലെ സിറ്റൗട്ടിന് ഗ്രിൽ സ്ഥാപിക്കുന്നതിനും, ഒന്നാം നിലയിൽ സ്റ്റേജ് നിർമ്മിക്കുന്നതിനും തറ ടൈൽ ഇടുന്നതിനും ഒന്നാം നിലയിലേക്ക് കയറുന്ന സ്റ്റെപ്പിന് വീതി കൂട്ടി ഹാൻഡ് റെയിൽ നിർമ്മിക്കുന്നതിനും മുറ്റം പൂട്ടുകട്ട പാകുന്നതിനുമാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിലും ഓഡിറ്റ് നേരിട്ട് നടത്തിയ ഭൗതിക പരിശോധനയിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ശബരിമല സ്പെഷ്യൽ ഫണ്ട് വിനിയോഗിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾക്കാണ് സർക്കാർ ശബരിമല ഫണ്ട് അനുവദിക്കുന്നത്. തദ്ദേശഭരണ സ്ഥാപനത്തിന്റെ

സെക്രട്ടറിമാർ പ്രസ്തുത ഗ്രാന്റ് ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കുമാത്രമാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കണമെന്നും വകുപ്പ് തലവൻമാർക്ക് ധനവിനിയോഗ സാക്ഷ്യപത്രം നൽകണമെന്നുമുള്ള വ്യവസ്ഥയോടെയാണ് ശബരിമല ഫണ്ട് സർക്കാർ അനുവദിക്കുന്നത്. എന്നാൽ ഓഡിറ്റ് നടത്തിയ പരിശോധനയിൽ ശബരിമല തീർത്ഥാടകർക്ക് നേരിട്ട് പ്രയോജനം സിദ്ധിക്കാത്ത പ്രവൃത്തിയ്ക്കാണ് തുക വകയിരുത്തി ചെലവ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമായിട്ടുണ്ട്. ശബരിമല ഇടത്താവളം എന്ന പേരിൽ പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ താഴത്തെ നിലയിൽ വി.ഇ.ഒ. ഓഫീസും ഒന്നാം നിലയിൽ ഹോമിയോ ആശുപത്രിയുമാണ് പ്രവർത്തിക്കുന്നത്. വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച കെട്ടിടം പ്രധാന തീർത്ഥാടന പാതയിൽനിന്നും ഒഴിഞ്ഞ സ്ഥലത്തായതിനാൽ ഇതുവരെ ശബരിമല തീർത്ഥാടകർ ഉപയോഗിച്ചിട്ടുമില്ല. ഈ വസ്തുതകൾ അധികാരികൾക്കും ബോദ്ധ്യമുള്ള കാര്യമാണ്. തീർത്ഥാടകർക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സർക്കാർ അനുവദിച്ച ഫണ്ട് അധികൃതർ വകമാറ്റി ചെലവഴിക്കുകയാണുണ്ടായത്.

മാത്രവുമല്ല, ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഗുണനിലവാരമില്ലാത്ത മെറ്റീരിയത്സ് ഉപയോഗിച്ചും, വേണ്ടത്ര നിലവാരം പുലർത്താതെയുമാണ് കരാറുകാരൻ പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് വ്യക്തമായിട്ടുണ്ട്. ഉദാഹരണമായി Ceramic glazed floor tiles ആണ് പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളതെങ്കിലും, ഉയർന്ന നിരക്കിലുള്ള rectified Glazed Ceramic floor tiles-ന്റെ നിരക്കാണ് കരാറുകാരന് അനുവദിച്ചു നൽകിയിട്ടുള്ളത്. ഉയർന്ന നിരക്കിലാണ് കരാറുകാരന് പ്രതിഫലം നൽകിയിട്ടുള്ളതെങ്കിലും നിലവിൽ മാർക്കറ്റിൽ ലഭ്യമായ ഏറ്റവും കുറഞ്ഞ വിലയുള്ള ടൈലുകളാണ് കരാറുകാരൻ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളത്. ടൈൽ പാകുന്നതിന് ശരിയായ രീതിയിൽ സിമന്റ് ഗ്രൗട്ട് ഉപയോഗിക്കാത്തതിനാൽ പല ഭാഗങ്ങളിലും ടൈലുകൾ പൊട്ടി ഇളകിയിട്ടുള്ളതായി ഭൗതിക പരിശോധനയിൽ കണ്ടു. എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നടത്തി കരാറുകാരൻ ഫൈനൽ ബിൽ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും കെട്ടിടം വൃത്തിഹീനമായും ഉപയോഗ ശൂന്യമായുമാണ് കാണപ്പെട്ടത്. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ മേൽനോട്ട പിഴവ് പ്രകടമാണ്.

ഈ പ്രവൃത്തിയുടെ നിർവ്വഹണം സംബന്ധിച്ച് വിശദമായ വകുപ്പുതല അന്വേഷണത്തിനും തുടർനടപടികൾക്കും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# 3-18 വൗച്ചറുകളുടെ പരിശോധന – വിവിധ കാരണങ്ങളാൽ തടസ്സപ്പെടുത്തുന്ന ചെലവുകൾ

ചുവടെ ചേർക്കുന്ന ചെലവുകൾ അതിനെതിരെ പറഞ്ഞിട്ടുള്ള കാരണങ്ങളാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ/വിശദീകരണം ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

| ചെക്ക് നം., തീയതി | തുക | ചെലവിന്റെ വിവരം | ചെലവ് തടസ്സപ്പെടുത്തുന്നതിനുള്ള കാരണം |
|---|---|---|---|
| 14615/8.2.19 | 12500 | ശബരിമല ഇടത്താവളവും പരിസരവും 01.01.2019 മുതൽ 05.01.19 വരെ തീയതികളിൽ 5 തൊഴിലാളികൾ ജോലി ചെയ്തതിന് 500 രൂപ നിരക്കിൽ കൂലി നൽകിയത് | മസ്റ്റർ റോൾ ഹാജരാക്കിയിട്ടില്ല. ചെലവ് അനുമതിയില്ല. |
| 179331/16.02.19 | 49655 | ശബരിമല പാതയിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി സാധനങ്ങൾ സപ്ലൈ ചെയ്ത വകയിൽ സിസ ട്രെയ്ഡേഴ്സ് ചിറ്റാർ എന്ന സ്ഥാപനത്തിന് നൽകിയത് | വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും വിനിയോഗ വിവരം രേഖപ്പെടുത്തിയിട്ടില്ല. പ്രോക്യൂർമെന്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. രണ്ട് ക്വട്ടേഷനുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല. |
| 179573/28.03.19 | 32170 | | |
| 26171/21.02.19 | 41977 | പ്രസിഡന്റിന്റെ മുറിയിലും നീലിപിലാവ് കമ്മ്യൂണിറ്റി ഹാളിലും ഇലക്ട്രിഫിക്കേഷൻ | എസ്റ്റിമേറ്റ് തയ്യാറാക്കുകയും, മൂല്യനിർണ്ണയം നടത്തുകയും ചെയ്യാതെയാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പഞ്ചായത്തിന് |

| | | | |
|---|---|---|---|
| | | പ്രവൃത്തികൾ ചെയ്തതിനും പഞ്ചായത്തിലെ വാട്ടർ കൂളർ യു.പി.എസ്. കണക്ഷൻ പമ്പ്സെറ്റ് എന്നിവ ശരിയാക്കിയതിനും ശ്രീ. മോഹനൻ എന്നയാളിനു നൽകിയത് | നടത്താവുന്ന പെറ്റി വർക്കുകളുടെ പരിധി 10000 രൂപ മാത്രമാണ്. പ്രവൃത്തി നടത്തുന്നതിന് പഞ്ചായത്തിന്റെ തീരുമാനമോ, ചെലവിന് മുൻകൂർ അനുമതിയോ ഇല്ല. മുൻകൂർ അനുമതിയില്ലാതെ ചെയ്യാവുന്ന ചെലവിന്റെ പരിധി 7500 രൂപയാണ്. നിലവിലുള്ള എല്ലാ നിയമങ്ങളും/ചട്ടങ്ങളും ലംഘിച്ചാണ് ചെലവ് നടത്തിയിട്ടുള്ളത്. |
| 26573/30.03.19 | 508415 | പദ്ധതി നിർവ്വഹണ ചെലവ് - ടെണ്ടർ പരസ്യം നൽകിയ ഇനത്തിൽ ദേശാഭിമാനി ദിന പത്രത്തിന് നൽകിയത് | പദ്ധതി നിർവ്വഹണ ചെലവിന്റെ പരിധി ലംഘിച്ചുള്ള ചെലവ്. മാർഗ്ഗരേഖ പ്രകാരം പദ്ധതി നിർവ്വഹണ ചെലവിന്റെ പരിധി 450000 രൂപയാണ്. ഇത് വികസന ഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. അനുവദനീയമായതിൽ അധികം തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മുൻവർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പദ്ധതി നിർവ്വഹണ ചിലവിൽ അസാധാരണമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. കണക്ക് ചുവടെ ചേർക്കുന്നു. |
| ആകെ | 644717 | | |

| വർഷം | വകയിരുത്തിയത് | ചെലവ് |
|---|---|---|
| 2012-13 | 200000 | 150000 |
| 2013-14 | 150000 | 149142 |
| 2014-15 | 200000 | 125947 |
| 2015-16 | 200000 | 131165 |
| 2016-17 | 250000 | 123760 |
| 2017-18 | 400000 | 398657 |
| 2018-19 | 450000 | 508415 |

## 3-19 ടി.എസ്.പി. ഫണ്ട് റോഡ് നിർമ്മാണത്തിന് ഉപയോഗിച്ചത് സർക്കാർ ഉത്തരവിന് വിരുദ്ധം

പദ്ധതി നിർവ്വണ മാർഗ്ഗരേഖ പ്രകാരം പട്ടിക വർഗ്ഗ ഉപപദ്ധതി വിഹിതം റോഡ് നിർമ്മാണത്തിന് വകയിരുത്താൻ പാടില്ല. എന്നാൽ പട്ടിക വർഗ ഊരുകൾക്ക് ഉള്ളിൽ 3 മീറ്റർ വീതിയിൽ അധികരിക്കാത്ത നടപ്പാതകളും (foot steps), നടപ്പാലങ്ങളും (foot bridges) നിർമ്മിക്കാവുന്നതാണ് (സ.ഉ.(കൈ.)നം.11/2018/തസ്വഭവ, തീ. 29.01.2018 – ഖ.6.2). സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി റോഡ് നിർമ്മാണത്തിനും, ഐറിഷ് ഓട നിർമ്മാണത്തിനുമായി ഓഡിറ്റ് വർഷം ടി.എസ്.പി. ഫണ്ട് വകയിരുത്തി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ. നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ചെലവിന്റെ വിവരം |
|---|---|---|---|---|---|
| 1 | 98/19 | റ്റി.വി. ജംഗ്ഷൻ അഞ്ചുമുക്ക് റോഡിൽ പാറക്കൽപടി റോഡ് കോൺക്രീറ്റിംഗ് | 99520 | 99520 | 63/05.01.19 |
| 2 | 101/19 | നീലിപിലാവ് പട്ടകവർഗ്ഗസങ്കേതം റോഡ് കോൺക്രീറ്റിംഗ് | 83606 | 83600 | 93/23.03.19 |

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-20 പി.എച്ച്.സി. സബ് സെന്റർ മെയിന്റനൻസ് (76/19) – പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിച്ചു

ചെലവ് – 96088

ട്രഷറി ബിൽ നം. 80/19.03.19

പി.എച്ച്.സി. സബ്സെന്റർ നിർമ്മാണത്തിന് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 5 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ അംഗീകരിച്ച എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 17 ഇനം പ്രവൃത്തികളായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തിയുടെ കരാർ എടുത്ത ശ്രീ. നൗറുദ്ദീൻ പി.ജെ. കെട്ടിടത്തിന്റെ നിലവിലുള്ള മേൽക്കൂര പൊളിച്ചുമാറ്റി അലുമിനിയം ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 5 ഇനം പ്രവൃത്തികൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. കരാറുകാരൻ നടത്തിയിട്ടുള്ള പ്രവൃത്തികളുടെ മൂല്യം 153540 രൂപയാണ് (ഓഡിറ്റ് വർഷം 96088 രൂപയും, അടുത്ത സാമ്പത്തിക വർഷം 57452 രൂപയും ചെലവഴിച്ചു). കെട്ടിടത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുൾപ്പെടെയുള്ള അവശേഷിക്കുന്ന പ്രവൃത്തികൾ ഒന്നും തന്നെ കരാറുകാരൻ പൂർത്തിയാക്കിയിട്ടില്ല. ചുറ്റുമതിൽ നിർമ്മിക്കുന്നതിന് വാനം എടുക്കുന്നതിന് എത്തിയപ്പോൾ സമീപ വസ്തുവിന്റെ ഉടമ അതിർത്തി തർക്കം പറയുകയും വസ്തു അളന്ന് തിട്ടപ്പെടുത്തിയതിനുശേഷം നിർമ്മാണം നടത്തിയാൽ മതി എന്ന് പറഞ്ഞ് നിർമ്മാണം തടഞ്ഞതിനാലുമാണ് പ്രവൃത്തി തുടർന്ന് നടത്തുന്നതിന് സാധിക്കാതിരുന്നതെന്ന് കാണിച്ചുകൊണ്ടുള്ള റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വിഷയം കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയോ നിയമപരമായി അതിർത്തി നിർണ്ണയം നടത്തി പ്രവൃത്തി തുടർന്ന് നടത്തുന്നതിനാവശ്യമായ തുടർനടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥ സ്വീകരിച്ചിട്ടുള്ളതായോ കാണുന്നില്ല. മാത്രവുമല്ല പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയില്ലാതെ പ്രവൃത്തി നിലവിലെ സ്ഥിതിയിൽ ക്ലോസ്സ് ചെയ്ത് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിട്ടുള്ളതായി കാണുന്നു.

പ്രവൃത്തിയുടെ ഭാഗമായി നിലവിലുണ്ടായിരുന്ന മേൽക്കൂര പൊളിച്ചുമാറ്റിയപ്പോൾ ലഭിച്ച ഉപയോഗ യോഗ്യമായ സാധനങ്ങളുടെ സർവ്വേ റിപ്പോർട്ട് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. സർവ്വേ റിപ്പോർട്ട് പ്രകാരം ഇവയുടെ മൂല്യം 2798 രൂപയാണ്. എന്നാൽ ഇവ ലേലം ചെയ്ത് കൈയ്യൊഴിച്ച് തുക പഞ്ചായത്ത് ഫണ്ടിൽ വരവ് ചേർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ പി.എച്ച്.സി.യുടെ അതിർത്തി നിർണ്ണയിക്കുന്നതിനും, തുടർ നടപടികൾക്കുമായി പഞ്ചായത്തിൽ വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും, ലേല നടപടികൾക്കായി സർവ്വേറിപ്പോർട്ട് പഞ്ചായത്തിന് നൽകിയിട്ടുണ്ടെന്നും വിശദീകരിച്ചു. പി.എച്ച്.സി.യുടെ അതിർത്തി നിർണ്ണയിക്കാതെ 5 ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചത് മൂലം പ്രോജക്ടിന് വകയിരുത്തിയ തുകയിൽ 80 ശതമാനം തുകയും ചെലവഴിക്കാനാകാതെ ലാപ്സായി. പഞ്ചായത്തിന്റെ ഫണ്ട് ലാപ്സായതിന് അസി. എഞ്ചിനീയർ ഉത്തരവാദിയാണ്.

## 3-21 പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ ടോയ്‌ലറ്റ് (224/19) – എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ഗുരുതര പിഴവ്

ട്രഷറി ബിൽ നം. 34/16.11.2018 - 478923

പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും 500000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. 2018-19 വർഷം സ്പിൽ ഓവറായാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2017-18 വർഷം ടെണ്ടർ ചെയ്ത ഈ പ്രവൃത്തി കരാറെടുത്ത ശ്രീ നൗറുദ്ദീൻ പി.ജെ. എന്നയാൾ 06.03.18-ൽ പഞ്ചായത്തുമായി കരാറിലേർപ്പെട്ടു. നാല് ശുചിമുറികൾ അടങ്ങിയ ടോയ്‌ലറ്റ് കോംപ്ലക്സ് ഉപയോഗപ്രദമാകുന്ന തരത്തിൽ നിർമ്മാണം പൂർത്തിയാക്കുന്നതിനായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ നിർമ്മാണ വേളയിൽ നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലത്ത് ഉറപ്പായ സ്ഥലം ആവശ്യത്തിന് ഇല്ല എന്ന് മനസ്സിലായതിനെ

തുടർന്ന് നിർമ്മാണം നിർദ്ദിഷ്ട സ്ഥാനത്തുനിന്നും മാറ്റുകയാണുണ്ടായത്. നിർമ്മാണം ഭൂനിരപ്പിൽനിന്ന് ഒഴിവാക്കി തട്ട് തട്ടായ സ്ഥലത്തേക്ക് മാറ്റിയതിന്റെ അടിസ്ഥാനത്തിൽ പില്ലർ, ബീം (Framed Structure) ആയി നിർമ്മാണം നടത്തേണ്ടതായി വരികയും നിലവിലുള്ള എസ്റ്റിമേറ്റിലെ കുറെ ഘടകങ്ങൾ ഒഴിവാക്കി കെട്ടിടത്തിന്റെ സെല്ലാർ ഭാഗം സ്ട്രക്ച്ചർ (Flooring concrete) വരെ നിർമ്മിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് പുതുക്കി പണി നടത്തുകയാണ് ചെയ്തിട്ടുള്ളത്. 5 ലക്ഷം രൂപയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ഉദ്ദേശിച്ച് ആവിഷ്കരിച്ച പ്രോജക്ട് ഇപ്രകാരം ഭാഗീകമായി മാത്രമേ പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടുള്ളൂ.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഗുരുതരമായ പിഴവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാണ്. സ്ഥല പരിശോധന നടത്തി നിർമ്മാണ സ്ഥലത്തിന് അനുയോജ്യമായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്തതിനുശേഷം, നിർമ്മാണം നടത്തുന്നതിന് സ്ഥലം ആവശ്യത്തിന് ഇല്ലെന്ന് നിർമ്മാണത്തിന്റെ മേൽനോട്ടം വഹിക്കുന്ന എഞ്ചിനീയർതന്നെ റിപ്പോർട്ട് നൽകിയത് അംഗീകരിക്കാവുന്നതല്ല. നിർമ്മാണം പൂർത്തിയാക്കി ടോയ്‌ലറ്റ് ഉപയോഗക്ഷമമാക്കുന്നതിന് ഇനിയും ലക്ഷങ്ങൾ ചെലവഴിക്കേണ്ടതായ സ്ഥിതിയാണ് നിലവിലുള്ളത്. സ്ട്രക്ചർ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തിയാക്കുന്നതിന് നികുതികൾ ഉൾപ്പെടെ ആകെ 478923 രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചതിനുശേഷം നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ തുക 2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ വകയിരുത്തി പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയോ നിർവ്വഹണ ചുമതലയുണ്ടായിരുന്ന അസി.എഞ്ചിനീയറോ നടപടി സ്വീകരിച്ചിട്ടില്ല. പൊതു ഖജനാവിൽനിന്നും പദ്ധതിയ്ക്ക് മുടക്കിയ 4.79 ലക്ഷം രൂപ പ്രയോജനരഹിതമായി.

മാത്രവുമല്ല ശബരിമല ഇടത്താവളത്തോടനുബന്ധിച്ച് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽതന്നെ 4 ടോയ്‌ലറ്റ് യൂണിറ്റുകൾ നിഷ്ക്രീയമായി കിടക്കുമ്പോഴാണ് പുതിയ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പുതിയ കെട്ടിട നിർമ്മാണം നിർദ്ദേശിക്കുന്ന അവസരത്തിൽ നിർജീവ ആസ്തിയുണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഉപയോഗപ്പെടുത്താൻ കഴിയുമോയെന്നും പരിശോധിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം അവഗണിച്ചാണ് പഞ്ചായത്ത് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

മേൽ വിവരിച്ച അപാകതകൾ മുൻനിർത്തി പ്രോജക്ടിന് ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർപദ്ധതി ആവിഷ്കരിച്ച് ടോയ്‌ലറ്റ് നിർമ്മാണം പൂർത്തിയാക്കി വിവരം അറിയിക്കുന്ന മുറയ്ക്ക് പരാമർശം തീർപ്പാക്കുന്നതാണ്.

## 3-22 എയ്റോബിക് മാലിന്യ സംസ്കരണത്തിന് അടിസ്ഥാന സൗകര്യം (197/19) – പദ്ധതി ലക്ഷ്യം കണ്ടില്ല

ചെലവ് - 284356 (ചെക്ക് നം.8456533/30.06.18)

പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ മാലിന്യ സംസ്കരണത്തിന് എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തനത് ഫണ്ടിൽനിന്നും 5 ലക്ഷം രൂപ അടങ്കൽ വകയിരുത്തി 2017-18ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. ഉദ്ദേശം 15 മീറ്റർ നീളത്തിലും, 2.90 മീറ്റർ വീതിയിലും ഫോം വർക്ക് ചെയ്ത് ഒരു ഷെഡ് നിർമ്മിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. പ്രവൃത്തിയുടെ കരാറെടുത്ത ശ്രീ പി.ജെ. നൂറുദ്ദീൻ പ്രവൃത്തി ഭാഗീകമായി പൂർത്തിയാക്കി 14.03.18-ൽ 315951 രൂപയുടെ പാർട്ട് ബിൽ സമർപ്പിച്ചു. നികുതികളും, റിടെൻഷൻ തുകയും കിഴിച്ച് ടിയാന് 278668 രൂപ നൽകിയിട്ടുണ്ട് (ആകെ ചെലവ് 284356 രൂ.). പാർട്ട് ബിൽ തുക കൈപ്പറ്റിയ കരാറുകാരൻ തുടർന്ന് പണി നടത്തിയിട്ടില്ല. പ്രവൃത്തി നടത്തുന്നതിന് വീഴ്ചവരുത്തിയ കരാറുകാരനെതിരെ അസി.എഞ്ചിനീയർ നടപടി സ്വീകരിച്ചിട്ടില്ല. മാത്രവുമല്ല പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്നതിനാവശ്യമായ (എയ്റോബിക് ബിന്നുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടെ) തുടർ നടപടികളൊന്നും തന്നെ അധികൃതർ സ്വീകരിച്ചിട്ടില്ല. ഇക്കാരണത്താൽ പദ്ധതിക്ക് നാളിതുവരെ ചെലവഴിച്ച തുക നിഷ്ക്രീയമായി കിടക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തിക്ക് ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-23 അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങൽ - 46 കസേരകൾ കാണ്മാനില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, പ്രോജക്ട് നമ്പർ | അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ തുക,ഫണ്ടിനം | 350000,റോഡിതര സംരക്ഷണ ഗ്രാന്റ് |
| ചെലവഴിച്ച തുക | 350000 |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ |

അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങുന്നതിനായാണ് റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയത്. എന്നാൽ ഫർണിച്ചറുകൾ വാങ്ങുന്നതിനു പകരം 850 വലിയ പ്ലാസ്റ്റിക് കസേരകളാണ് വാങ്ങിയിട്ടുള്ളത്. ഇതിൽ 325 എണ്ണം പഞ്ചായത്തിലെ വിവിധ കമ്മ്യൂണിറ്റി ഹാളുകളിലായാണ് വിതരണം ചെയ്തിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിൽ ഫർണിച്ചർ കൈപ്പറ്റിയ ആളുടെ ഒപ്പ് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പേരും ഉദ്യോഗപ്പേരും രേഖപ്പെടുത്താത്തതിനാൽ ആരാണ് ഫർണിച്ചറുകൾ കൈപ്പറ്റിയിരിക്കുന്നതെന്ന് വ്യക്തമല്ല. പഞ്ചായത്ത് ഓഫീസിനു സമീപമുള്ള ചിറ്റാർ കമ്മ്യൂണിറ്റി ഹാളിൽ ഭൗതിക പരിശോധന നടത്തിയപ്പോൾ വാങ്ങിയ കസേരകൾ അവിടെ കണ്ടെത്താൻ കഴിഞ്ഞില്ല. എന്നാൽ ഇതിനോടു ചേർന്നുള്ള കെട്ടിടമായ ശബരിമല ഇടത്താവളത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ കാര്യാലയത്തോടു ചേർന്നുള്ള മുറിയിൽ 104 കസേരകൾ സൂക്ഷിച്ചിരിക്കുന്നതായി കാണാൻ കഴിഞ്ഞു. ഇത് മേൽ പദ്ധതിയിൽ വാങ്ങിയിട്ടുള്ളതാണെന്നാണ് പഞ്ചായത്ത് ഓഫീസിലെ ജീവനക്കാരിൽ നിന്നും അറിയാൻ കഴിഞ്ഞത്. വിതരണം ചെയ്ത കസേരകളിൽ 46 എണ്ണം ഭൗതിക പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പരിശോധനയിൽ കണ്ടെത്താൻ കഴിയാതിരുന്ന 46 കസേരകളുടെ വിലയായ 18952രൂപ (412x46) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-24 കട്ടിൽ വിതരണ പ്രോജക്ടുകൾ - കട്ടിലുകൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, പ്രോജക്ട് നമ്പർ | 1)കട്ടിൽ വിതരണം – (ജനറൽ),നം.233/2019<br>2)കട്ടിൽ വിതരണം – (എസ്സ്.സി),നം.234/2019 |
| അടങ്കൽ തുക | 495900<br>304500 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ |
| ചെലവ് തുക | ജനറൽ - 494940 (ബിൽ നമ്പർ - 34 തീയതി – 27.03.2019)<br>എസ്സ്.സി.പി - 300000 (ബിൽ നമ്പർ- 36 തീയതി 21.03.2019)<br>4100 (ബിൽ നമ്പർ – 36 തീയതി 21.03.2019) |

ജനറൽ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് വിതരണം ചെയ്യുന്നതിനായി ടെണ്ടർ മുഖേന കോട്ടയ്ക്കൽ ഫർണിച്ചർ, അടൂർ എന്ന സ്ഥാപനത്തിൽ നിന്നും 236 കട്ടിലുകൾ വാങ്ങിയിരുന്നു. എന്നാൽ ഇവയുടെ വിതരണം സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 17 കട്ടിലുകൾ വിതരണം ചെയ്യുവാൻ അവശേഷിക്കുന്നു. എന്നാൽ വിതരണം ചെയ്യാത്ത 18 കട്ടിലുകൾ പഞ്ചായത്ത് ഓഫീസിനോടു ചേർന്നുള്ള കെട്ടിടത്തിൽ കൂട്ടിയിട്ടിരിക്കുന്നതായി ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുവാൻ ആവശ്യമായതിലും അധികം കട്ടിലുകൾ വാങ്ങിയതിന്റെ കാരണം നിർവ്വഹണ ഉദ്യോഗസ്ഥ വ്യക്തമാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.36/06.08.2019) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വിതരണം ചെയ്യുവാൻ അവശേഷിക്കുന്ന കട്ടിലുകളുടെ വിലയായ 61020 (3390x18) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-25 സെക്രട്ടറിയ്ക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന 16 പ്രോജക്ടുകൾ നടപ്പിലാക്കിയില്ല

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന **70.19 ലക്ഷം** രൂപ അടങ്കലുണ്ടായിരുന്ന 16 പ്രോജക്ടുകൾ

നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ. നം. | പ്രോജക്ടിന്റെ പേര് | ഫണ്ടിനം | വകയിരുത്തിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 35/19 | അങ്കണവാടികൾക്ക് വസ്തു വാങ്ങൽ | തനത് ഫണ്ട് | 100000 | താല്പര്യപത്രം ക്ഷണിച്ച് അനുയോജ്യമായ സ്ഥലം കണ്ടെത്താതെ പദ്ധതി ആവിഷ്കരിച്ചു |
| | | | വികസന ഫണ്ട് | 20300 | |
| 2 | 107/19 | അങ്കണവാടിക്ക് വസ്തുവാങ്ങൽ | തനത് ഫണ്ട് | 100000 | - ടി - |
| | | | ജില്ലാപഞ്ചായത്ത് വിഹിതം | 1000000 | |
| 3 | 111/19 | ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് അങ്കണവാടികൾക്ക് വസ്തുവാങ്ങൽ കെട്ടിടം നിർമ്മിക്കൽ | തനത് ഫണ്ട് | 100000 | - ടി - |
| | | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1000000 | |
| 4 | 169/19 | അങ്കണവാടികൾക്ക് പൈപ്പ് കണക്ഷൻ | റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 50000 | പദ്ധതി നടപ്പിലാക്കാതിരുന്നതിനാൽ സർക്കാർ ഗ്രാന്റ് ലാപ്സായി |
| 5 | 173/19 | പഞ്ചായത്തിന്റെ പൊതു ആവശ്യങ്ങൾക്ക് ഭൂമി വാങ്ങൽ | വികസന ഫണ്ട് (ജനറൽ) | 300000 | പദ്ധതി നടപ്പിലാക്കാതിരുന്നതിനാൽ സർക്കാർ ഗ്രാന്റ് ലാപ്സായി |
| 6 | 176/19 | ജൈവ മാലിന്യ സംസ്കരണ കേന്ദ്രത്തിന് സ്ഥലം വാങ്ങൽ | വികസന ഫണ്ട് (ജനറൽ) | 800000 | വികസന ഫണ്ട് 800000 രൂപ ലാപ്സായി |
| | | | സംസ്ഥാനാവിഷ്കൃത ഫണ്ട് | 2000000 | |
| 7 | 228/19 | യൂത്ത് ക്ലബ്ബുകൾക്ക് കായിക മത്സരങ്ങൾക്ക് ഫണ്ട് | തനത് ഫണ്ട് | 100000 | |
| 8 | 238/19 | പത്തരയേക്കർ കോളനി കുടിവെള്ള പദ്ധതി | എസ്.സി.പി. | 87000 | മാർഗ്ഗരേഖ പ്രകാരം എസ്.സി.പി. ഫണ്ട് പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല (non-lapsable & non-divertible). ഫണ്ട് ലാപ്സാക്കി |
| 9 | 246/19 | പുതിയ കുഴൽകിണർ നിർമ്മാണവും അനുബന്ധ സൗകര്യവും | തനത് ഫണ്ട് | 200000 | |
| 10 | 175/19 | ഹരിത സഹായ സ്ഥാപനത്തിന് വിഹിതം | വികസന ഫണ്ട് (ജനറൽ) | 200000 | വികസന ഫണ്ട് ലാപ്സായി |
| 11 | 247/19 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | തനത് ഫണ്ട് | 100000 | |
| 12 | 249/19 | ശബരി മല പാതയിൽ പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | തനത് ഫണ്ട് | 200000 | |
| 13 | 249/19 | ശബരിമല പാതയിൽ പുതിയ | തനത് ഫണ്ട് | 225000 | 27.02.2019-ൽ കൂടിയ കമ്മിറ്റി സെഞ്ചറി |

| | | | | | |
|---|---|---|---|---|---|
| | | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | | | ഇലക്ട്രോണിക്സ് ആന്റ് ഇലക്ട്രിക്കൽസ്, മലപ്പുറം എന്ന സ്ഥാപനത്തിന്റെ 1920/ യൂണിറ്റ് നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച തീരുമാനിച്ചിരുന്നു. |
| 14 | 252/19 | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ | തനത് ഫണ്ട് | 200000 | സദ്ഭരണ നിർവ്വഹണ പദ്ധതി നടപ്പിലാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച |
| 15 | 253/19 | പാമ്പിനി 60-ാം നമ്പർ അങ്കണവാടി വയറിംഗ് | ടി.എസ്.പി. | 36874 | മാർഗ്ഗരേഖ പ്രകാരം ടി.എസ്.പി. ഫണ്ട് പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല (non-lapsable & non-divertible). ഫണ്ട് ലാപ്സാക്കി |
| 16 | 254/19 | ശുചീകരണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യങ്ങളും | തനത് ഫണ്ട് | 200000 | അനിവാര്യ ചുമതലയുടെ നിർവ്വഹണത്തിനായി ആവിഷ്കരിച്ച പദ്ധതി നടപ്പാക്കാത്തതിൽ വീഴ്ച |
| | | ആകെ | | 7019174 | |

വാർഷിക പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാതെ വകയിരുത്തുന്ന സർക്കാർ ഗ്രാന്റ് ലാപ്സാക്കുന്നത് ഗൗരവം അർഹിക്കുന്ന വീഴ്ചയാണ്. ഫണ്ട് ലാപ്സാക്കുക മാത്രമല്ല പദ്ധതികൾ ആവിഷ്കരിക്കുന്നതിലൂടെ ജനങ്ങൾക്കു നൽകിയ വാഗ്ദാനം ലംഘിക്കുകകൂടിയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്തിന്റെ വികസനത്തിന് വിനിയോഗിക്കാമായിരുന്ന സർക്കാർ ഗ്രാന്റ് 1494174 രൂപ ലാപ്സാക്കിയ സെക്രട്ടറിയുടെ നടപടി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-26 ആശ്രയ പദ്ധതി നടത്തിപ്പ് നാമമാത്രം

ആശ്രയയുടെ വിവിധ അക്കൗണ്ടുകളിൽ 31/03/18 ൽ അവശേഷിക്കുന്ന തുകകളുടെ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | ബാങ്ക് / അക്കൗണ്ട് നം. | ബാലൻസ് തുക |
|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക്, (എസ്.റ്റി.ഫണ്ട്) 40318101027439 | 582774 |
| 2 | കേരള ഗ്രാമീൺ ബാങ്ക്, (ജനറൽ ഫണ്ട്) 40318101023840 | 440692 |
| 3 | കേരള ഗ്രാമീൺ ബാങ്ക്, (ആശ്രയ 2 ഫണ്ട്) 40318100101150 | 3008617 |

ടി തുകയിൽ നിന്നും ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്യുന്നതിനുപോലും തുക കൃത്യമായി ചെലവഴിച്ചിട്ടില്ല. അഗതികൾക്ക് ആവശ്യമായ ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസ സഹായം, വസ്ത്രം, വസ്തു വാങ്ങൽ, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം, പെൻഷൻ, കുടിവെള്ളം, തൊഴിൽ പരിശീലനം, പുനരധിവാസം, ഗതാഗതം, വൈദ്യുതി, തുടങ്ങിയ പരിചരണ സേവനങ്ങൾ ഉൾപ്പെടുത്തിയാണ് കർമ്മ പദ്ധതി തയ്യാറാക്കിയതെങ്കിലും 2018-19 വർഷം ഭക്ഷണ വിതരണം ഒഴികെ മറ്റ് സേവനങ്ങൾ ഒന്നുംതന്നെ ഗുണഭോക്താക്കൾക്ക് പ്രദാനം ചെയ്യുന്നതിന് പദ്ധതിയുടെ നിർവ്വഹണ ചുമതലയുള്ള സി.ഡി.എസി-ന് കഴിഞ്ഞിട്ടില്ല. 2613500 രൂപയുടെ കർമ്മ പദ്ധതിയാണ് തയ്യാറാക്കിയത്. ലക്ഷങ്ങൾ വകയിരുത്തി സമഗ്രമായ കർമ്മപദ്ധതി തയ്യാറാക്കിയതിലൂടെ അഗതി കുടുംബങ്ങൾക്ക് നൽകിയ വാഗ്ദാനം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. അഗതി കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിവർത്തിക്കുക എന്നതിലുപരിയായി അവരുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥ ഇല്ലാതാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക എന്നതാണ് ആശ്രയ പദ്ധതിയുടെ ലക്ഷ്യം. ഗ്രാമപഞ്ചായത്തിലെ ആശ്രയപദ്ധതി നടത്തിപ്പ് ഈ ലക്ഷ്യം കൈവരിക്കുന്നതിന് പ്രയതിച്ചില്ല. ആശ്രയയുടെ വിവിധ അക്കൗണ്ടുകളിൽ 31/03/19 ൽ അവശേഷിക്കുന്ന തുകകളുടെ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | ബാങ്ക് / അക്കൗണ്ട് നം. | ബാലൻസ് തുക | തീയതി |
|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് (എസ്. റ്റി ഫണ്ട് ) 40318101027439 | 847063 | 01-08-19 |
| 2 | കേരള ഗ്രാമീൺ ബാങ്ക് (ജനറൽ ഫണ്ട് ) 40318101023840 | 803604 | 01-08-19 |
| 3 | കേരള ഗ്രാമീൺ ബാങ്ക് (ആശ്രയ 2ഫണ്ട്) 40318100101150 | 3151705 | 01-08-19 |

ആശ്രയയുടെ വിവിധ അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുക ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിന് പഞ്ചായത്ത് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

അഗതി രഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങളും അഗതികൾക്ക് ലഭ്യമാക്കേണ്ട പരിചരണ സേവന പാക്കേജിന്റെ വിശദാംശങ്ങളും 12-12-2017ലെ സ.ഉ.(എം.എസ്.)252/2017/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പരിഷ്കരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. ആകെ അടങ്കൽ തുകയുടെ 40% കുടുംബശ്രീ, 35% ഗ്രാമപ്പഞ്ചായത്ത്, 15 % ബ്ളോക്ക് പഞ്ചായത്ത് 10% ജില്ലാ പഞ്ചായത്ത് എന്ന ക്രമത്തിൽ വകയിരുത്തി നടപ്പാക്കേണ്ടതാണ്. എന്നാൽ അഗതി രഹിത കേരളം പദ്ധതിയ്ക്കായി പദ്ധതി ആവിഷ്കരിച്ചതിന്റെയോ നടപടികൾ സ്വീകരിച്ചതിന്റെയോ യാതൊരുവിധ രേഖകളും പഞ്ചായത്തിൽ ലഭ്യമല്ല. അഗതികൾക്ക് ആവശ്യമായ ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസ സഹായം, വസ്ത്രം, വസ്തു വാങ്ങൽ, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം, പെൻഷൻ, കുടിവെള്ളം, തൊഴിൽ പരിശീലനം, പുനരധിവാസം, ഗതാഗതം, വൈദ്യുതി, തുടങ്ങിയ പരിചരണ സേവനങ്ങൾ അഗതി രഹിത കേരളം പദ്ധതിവഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-27 ഇ.എം. എസ് ഭവനപദ്ധതി- നീക്കിയിരുപ്പ് തുക തിരിച്ചടക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു

ഇ.എം. എസ് ഭവനപദ്ധതിക്കായി 10316250 രൂപ വയ്യാറ്റുപുഴ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും വായ്പ എടുത്തിരുന്നു. പദ്ധതി 2017-18 വർഷം പൂർത്തീകരിച്ചിട്ടുള്ളതാണ്. എന്നാൽ പദ്ധതിക്കായി വിനിയോഗിക്കാതെ 116078 രൂപ വയ്യാറ്റുപുഴ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ വി.ഇ.ഒ-യുടേയും, പ്രസിഡന്റിന്റെയും പേരിലുള്ള അക്കൗണ്ടിൽ അവശേഷിക്കുന്നു. 09-04-2019 ലെ നം 15574/ IA1/2018/CRD കത്ത് പ്രകാരം, ഇ.എം.എസ് ഭവനപദ്ധതിക്കായി ആരംഭിച്ചിട്ടുള്ള വി.ഇ.ഒ.യുടെ അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക 2515-00-911-99 ആർ.ഓ. പി. എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടക്കേണ്ടതാണെന്ന് ഗ്രാമ വികസന കമ്മിഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശം പാലിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.32/05.08.2019) മറുപടിയിൽ ഇ.എം.എസ്. ഭവനപദ്ധതി വായ്പ തുകയുടെ പലിശ തിരിച്ചടക്കുവാൻ ബാക്കിയുള്ളതിനാൽ ടി തുക തിരികെ നൽകുവാൻ ബാങ്ക് അധികൃതർ തയ്യാറല്ല എന്ന് വി.ഇ.ഓ വിശദീകരിച്ചു. വായ്പ തുകയുടെ പലിശ സംസ്ഥാനസർക്കാരാണ് നൽകുന്നത്. വായ്പയുടെ പലിശ ലഭിക്കുന്നതിന് ബാങ്ക് അധികൃതർ സർക്കാരിനെയാണ് സമീപിക്കേണ്ടത്. ഇക്കാര്യം ബാങ്ക് അധികൃതരെ ബോദ്ധ്യപ്പെടുത്തി അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചൊടുക്കുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-28 സംയുക്ത പദ്ധതികൾക്കുള്ള അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നു - മാർഗ്ഗരേഖയുടെ ലംഘനം

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ജില്ല/ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നും ലഭിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നതിന് പഞ്ചായത്ത് പെരിനാട് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ 2018-19 വർഷാന്ത്യത്തിൽ 98,10,952 രൂപ ചെലവാകാതെ അവശേഷിച്ചു. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 4-1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് ചെലവഴിക്കാതെ ഇപ്രകാരം അക്കൗണ്ടിൽ നിലനിർത്തിയത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. സംയുക്ത പ്രോജക്ടുകളുടെ വിഭവ വിനിയോഗത്തിന് 23.01.2017-ലെ ജി.ഒ.(പി.)നം.07/2017/ധന. നമ്പർ ഉത്തരവ് പ്രകാരം ധനവകുപ്പ് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന തുക അതേവർഷം ചെലവഴിക്കാൻ കഴിയില്ലെങ്കിൽ ഫെബ്രുവരി 28-നകം തുക നൽകിയ തദ്ദേശഭരണ സ്ഥാപനത്തിന് തിരികെ നൽകണം. സാമ്പത്തിക വർഷാന്ത്യത്തിൽ സംയുക്ത പ്രോജക്ടിന്റെ നിർവ്വഹണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽനിന്നുള്ള ചെലവും, ട്രഷറി തുകയും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതും, അക്കൗണ്ടിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. പൂർത്തിയാക്കാത്ത സംയുക്ത പ്രോജക്ടുകൾക്കുള്ള സ്പിൽഓവർ ബാധ്യത പ്രോജക്ടിന് പങ്കാളിത്തം വഹിക്കുന്ന തദ്ദേശസ്ഥാപനങ്ങൾ തങ്ങൾക്ക് തുടർന്നു വരുന്ന വർഷം ലഭിക്കുന്ന അലോട്ട്മെന്റിൽനിന്നും വകയിരുത്തേണ്ടതുമാണ്. ഭാവിയിൽ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്യുന്നതിനു മുമ്പായി അക്കൗണ്ട് ശൂന്യമാണെന്ന് (zero balance) ട്രഷറി ഓഫീസർമാർ ഉറപ്പുവരുത്തണമെന്നും ടി ഉത്തരവിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു.

മാർഗ്ഗരേഖയുടെ ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-29 പദ്ധതി നിർവ്വഹണത്തിനായി പ്രോജക്ടിൽ പ്രത്യേകം തുക വകയിരുത്തുന്നു

തദ്ദേശ ഭരണ സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള പദ്ധതി ആസൂത്രണ നിർവ്വഹണ മോണിട്ടറിംഗ് ചെലവുകൾ പ്രത്യേകം ഒറ്റ പ്രോജക്ടായി വാർഷിക പദ്ധതിയിൽ ഏറ്റെടുക്കേണ്ടതാണെന്നും ഇതിനു വേണ്ടി പ്രത്യേകമായി പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ലായെന്നും പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിൽ പദ്ധതി നിർവ്വഹണത്തിനായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേരും നമ്പരും | ചെലവഴിച്ച തുക |
|---|---|---|
| 1. | ഇഞ്ചി കൃഷി (റ്റി.എസ്സ്.പി), 57/19 | 400 |
| 2. | പച്ചക്കറി കൃഷി(ജനറൽ), 51/19 | 325 |
| 3. | പച്ചക്കറി കൃഷി(എസ്സ്.സി.പി), 63/19 | 650 |
| 4. | പച്ചക്കറി കൃഷി(റ്റി.എസ്സ്..പി), 63/19 | 650 |
| 5. | സമഗ്ര വാഴകൃഷി (ജനറൽ), 50/19 | 1860 |
| 6. | സമഗ്ര വാഴകൃഷി (എസ്സ്.സി.പി), 58/19 | 800 |
| 7. | സമഗ്ര വാഴകൃഷി (റ്റി.എസ്സ്.പി), 65/19 | 250 |
| 8. | സമഗ്ര തെങ്ങു കൃഷി, 52/19 | 6250 |
| | **ആകെ** | **11185** |

ഓരോ പ്രോജക്ടിലും പ്രത്യേകമായി തുക വകയിരുത്താതെ പദ്ധതി നിർവ്വഹണത്തിനാവശ്യമായി വരുന്ന തുകകൾ, പദ്ധതി ആസൂത്രണ നിർവ്വഹണ മോണിട്ടറിംഗിനായി തയ്യാറാക്കുന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ചെലവഴിക്കേണ്ടതാണ്.

# 3-30 അങ്കണവാടിക്കെട്ടിടങ്ങളുടെ അധിക വാടക പഞ്ചായത്ത് നൽകുന്നില്ല

സർക്കാർ നിർദ്ദേശമുണ്ടായിട്ടും അങ്കണവാടിക്കെട്ടിടങ്ങളുടെ അധിക വാടക നൽകുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 12 അങ്കണവാടികളാണ് പഞ്ചായത്തിലുള്ളത്. ഇവയുടെ വാടക നൽകുന്നതിന് കേന്ദ്രസർക്കാർ നൽകുന്ന പ്രതിമാസ തുക 750 രൂപയാണ്. എന്നാൽ യഥാർത്ഥ വാടകയിനത്തിൽ ഇതിനെക്കാൾ തുക നൽകേണ്ടി വരുന്നു. അധികമായി നൽകേണ്ടിവരുന്ന തുക അങ്കണവാടി വർക്കർമാർ തന്നെയാണ് നൽകുന്നത്.

ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം അധികവാടക നൽകേണ്ടി വരുന്ന അങ്കണവാടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സെന്റർ നമ്പർ | സെന്ററിന്റെ പേര് | യഥാർത്ഥ പ്രതിമാസ വാടക | ലഭിക്കുന്ന തുക | കേണ്ടിനൽ അധികം പ്രതിമാസം വരുന്ന തുക |
|---|---|---|---|---|
| 61 | പന്നിയാർ കോളനി | 850 | 750 | 100 |
| 63 | കുമരം കുന്ന് | 1500 | 750 | 750 |
| 66 | ചിറ്റാർ ചരുപ്പ് | 1500 | 750 | 750 |
| 72 | പുലയൻ പാറ | 1000 | 750 | 250 |
| 73 | വയ്യാറ്റുപുഴ | 1300 | 750 | 550 |
| 74 | നീലിപിലാവ് | 900 | 750 | 150 |
| 79 | വാലേപ്പടി | 750 | 600 | 150 |
| 80 | മീൻകുഴി | 1500 | 750 | 750 |

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടകയിനത്തിൽ കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കുന്ന വാടകയും യഥാർത്ഥ വാടകയും തമ്മിലുള്ള വ്യത്യാസം അതത് തദ്ദേശഭരണ സ്ഥാപനം വഹിക്കേണ്ടതാണെന്ന് 22.03.2011ലെ സർക്കുലർ നം.31055/ഡി.സി.2/2011/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇതു പ്രകാരം വാടക നൽകാൻ നാളിതുവരെ ഗ്രാമപ്പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ടി സർക്കുലറിലെ നിർദ്ദേശം പാലിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-31 വനിതാ ഘടക പദ്ധതി - ഉദ്ദേശ്യം സാക്ഷാത്കരിച്ചില്ല

വനിതകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. വനിതാ ഘടക പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രോജക്ടുകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നിരിക്കെ ഇതിനു വിരുദ്ധമായ രീതിയിലാണ് പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളതും നടപ്പിലാക്കിയതും. 2018-19 വർഷം വകയിരുത്തിയതും നടപ്പിലാക്കിയതുമായ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1. | 51/19, സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി | 645475 | 645475 |
| 2. | 63/19, പച്ചക്കറി കൃഷി(എസ്സ്.സി.പി) | 50000 | 50000 |
| 3. | 69/19, പോത്തുകുട്ടി വിതരണം | 996000 | 78000 |
| 4. | 72/19, ക്ഷീര കർഷകർക്ക് പാലിന്റെ ഉത്പാദനത്തിന് ഇൻസെന്റീവ് | 400000 | 400000 |
| 5. | 89/19,പശു വളർത്തൽ | 600000 | 60000 |
| 6. | 92/19,കാലിത്തീറ്റ വിതരണം | 1485000 | 1441870 |
| 7. | 95/19,കാലിത്തീറ്റ വിതരണം | 396000 | 180880 |
| 8. | 96/19,സമഗ്ര പച്ചക്കറി കൃഷി(റ്റി.എസ്സ്.പി) | 50000 | 50000 |
| 9. | 99/19,ആട് വളർത്തൽ വനിത (റ്റി.എസ്സ്.പി) | 112000 | 112000 |

മേൽപ്പറഞ്ഞ പ്രോജക്ടുകൾ എല്ലാം തന്നെ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്നവയാണ്. ഇത്തരത്തിൽ വനിതകൾക്കും പുരുഷന്മാർക്കും ഒരു പോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തരുതെന്ന് മാർഗ്ഗരേഖ ഖണ്ഡിക 6.3(10)iii ൽ നിഷ്കർഷിച്ചിട്ടുണ്ട്. വനിതകളെ

ഗുണഭോക്താക്കളായി മാത്രം കണ്ടു കൊണ്ട് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഒരു ഉപാധി എന്ന നിലയിലാണ് പഞ്ചായത്ത് വനിതാ ഘടകപദ്ധതിയിൽ പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

ജൻഡർ ബജറ്റിംഗ് നടത്താതെയാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. സ്ത്രീ സമത്വത്തിനു വേണ്ട വിഭവവും വൈഭവവും പ്രവൃത്തിയിൽ വരുന്നുണ്ടോ എന്ന് കൃത്യമായി അവലോകനം ചെയ്യാനുള്ള വ്യക്തമായതും സുതാര്യമായതുമായ മാർഗ്ഗമാണ് ജൻഡർ ബജറ്റിംഗ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും തന്നെ പാലിക്കാതെ വനിതാ ഘടകപദ്ധതി തയ്യാറാക്കിയതിനാൽ പഞ്ചായത്തിന് ഈ മേഖലയിൽ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടുമാത്രം വരും വർഷങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്ത്രീകളുടേയും കുട്ടികളുടേയും വികസനത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പിന്റെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

# 3-32 പൊതു ടാപ്പുകളുടെ വെള്ളക്കരം; പാഴ്ചെലവ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു ആവർത്തന ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിൽ 205 ടാപ്പുകൾക്ക് പ്രതിമാസം 89688 രൂപ നിരക്കിലാണ് വെള്ളക്കരം ഒടുക്കുന്നത്. ഓഡിറ്റ് വർഷം ആകെ 10.76 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവഴിച്ചു.

വെള്ളക്കരം ഒടുക്കുന്നതിന് പഞ്ചായത്ത് വൻതുകയാണ് പ്രതിവർഷം ചെലവഴിക്കുന്നതെങ്കിലും ആയതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് ഒരു തലത്തിലും പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നില്ല. കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനായി 30.05.2009-ൽ സ.ഉ.(സാധാ.)നം.1275/2009/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിട്ടിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതാണ്. ജലവിതരണവും ശുചിത്വവും എന്ന മേഖലയ്ക്കായി രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെയാണ് ഈ പ്രവർത്തനം നടത്തേണ്ടത്. ജല അതോറിട്ടി നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ കൂടി സഹായത്തോടെ സംയുക്ത പരിശോധന നടത്തിയാണ് ടാപ്പുകളുടെ എണ്ണവും അവസ്ഥയും തിട്ടപ്പെടുത്തേണ്ടത്. പരിശോധനയെ തുടർന്ന് ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ തയ്യാറാക്കണം. ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളുവെന്ന് ഉറപ്പുവരുത്തണം.

സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമാണ് വെള്ളക്കരം ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# 3-33 ആശുപത്രിക്ക് മരുന്നു വാങ്ങൽ- മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

2018-19 സാമ്പത്തികവർഷം ഗ്രാമപ്പഞ്ചായത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്നു വാങ്ങുന്നതിനായി സർക്കാർ ഏജൻസികളിൽ പണം മുൻകൂറായി ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | പണം അടവാക്കിയ ഏജൻസി/ സ്ഥാപനം | അടച്ച തുക (രൂപ) | ലഭ്യമായ മരുന്നിന്റെ വില(രൂപ) | ലഭിക്കാൻ ബാക്കിയുള്ളത് (രൂപ) |
|---|---|---|---|---|---|
| 1 | പാലിയേറ്റീവ് കെയർ (പ്രോ.നം.11/19) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 450000 | 73926 | 376074 |
| 2 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് | ഹോംകോ | 100000 | 41862 | 58138 |

| | | | | | |
|---|---|---|---|---|---|
| | വാങ്ങൽ (പ്രോ. നം. 62/19) | | | | |
| | ആകെ | | 550000 | 115788 | 434212 |

മരുന്നുകൾ ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-34 ഹരിത കർമ്മ സേനയ്ക്ക് വിഹിതം നൽകൽ (പ്രോ.നം.174/19) - പദ്ധതി നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കി

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 315000 രൂപ വകയിരുത്തി ഹരിത കർമ്മ സേനയ്ക്ക് വിഹിതം നൽകൽ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ 26 ഹരിത കർമ്മ സേനാംഗങ്ങൾക്ക് യൂണിഫോം നൽകുന്നതിന് വേണ്ടി തുണി വാങ്ങിയ ഇനത്തിൽ 8250 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം പഞ്ചായത്തിലെ ശുചിത്വ പദ്ധതികളുടെ നിർവ്വഹണം നടത്തേണ്ടത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറാണ്. സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ ഈ പദ്ധതി ഏറ്റെടുത്തത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ്.
2. പ്രോക്യൂർമെന്റ് മാന്വൽ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ 5000 രൂപവരെയുള്ള പർച്ചേസുകൾ മാത്രമാണ് ക്വട്ടേഷൻ കൂടാതെ വാങ്ങാവുന്നത്. 5000 മുതൽ 25000 വരെ തുകയ്ക്കുള്ള പർച്ചേസുകൾ ക്വട്ടേഷൻ ക്ഷണിച്ചുവേണം നടത്താൻ. എന്നാൽ ഈ പദ്ധതിയുടെ ഭാഗമായി ന്യൂ പാരഡൈസ്, കോന്നി എന്ന സ്ഥാപനത്തിൽനിന്നും ക്വട്ടേഷൻ ക്ഷണിക്കാതെ നേരിട്ട് 8250 രൂപയ്ക്കുള്ള തുണിത്തരങ്ങൾ വാങ്ങുകയാണ് ചെയ്തിട്ടുള്ളത്.
3. വാങ്ങിയ തുണിത്തരങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും, വിതരണം വിവരം രേഖപ്പെടുത്തിയിട്ടില്ല.
4. ഹരിത കർമ്മ സേനയുടെ പ്രവർത്തനം ആരംഭിക്കുകയോ പ്രോജക്റ്റിൽ വകയിരുത്തിയ തുക ഫലപ്രദമായി വിനിയോഗിക്കുകയോ ചെയ്തിട്ടില്ല. പ്രോജക്റ്റിന് വകയിരുത്തിയിരുന്ന തുകയിൽ മേൽപറഞ്ഞ പ്രകാരം 8250 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പ്രോജക്റ്റിൽ അവശേഷിച്ച തുക വർഷാന്ത്യത്തിൽ ലാപ്സായി. ഹരിത കർമ്മസേനാംഗങ്ങളെ തെരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുള്ളതും, യൂസർ ഫീസ് നിശ്ചയിച്ച് നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം തുടങ്ങാത്തതിനാൽ അടിയന്തിരമായി പ്രവർത്തനം ആരംഭിക്കുന്നതിന് 18.08.2018-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി തീരുമാനിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല.

സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് നാലു വികസന മിഷനുകൾ ഉൾപ്പെടുന്ന നവകേരള കർമ്മ പദ്ധതിയ്ക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ഇതിൽ ശുചിത്വ മാലിന്യ സംസ്കരണം, ജനവിഭവ സംരക്ഷണം, സുസ്ഥിര കൃഷി വികസനം എന്നിവ ഹരിത കേരളം മിഷന്റെ മൂന്ന് ഉപമിഷനുകളാണ്. ഇതിൽ ശുചിത്വ മാലിന്യ സംസ്കരണം തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് [സ.ഉ.(സാധ.)2420/2017/തസ്വഭവ, തീ. 15.07.17]. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ഹരിത കേരള മിഷനും, കർമ്മ സമിതിയും എല്ലാ വാർഡ് മെമ്പർമാരും, യോഗം ചേർന്ന് മാലിന്യ സംസ്കരണത്തിനുള്ള രൂപരേഖ ചർച്ച ചെയ്യണമെന്നും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് അവർ തെരഞ്ഞെടുക്കുന്ന ഹരിതകർമ്മ സേന മുഖേനയായിരിക്കണമെന്നും ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തേയും മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ജൈവമാലിന്യം ഉറവിടത്തിൽതന്നെ പരിപാലിക്കുന്നതിനും, പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഹരിത കേരള മിഷനുമായി സംയോജിപ്പിച്ച് കർമ്മ പരിപാടികൾ തയ്യാറാക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ പഞ്ചായത്തുകളോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്ന കാര്യത്തിൽ തികഞ്ഞ ഉദാസീനതയാണ് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ഹരിത കർമ്മസേനയുടെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ സത്വര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-35 പൗരാവകാശ രേഖ പ്രസിദ്ധീകരണം (27/19) – വിതരണ വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 100000 രൂപ വകയിരുത്തി പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പൗരാവകാശ രേഖയുടെ 1900 കോപ്പി പ്രിന്റ് ചെയ്ത വകയിൽ ശ്രീ. പുന്നൂസ് കെ.പി., കുന്നത്ത് പ്രിന്റേഴ്സ്, ചിറ്റാർ എന്ന സ്ഥാപനത്തിന് 98800 രൂപ നൽകിയിട്ടുണ്ട്. പൗരാവകാശ രേഖയുടെ വൗച്ചർ കോപ്പി സൂക്ഷിച്ചിട്ടില്ല. പ്രിന്റ് ചെയ്ത പൗരാവകാശ രേഖകൾ പഞ്ചായത്തിലെ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും, ആയതിന്റെ കൃത്യമായ വിതരണ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. നിശ്ചിത മാതൃകയിലല്ല സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. 1900 എണ്ണവും പൊതുജനങ്ങൾക്ക് വിതരണം നടത്തിയെന്നാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സ്റ്റോക്കിൽ ചേർത്ത തീയതി, വിതരണം ചെയ്ത തീയതി, കൈപ്പറ്റിയ ആളിന്റെ പേര് മുതലായ വിവരങ്ങൾ ഇല്ല. പൗരാവകാശ രേഖയുടെ ഒരു കോപ്പി പ്രിന്റ് ചെയ്യുന്നതിന് പഞ്ചായത്ത് 52 രൂപയാണ് മുടക്കിയിട്ടുള്ളത്. ആയതിന്റെ സ്റ്റോക്ക്, വിതരണ വിവരങ്ങൾ കൃത്യമായി സൂക്ഷിക്കാതിരുന്നത് ക്രമപ്രകാരമല്ല. അപാകത മുൻനിർത്തി പ്രോജക്ടിന് ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-36 വായനശാലയുടെ പ്രവർത്തനം തൃപ്തികരമല്ല

ഗ്രാമപ്പഞ്ചായത്ത് വായനശാല 1998-99 വർഷം പ്രവർത്തനം ആരംഭിച്ചു. വായനശാലയിൽ നിലവിൽ 56 സജീവ അംഗങ്ങളുണ്ട്. 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത്, വായനശാലയ്ക്ക് 82990 രൂപയുടെ പുസ്തകങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. ടി പുസ്തകങ്ങൾ ഉൾപ്പെടെ ആകെ 1666 പുസ്തകങ്ങൾ വായനശാലയിൽ നിലവിലുണ്ട്. എന്നാൽ പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ അപര്യാപ്തമാണ്. പുസ്തകങ്ങൾ തരം തിരിച്ച് അടുക്കിവെക്കുന്നതിനുള്ള റാക്കുകൾ കുറവായതിനാൽ പുസ്തകങ്ങൾ ക്രമരഹിതമായിട്ടാണ് സൂക്ഷിച്ചിരിക്കുന്നത്. വായനക്കാരുടെ ആവശ്യകതയ്ക്കനുസരിച്ചുള്ള പീരിയോഡിക്കലുകൾ, പൊതു വിജ്ഞാന പുസ്തകങ്ങൾ, കേരള ഗസറ്റ് എന്നിവയുടെ അഭാവം വായനശാലയിലുണ്ട്. നാളിതുവരെ ഗ്രാമപ്പഞ്ചായത്ത് വായനശാലയ്ക്ക് ഗ്രന്ഥശാലാ സംഘത്തിന്റെ അഫിലിയേഷൻ നേടിയെടുത്തിട്ടില്ല. തൻമൂലം വായനശാലയ്ക്ക് ലഭ്യമാകേണ്ടിയിരുന്ന ഗ്രാന്റ് നഷ്ടപ്പെടുകയുണ്ടായി. ഗ്രന്ഥശാലാ സംഘത്തിന്റെ അഫിലിയേഷൻ നേടിയെടുക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വളരെയധികം വിലപിടിപ്പുള്ള പുസ്തകശേഖരമുള്ള ടി ഗ്രന്ഥശാല വികസിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും പഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1100000 | ഭവന നിർമ്മാണം ലൈഫ് പദ്ധതി (ജനറൽ) | 964182 | 135818 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1500000 | ഭവന നിർമ്മാണം ലൈഫ് പദ്ധതി - (ജനറൽ) | 1372918 | 127082 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 578667 | ഭവന നിർമ്മാണം ലൈഫ് പദ്ധതി (S C) | 510000 | 68667 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 500000 | ഭവന നിർമ്മാണം ലൈഫ് പദ്ധതി - (SC) | 160000 | 340000 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 700000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - | 700000 | 0 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി(വനിത) - | 300000 | 0 |
| റാന്നിബ്ലോക്ക് പഞ്ചായത്ത് | 2018-19 | 50000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന | 0 | 50000 |

| | | | | | |
|---|---|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് ധനസഹായം - | | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം - | 0 | 200000 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2018-19 | 50000 | അങ്കണവാടി പോഷകാഹാരം - | 0 | 50000 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2018-19 | 50000 | അങ്കണവാടി പോഷകാഹാരം - | 0 | 50000 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2018-19 | 1000000 | അങ്കണവാടി വസ്തുവാങ്ങൽ | 0 | 1000000 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1000000 | അങ്കണവാടി വസ്തുവാങ്ങൽ | 0 | 1000000 |

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി (1) | പ്രവൃത്തിയുടെ പേര് (2) | മുൻകൂർ നൽകിയ തുക (3) | ചെലവഴിച്ച തുക (4) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (5) |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടി സ്ട്രീറ്റ് മെയിൻ വലിക്കൽ (43/19) | 1125000 | - | 1125000 |
| കെ.എസ്.ഇ.ബി. | പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി സ്ട്രീറ്റ് മെയിൻ വലിക്കൽ (45/19) | 187000 | - | 187000 |
| കെ.എസ്.ഇ.ബി. | പട്ടികവർഗ്ഗ കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി സ്ട്രീറ്റ് മെയിൻ വലിക്കൽ (46/19) | 171614 | - | 171614 |
| വാട്ടർ അതോറിറ്റി | അജന്താലയം പടി മുതൽ മണക്കയം കുമരംകുന്ന് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(171/19) | 240000 | - | 240000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 6252392 രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി | ലഭ്യമല്ല | 6252392 | 0 | 0 | 0 | 6252392 |

•

# 4-5 സ്ഥിര നിക്ഷേപം

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപ്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 മുതൽ 2010-11 വരെ | 3-17 | | | ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയം - മാലിന്യങ്ങൾ കുമിഞ്ഞ് കൂടുന്നു. | ചിറ്റാർ ഗ്രാമപഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള യൂണിറ്റ് 2008-ൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. മാലിന്യ സംസ്കരണത്തിനായി കുഴിയെടുത്ത് വശങ്ങൾ കെട്ടി മുകളിൽ ഇരുമ്പ് വല സ്ഥാപിച്ചാണ് ടി യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിരുന്നത്. മാലിന്യം അധികരിച്ചതിനാൽ കാലക്രമേണ ടി യൂണിറ്റിന്റെ ടാങ്ക് നിറയുകയും മാലിന്യ സംസ്കരണത്തിന് ശേഷമുള്ള അവശിഷ്ടങ്ങൾ വെളിയിലേക്ക് വ്യാപിക്കുകയും ഉണ്ടായി. ആയത് വൃത്തിയാക്കുന്നതിനും അറ്റകുറ്റപ്പണിക്കുമാണ് തുടർ വർഷങ്ങളിൽ തുക വകയിരുത്തി പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത്. 5 വർഷക്കാലം മാലിന്യം തൃപ്തികരമായ രീതിയിൽ സംസ്കരണം നടത്തിയിരുന്നു. എന്നാൽ വർദ്ധിച്ച തോതിലുള്ള മാലിന്യം യൂണിറ്റിലേക്ക് എത്തിച്ച് സംസ്കരണം നടത്തിയതിനാൽ ടി യൂണിറ്റ് കാലക്രമേണ തകരാറിലായി |

| | | | | | |
|---|---|---|---|---|---|
| | | | | | നശിക്കുകയാണുണ്ടായത്. ആയതിന് ശേഷം കരാർ അടിസ്ഥാനത്തിൽ മാലിന്യം ശേഖരിച്ച സംസ്കരിച്ച വരുന്നു. 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുമ്പൂർമൂഴി മോഡൽ പ്ലാന്റ് നിലവിൽ സ്ഥാപിക്കുന്നതിന് അടിസ്ഥാന സൗകര്യമൊരുക്കുകയും<br>ഐ ആർ ടി സി മുണ്ടൂർ പാലക്കാട് എന്ന സ്ഥാപനവുമായി എഗ്രിമെന്റിൽ ഏർപ്പെട്ട് പ്രവർത്തന സജ്ജമാക്കിയിട്ടുമുണ്ട്. ഹരിത കർമ്മ സേന രൂപീകരിച്ച് വീടുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച നിർമ്മാർജ്ജനം ചെയ്യുന്നു. മാലിന്യ സംസ്കരണ കേന്ദ്രം സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് 2018-19 വാർഷിക പദ്ധതിയിൽ തുക<br>വകയിരുത്തിയിട്ടുമുള്ളതാണ്. ഈ വിഷയം ഇപ്പോൾ നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2007-08 മുതൽ 2010-11 വരെ | 3-17 | 2014-15 | 4.15 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിട നിർമ്മാണത്തിൽ മാത്രമൊതുങ്ങുന്നു. | 2007-08 വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതിക്കായി 47400 രൂപ മുടക്കി 10 തയ്യൽ മെഷീനുകൾ വാങ്ങി 11 വനിതകളുള്ള ഒരു പട്ടിക ജാതി ഗ്രൂപ്പിന് 08.08.2008 ൽ കൈമാറിയിരുന്നു. ടി. യൂണിറ്റ് 2010 വരെ പ്രവർത്തിച്ചിരുന്നു. എന്നാൽ 2010 ൽ പ്രവർത്തനം അവസാനിപ്പിക്കുകയും എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം പ്രവർത്തനം അവസാനിപ്പിച്ചപ്പോൾ ടി യൂണിറ്റുകൾ പഞ്ചായത്തിനെ തിരികെ ഏൽപിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് മറ്റൊരു ഗ്രൂപ്പിനെ കണ്ടെത്തി യൂണിറ്റിനെ ഏൽപിക്കാൻ ശ്രമിച്ചെങ്കിലും പ്രവർത്തനം ലാഭകരമല്ല എന്ന കാരണത്താൽ ആരും മുന്നോട്ട് വന്നില്ല. ആയതിനാൽ ടി മെഷീനുകൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ തന്നെ സൂക്ഷിക്കുകയാണുണ്ടായത്. വളരെക്കാലം ഉപയോഗിക്കാതിരുന്നതിനാൽ ടി മെഷീനുകൾ തുരുമ്പെടുത്ത് പ്രവർത്തനരഹിതമായ അവസ്ഥയിലാണ് നിലവിൽ ഉള്ളത്. ഈ വിഷയം ഇപ്പോൾ നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2007-08 മുതൽ 2010-11 വരെ | 3-17 | 2014-15 | 4-16 | അടഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾ | ചിറ്റാർ ഗ്രാമപഞ്ചായത്തിൽ ശബരിമല തീർത്ഥാടകർക്ക് വേണ്ടി പണി കഴിപ്പിച്ചിട്ടുള്ള ഇടത്താവളം പുനരുദ്ധാരണം നടത്തുകയും ശബരിമല തീർത്ഥാടന സമയത്ത് എത്തുന്ന അയ്യപ്പ ഭക്തർക്ക് വേണ്ടി സജ്ജമാക്കുകയും കുടിവെള്ളം, വെളിച്ചം, ടോയ്‌ലറ്റ്, വിരി മുതലായവ ലഭ്യമാക്കുകയും ചെയ്തുവരുന്നു. കൂടാതെ തീർത്ഥാടന കാലം കഴിയുമ്പോൾ ടി കെട്ടിടം പഞ്ചായത്തിന്റെ വിവിധ മീറ്റിംഗുകൾക്ക് ഉപയോഗിച്ച് വരുന്നു. പരിസരത്തെ കാടുകൾ വെട്ടിത്തെളിച്ചും വൃത്തിയായും സൂക്ഷിച്ചു വരുന്നു. ഈ വിഷയം ഇപ്പോൾ നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2007-08 മുതൽ | | | | 4.1.15 | ചിറ്റാർ ഗ്രാമപഞ്ചായത്തിൽ 2004-05 വർഷത്തിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിൽ |

| | | | | | | |
|---|---|---|---|---|---|---|
| 2010-11 വരെ | | | | | | നടപടിക്രമങ്ങൾ പാലിക്കാത്തതും അഴിമതി ആരോപണങ്ങളുമായും ബന്ധപ്പെട്ട് 2005ൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി 2005ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വൗച്ചറുകൾ, കമ്മിറ്റി മിനിട്ട്സ് എന്നിവ പരിശോധനയ്ക്കായി കൈപ്പറ്റുകയുണ്ടായി. വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ കമ്പ്യൂട്ടറുകൾ ഉപയോഗത്തിന് നൽകാതെ സുരക്ഷിതമായി സൂക്ഷിക്കുകയാണുണ്ടായത്. കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്നതിന് വിജിലൻസിന്റെ അനുമതിക്കായി വിജിലൻസ് പോലീസ് ഇൻസ്പെക്ടർക്ക് 18.05.2016-ൽ കത്ത് നൽകിയിട്ടുണ്ട്. ആയതിന് മറുപടി ലഭിക്കാത്തതിനാൽ 18.06.2018ൽ ഒരു കത്ത് കൂടി നൽകിയിട്ടുണ്ട്. നിലവിൽ ടി കമ്പ്യൂട്ടറുകൾ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണ് ഉള്ളത്. ഈ വിഷയം ഇപ്പോൾ നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 94504692 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 72502184 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 7868 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 342332 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3960905 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-10 | 7868 | | ശ്രീമതി. അനിതാ കുമാരി എം. ടി, അസി.എഞ്ചിനീയർ |
| 3-1 | | 323380 | ശ്രീ. ഡി. ബാലചന്ദ്രൻ, സെക്രട്ടറി |
| 3-23 | | 18952 | ശ്രീമതി. വിജയകുമാരി, ICDS സൂപ്പർവൈസർ |
| ആകെ | 7868 | 342332 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 768620 | ശ്രീ. ഡി ബാലചന്ദ്രൻ, സെക്രട്ടറി |
| 3-3 | 23760 | ,, |
| 3-5 | 22500 | ,, |
| 3-6 | 187000 | ,, |
| 3-8 | 55000 | ,, |
| 3-12(2) | 403200 | ശ്രീ. ദീപേഷ് പി റ്റി, അസി.സെക്രട്ടറി |
| 3-12(3) | 67000 | ,, |
| 3-12(4) | 66409 | ,, |
| 3-15 | 49600 | ശ്രീ. ഡി. ബാലചന്ദ്രൻ, സെക്രട്ടറി |
| 3-16 | 750000 | ,, |
| 3-18 | 644717 | ശ്രീമതി. അനിതാ കുമാരി എം ടി, അസി.എഞ്ചിനീയർ |
| 3-21 | 478923 | ,, |
| 3-22 | 284356 | ,, |
| 3-24 | 61020 | ശ്രീമതി. വിജയകുമാരി ICDS സൂപ്പർവൈസർ |
| 3-35 | 98800 | ശ്രീ. ഡി. ബാലചന്ദ്രൻ, സെക്രട്ടറി |
| ആകെ | 3960905 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നം: | തുക |
|---|---|
| 2-10 | 1204(ജി.എസ്.ടി) |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

| | |
|---|---|
| ഖണ്ഡിക നമ്പർ | 3-9, 3-16, 3-17 |

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഡി. ബാലചന്ദ്രൻ | സെക്രട്ടറി | ആനന്ദവിലാസം, ഐരക്കുഴി പി ഒ, ചിതറ, തിരുവനന്തപുരം |
| ശ്രീമതി. അനിതാ കുമാരി എം. ടി. | അസി.എഞ്ചിനീയർ | സൗപർണ്ണിക, ആനന്ദപ്പള്ളി പി ഒ അടൂർ പത്തനംതിട്ട |
| ശ്രീമതി. വിജയകുമാരി | ICDS സൂപ്പർവൈസർ | ദേവിമംഗലം, എസ്.എൻ.പുരം പനവൂർപി. ഒ. നെടുമങ്ങാട് തിരുവനന്തപുരം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | നം.എൽ.എഫ്.പി.റ്റി.എ.പി.3/8/2000 തീയതി 06.07.2000 | 3 |
| 1997-98 | നം.എൽ.എഫ്.പി.റ്റി.എ.പി.4/974/04/07 തീയതി 13.06.08 | 2 |
| 1998-99 | നം.എൽ.എഫ്.പി.റ്റി.എ.പി.3/975/07 തീയതി 13.06.08 | 2 |
| 1999-00 (വരവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.3/976/07 തീയതി 10.07.08 | 1 |
| 1999-00 (ചെലവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.3/37/02 തീയതി 31.05.02 | 16 |
| 2000-01 (വരവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.4/977/07 തീയതി 10.07.08 | 1 |
| 2000-01 (ചെലവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.4/384/03 തീയതി 16.12.03 | 7 |
| 2001-02 (ഡി.സി.ബി.) | നംഎൽ.എഫ്.പി.റ്റി.എ.പി.4/978/07 തീയതി 10.07.08 | 5 |
| 2001-02 (ജ.ആ.) | നംഎൽ.എഫ്.പി.റ്റി.എ.പി.4/523/04 തീയതി 06.01.05 | 8 |
| 2001-02 (ചെലവ്) | നംഎൽ.എഫ്.പി.റ്റി.എ.പി.4/576/06 തീയതി 15.10.06 | 5 |
| 2002-03 | നം.എൽ.എഫ്.പി.റ്റി.എ.പി.4/113/08 തീയതി 4.11.08 | 13 |
| 2003-04 | നം.എൽ.എഫ്.പി.റ്റി.എ.പി.5/705/08 തീയതി 12.05.09 | 26 |
| 2004-05 | നം.എൽ.എഫ്.പി.റ്റി.എ.പി.5/744/08 തീയതി 31.07.09 | 31 |
| 2005-06 | നം.എൽ.എഫ്.പി.റ്റി.എ.പി.8/840/11 തീയതി 7.12.11 | 12 |
| 2006-07 | നം.എൽ.എഫ്.പി.റ്റി.എ.പി.8/841/11 തീയതി 7.12.11 | 7 |
| 2007-08 മുതൽ 2010-11 വരെ | നം.എൽ.എഫ്.പി.റ്റി.എ.പി.6/420/11 തീയതി 12.03.13 | 19 |

| | | |
|---|---|---|
| 2011-12 മുതൽ 2012-13 വരെ | നം.എൽ.എഫ്.പി.റ്റി.എ. പി.6/779/14 തീയതി 20.11.14 | 13 |
| 2013-14 മുതൽ 2014-15 വരെ | നം.കെ.എസ്.എ.പി.റ്റി.എ.പി12/183/2016 തീയതി 23-03-2016 | 10 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി12/1284A/2016 തീയതി 03.12.2016 | 25 |
| 2016-17 | നം.കെ.എസ്.എ.പി.റ്റി.എ.പി3/1094/2017 തീയതി 10.10.2017 | 40 |
| 2017-18 | നം.കെ.എസ്.എ.പി.റ്റി.എ.പി13/133/2019 തീയതി 06.03.2019 | 43 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം. കെ.എസ്.എ.പി.റ്റി.എ.പി13/731/19 തീയതി: 16.09.2019

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ **ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ** 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളിൽ ഖ.1-11 ഒഴികെ എന്റെ അഭിപ്രായത്തിൽ **ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ** 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## <u>AUDIT CERTIFICATE</u>

No.KSA-PTA.P13/731/19 Dated: 16.09.2019

Certified that I have Audited the Annual Financial Statement of **Chittar Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Chittar Grama Panchayat** for the year 2018-19 except the observations in para 1-11 of my audit report properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Pathanamthitta